/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2024 ജൂൺ ▪ പുസ്തകം 10 ▪ ലക്കം 11

ലോക കേരളസഭ പതിപ്പ്



# പ്രവാസത്തിന്റെ നിറഭേദങ്ങൾ

SAMAKALIKA JANAPADAM MONTHLY

# അറിവിന്റെ ആധികാരികത



ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

## ഇപ്പോൾ കൂടുതൽ മിഴിവോടെ

## സമകാലിക ജനപഥം

വാർഷിക വരിസംഖ്യ
**120 രൂപ**
ഒറ്റപ്രതി
**12 രൂപ**

### വരിക്കാരാകാൻ

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം. താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കാം.

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2024 ജൂൺ 1 ● പുസ്തകം 10 ● ലക്കം 11

എഡിറ്റർ ടി വി സുഭാഷ് ഐ എ എസ് **അഡീഷണൽ എഡിറ്റർ** സലിൻ മാങ്കുഴി
**ഡെപ്യൂട്ടി എഡിറ്റർ** കെ പി സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** പ്രഭാത് നായർ **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്ങ്** വിനിത വി എസ്

എഡിറ്റോറിയൽ>>

# പ്രവാസത്തിന്റെ നിറഭേദങ്ങൾ



പ്രവാസികളിലൂടെ ലോകത്തോളം വളർന്നിരിക്കുകയാണ് കേരളം. മലയാളി ചെന്നെത്താത്ത നാടുകളില്ലെന്നുതന്നെ പറയാം. അവിടങ്ങളിലെല്ലാം അധ്വാനത്തിലൂടെ ജീവിതം കെട്ടിപ്പടുക്കുമ്പോഴും ജന്മനാടിനോടുള്ള വേരുകൾ മുറിയാത്ത ആത്മബന്ധമാണ് മലയാളി പ്രവാസം. ആ സ്നേഹവായ്പ് ഊട്ടിയുറപ്പിക്കുന്നതിനും പ്രവാസിസമൂഹത്തിന്റെ കരുത്ത് കൊച്ചുകേരളത്തിന്റെ വികസനത്തിന് ക്രിയാത്മകമായി പ്രയോജനപ്പെടുത്തുന്നതിനുമുള്ള ഒരു കൂട്ടായ്മയായി ലോക കേരള സഭ ഇതിനകം മാറിക്കഴിഞ്ഞു.

നാലാമത് ലോക കേരള സഭയ്ക്ക് തലസ്ഥാനം ആതിഥ്യമേകുമ്പോൾ പ്രവാസത്തിന്റെ വ്യത്യസ്ത തലങ്ങളിലേക്കാണ് സമകാലിക ജനപഥം ശ്രദ്ധ ക്ഷണിക്കുന്നത്. മലയാളി പ്രവാസത്തെക്കുറിച്ച് പറയുമ്പോൾ അതിലെ സ്ത്രീസമൂഹത്തെ കണക്കിലെടുക്കാതിരിക്കാനാവില്ല. തൊഴിലിനായും പഠനത്തിനായും പങ്കാളിക്കൊപ്പവും അന്യനാട്ടിലെത്തുന്ന സ്ത്രീകളുടെ അനുഭവലോകങ്ങൾ പങ്കിടുന്നത് വായിക്കാം. പുതിയ കാലം ഗൗരവമായി ചർച്ച ചെയ്യുന്ന വിദ്യാർഥി കുടിയേറ്റം സംബന്ധിച്ച ലേഖനങ്ങൾ, ആടുജീവിതത്തിലൂടെ പ്രവാസജീവിതത്തിന്റെ ദുരിതക്കാഴ്ചകളെ പകർത്തിയ സംവിധായകൻ ബ്ളെസ്സിയുമായുള്ള അഭിമുഖം എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.

**ടി.വി. സുഭാഷ് ഐ എ എസ്**
എഡിറ്റർ

2024 JUNE 1 VOLUME 10 ISSUE 11 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

*പ്രതികരണങ്ങൾ അയയ്ക്കേണ്ട വിലാസം*
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

*വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ*
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്,
എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില, സെക്രട്ടേറിയറ്റ്
അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

*ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും*



6 പുറംലോകത്തെയും കേരളത്തെയും ഒരുമിപ്പിക്കുന്നവർ
പിണറായി വിജയൻ

8 പുതിയ ചുവട് അന്തർദേശീയ നിലവാരത്തിലേക്ക്
ഡോ. ആർ ബിന്ദു

12 മാറുന്ന ലോകത്തിൽ സുരക്ഷിത കുടിയേറ്റം
അജിത് കോളശ്ശേരി

16 പ്രവാസവും പുനരധിവാസവും
കെ വിജയകുമാർ

20 കുടിയേറുന്ന വിദ്യാർഥികൾ പ്രതിസന്ധികളും സാധ്യതകളും
ഷബ്നം ടി.പി

23 കുടിയേറ്റത്തിന്റെ കാണാപ്പുറങ്ങൾ
അശ്വതി റെബേക്ക അശോക്
ഡോ. അശ്വിൻ ജി എസ്

26 അതിജീവനത്തിന്റെ ആടുജീവിതം
ബ്ലെസി / രമ്യ എ.റ്റി

30 മുംബൈ മലയാളി യാന്ത്രികതയിൽ തുടരുന്ന ജീവിതം
മോഹൻ കാക്കനാടൻ

32 മരവും പ്രവാസി
മനുഷ്യനും പ്രവാസി
ആർ പ്രസന്നൻ

35 അടയാളപ്പെടുത്താത്ത
ചരിത്രങ്ങൾ
വി മുസഫർ അഹമ്മദ്

38 പ്രവാസത്തിലെ
അക്ഷരച്ചിറകുകൾ
ഡോണ മയൂര

40 പെൺപ്രവാസം
പറയുന്നത്
അഞ്ജലി ബി വിമൽ

47 അമേരിക്കയെന്ന
മലയാളി സ്വപ്നഭൂമിയിൽ
ലിഷാർ ടി പി

50 ഏഴാം കടലിനക്കരെ
ഡോ. അപർണ ആർ



# പുറംലോകത്തെയും കേരളത്തെയും ഒരുമിപ്പിക്കുന്നവർ



പ്രവാസിസഹോദരരിൽ തൊഴിൽദാതാക്കൾ, സംരംഭകർ, ഭരണസാരഥ്യത്തിൽ പങ്കുള്ളവർ, പ്രൊഫഷണൽ വൈദഗ്ധ്യം കൊണ്ട് ആ നാടുകളുടെ വികസനം ത്വരിതപ്പെടുത്തുന്നവർ എന്നിവരുണ്ട്. ഇവരിൽ പലരും അതതു നാടുകളിൽ ആദരം നേടിയവരാണ്. നമ്മുടെ നാട്ടിലെ നിയമ-നയരൂപീകരണത്തിലും വികസന ആസൂത്രണത്തിലുമൊക്കെ വലിയ സംഭാവനകൾ നൽകാൻ കഴിയുന്നവരാണ് ഇവരിൽ വലിയൊരു വിഭാഗം. എന്നാൽ, വിപുലമായ ആ സ്രോതസ്സ് ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ നമുക്കായിരുന്നില്ല. അതിനു വഴിതുറക്കുന്നതുകൂടിയാണ് ലോക കേരള സഭയും അതിന്റെ തുടർച്ചയായ പ്രവർത്തനങ്ങളും. ലോകമലയാളികളുടെ ഈ കൂട്ടായ്മയിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പൊതുസമ്മതമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അനുഭാവപൂർവമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും ലോക കേരള സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ലോകം അവസരങ്ങളുടെ ഒരു തുറസ്സാണ്. പുറംലോകത്തിന്റെ സാധ്യതകൾ ഉപയോഗിക്കാൻ കേരളത്തെ സഹായിക്കുന്ന മാധ്യമമായി വർത്തിക്കുകയാണ് പ്രവാസിലോകം ചെയ്യുന്നത്. പ്രവാസികളോടുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നതിനോടൊപ്പം പ്രവാസത്തിന്റെ സാധ്യതകൾ ഉപയോഗിക്കാനും ബോധപൂർവമായ പരിശ്രമം ആവശ്യമാണ്. സുപ്രധാനമായ ഈ രണ്ടു ദൗത്യങ്ങളും ഏറ്റെടുക്കാൻ കഴിയുന്ന തരത്തിലാണ് ലോക കേരള സഭയുടെ നടപടിക്രമങ്ങൾ വിഭാവനം ചെയ്യുന്നത്. പ്രവാസിലോകത്തിന്റെ പ്രധാനവിഷയങ്ങൾ ഓരോന്നും സംബന്ധിച്ച് ആഴത്തിലുള്ള ചർച്ചയും ഉറച്ച തീരുമാനങ്ങളുമായാണ് സഭ മുന്നോട്ടുപോകുന്നത്.



ലോക കേരള സഭയുടെ നാലാം സമ്മേളനത്തിൽ 103 രാജ്യങ്ങളിൽ നിന്നും 25 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രവാസി പ്രതിനിധികൾ പങ്കെടുക്കും.

പ്രവാസികളായ 182 അംഗങ്ങളും 200 ഓളം പ്രത്യേക ക്ഷണിതാക്കളും ഇത്തവണ സഭയിൽ പങ്കെടുക്കും.

## നാലാം സഭയിലെ ചർച്ചാ വിഷയങ്ങൾ

1. എമിഗ്രേഷൻ കരട് ബിൽ 2021
2. വിദേശ റിക്രൂട്ട്മെന്റ് പ്രോഗ്രാമുകൾ
3. സുസ്ഥിര പുനരധിവാസം നൂതന ആശയങ്ങൾ
4. കുടിയേറ്റത്തിലെ ദുർബലകണ്ണികളും സുരക്ഷയും
5. നവ തൊഴിൽ അവസരങ്ങളും നൈപുണ്യ വികസനവും പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ
6. കേരള വികസനം നവമാതൃകകൾ
7. വിദേശ രാജ്യങ്ങളിലെ മാറുന്ന തൊഴിൽ-കുടിയേറ്റ നിയമങ്ങളും മലയാളി പ്രവാസവും
8. വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനവും പ്രവാസികളും

## മേഖലാ വിഷയങ്ങൾ

1. ഗൾഫ്
2. ഏഷ്യ - പസഫിക്
3. യൂറോപ്പ് & യുകെ
4. അമേരിക്ക
5. ആഫ്രിക്ക
6. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ
7. തിരികെ എത്തിയ പ്രവാസികൾ

## അനുബന്ധ പരിപാടികൾ

1.ലോക കേരളം ഓൺലൈൻ പോർട്ടൽ.

2.കേരള മൈഗ്രേഷൻ സർവേ ഔദ്യോഗിക ലോഞ്ച് & സെമിനാർ

ഡോ. ആർ ബിന്ദു
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി

ലോകമെമ്പാടും നാലുവർഷ ബിരുദമാണ് സർവകലാശാലകൾ നടത്തുന്നത്. ആ നിലവാരത്തിലേക്ക് കേരളവും പ്രവേശിക്കുകയാണ്. നമ്മുടെ സർവകലാശാലകളിൽനിന്നു നേടുന്ന ബിരുദം ലോകമെങ്ങും അംഗീകരിക്കപ്പെടുന്ന നില കൊണ്ടുവരാൻ കൂടിയാണ് പുതിയ സംവിധാനം

# പുതിയ ചുവട് അന്തർദേശീയ നിലവാരത്തിലേക്ക്





നവകേരള സൃഷ്ടിയുടെ ഭാഗമായി കേരള സർക്കാർ ഏറ്റെടുത്തിരിക്കുന്ന ഒരു സുപ്രധാനമായ ഉത്തരവാദിത്വമാണ് കേരളീയസമൂഹത്തെ നവ വൈജ്ഞാനികസമൂഹമാക്കി പരിവർത്തിപ്പിക്കുകയെന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികളുടെയും അവകാശമാക്കി നാം സാക്ഷാത്കരിച്ച മാറ്റങ്ങൾ കേരളത്തിന്റെ പ്രാഥമികവിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കിയ ഗുണനിലവാര വർധനവും പശ്ചാ ത്തല സൗകര്യവികസനങ്ങളിലെ മികവും ലോകത്തിന്റെ തന്നെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയിരുന്നു. ഇതിന് സ്വാഭാവിക തുടർച്ചയായാണ് പുത്തൻ വൈജ്ഞാനിക സമൂഹസൃഷ്ടിയെ മുന്നിൽനിന്ന് നയിക്കേണ്ടവരെന്ന നിലയിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരുന്ന കാതലായ മാറ്റങ്ങൾ. ക്യാമ്പസുകളുടെ മതിൽക്കെട്ടുകൾക്ക് പുറത്തെ സമൂഹത്തിനുകൂടി ഗുണപരമായി ഫലം ചെയ്യുന്ന ഇടപെടൽശേഷി നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഉണ്ടാക്കിക്കൊണ്ടാണ് ഈ മാറ്റങ്ങൾ. കലാലയങ്ങളിൽ ഉൽപാദിപ്പിക്കുന്ന സവിശേഷമായ അറിവുകൾ കേരളീയ സമൂഹം അഭിമുഖീകരിക്കുന്ന നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരത്തിനും കൂടി ഉപയോഗപ്പെടുത്തണമെന്നതാണിതിലെ കാഴ്ചപ്പാട്. ജനപക്ഷ വൈജ്ഞാനിക സമൂഹം (പീപ്പിൾ ഓറിയന്റഡ്നോളജ് സൊസൈറ്റി) ആയി കേരളീയ സമൂഹത്തെ വാർത്തെടുക്കുകയാണ് നാം ഇതുവഴി.







ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് ഒന്നാം പരിഗണന കൊടുത്ത് നാം നടത്തുന്ന പ്രവർത്തനങ്ങൾ ഇതിനകം തന്നെ വലിയ മാറ്റങ്ങൾ കോളേജുകളിലും സർവകലാശാലകളിലും സൃഷ്ടിച്ചിട്ടുണ്ട്. ദേശീയതലത്തിലുള്ള ഗുണനിലവാര പരിശോധനകളുടെ ഫലങ്ങളിൽ ഇവ വ്യക്തമാണ്. നാക് അക്രെഡിറ്റേഷനിൽ എ ഡബിൾ പ്ലസും എ പ്ലസും എ ഗ്രേഡും നേടി നമ്മുടെ സർവകലാശാലകളും കലാലയങ്ങളും അവയുടെ ജൈത്രയാത്രകൾക്ക് തുടക്കമിട്ടുകഴിഞ്ഞു. നാക് അക്രെഡിറ്റേഷനിൽ കേരള സർവകലാശാലയും മഹാത്മാഗാന്ധി സർവകലാശാലയും എ ഡബിൾ പ്ലസും, കാലിക്കറ്റ്, കാലടി, കുസാറ്റ് സർവകലാശാലകൾ എ പ്ലസും നേടിയതും, സംസ്ഥാനത്തെ ഇരുപതോളം കലാലയങ്ങൾ എ ഡബിൾ പ്ലസ് നേടിയതും ഉദാഹരണങ്ങളാണ്. 31 കലാലയങ്ങൾ ഇതിനകം എ ഡബിൾ പ്ലസ് നേടിയിരിക്കുന്നു; 53 കലാലയങ്ങൾ എ പ്ലസും . എൻഐആർഎഫ് റാങ്കിങ്ങിൽ ആദ്യ ഇരുന്നൂറ് സ്ഥാനങ്ങളിൽ കേരളത്തിലെ 42 കോളേജുകൾ ഉൾപ്പെട്ടിരിക്കുന്നു! രാജ്യത്തെ ഏറ്റവും മികവാർന്ന കോളേജുകളിൽ 21 ശതമാനം കേരളത്തിൽ നിന്നുള്ളതാണ് എന്ന അഭിമാനകരമായ നേട്ടമാണിത്. ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രാപ്യതയുടെയും ലഭ്യതയുടെയും കാര്യത്തിൽ ഇപ്പോൾത്തന്നെ വലിയ മുന്നേറ്റം കേരളം സൃഷ്ടിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ കോളേജുകളും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ അധ്യാപകരുടെ എണ്ണവുമെല്ലാമെടുത്താൽ കേരളത്തിന്റെ മികവ് സുവ്യക്തമാണ്. ഏതാണ്ട് 1500 കോടി രൂപ കിഫ്ബി പദ്ധതികളും റൂസ പദ്ധതികളും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് വിഹിതവും ഉപയോഗിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി നാം ചെലവിട്ടു. ഈയൊരു നാലുവർഷക്കാലത്തിനിടയ്ക്ക് 6000 കോടി രൂപ കേരളം ഉന്നതവിദ്യാഭ്യാസമേഖലയിൽ വിന്യസിച്ചുവെന്ന് കേന്ദ്രസർക്കാരിന്റെ അവസാനത്തെ സാമ്പത്തിക അവലോകന റിപ്പോർട്ട് വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ പ്രതിഫലനം കൂടിയാണ് നാമിപ്പോൾ കണ്ടുതുടങ്ങുന്നത്. ഏറ്റവും പുതിയ സ്റ്റേറ്റ് ഓഫ് ദ ആർട്ട് സൗകര്യങ്ങളുള്ള ലബോറട്ടറികളും ആധുനികമായ ലൈബ്രറികളും സ്മാർട്ട് ക്ലാസ് റൂമുകളും പുത്തൻ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളുമെല്ലാം ഇക്കാലത്തിനിടയിൽ ഉണ്ടാക്കാൻ കഴിഞ്ഞു. കേരള സർവകലാശാലയിലും മഹാത്മാഗാന്ധി സർവകലാശാലയിലും ഉള്ള സെൻട്രലൈസ്ഡ് ലാബ് കോംപ്ലക്സുകൾ രാജ്യത്തെ ഏതൊരു ലാബ് കോംപ്ലക്സുകളോടും കിടപിടിക്കാൻ കഴിവുള്ളവയാണിന്ന്.

**ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് ഒന്നാം പരിഗണന കൊടുത്ത് നാം നടത്തുന്ന പ്രവർത്തനങ്ങൾ ഇതിനകം തന്നെ വലിയ മാറ്റങ്ങൾ കോളേജുകളിലും സർവകലാശാലകളിലും സൃഷ്ടിച്ചിട്ടുണ്ട്.**

## പരിഷ്കരണങ്ങൾ ഗുണനിലവാര വർധനവിന്

നേട്ടങ്ങളുടെ ഈ ഗ്രാഫ് കാലാനുസാരിയായി ഉയർത്തി, അന്താരാഷ്ട്ര സ്വീകാര്യതയിലേക്ക് നമ്മുടെ കലാലയങ്ങളെയാകെ ഉയർത്തുന്ന പരിഷ്കരണങ്ങളിലേക്ക് കടക്കുകയാണ് നാമിപ്പോൾ. സാർവദേശീയ മാനദണ്ഡങ്ങളോട് കിടപിടിക്കുന്ന ഗുണനിലവാര വർധനവിലേയ്ക്കും എക്സലൻസിലേക്കും നമ്മുടെ കലാലയങ്ങളെ വളർത്താനാണീ നടപടികൾ. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ നിയോഗിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനുകളുടെ കാതലായ നിർദേശങ്ങൾ



ആധാരമാക്കിയാണ് ഈ മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. ദ്വിമുഖമായ സമീപനമാണ് നാം ഇതിൽ പുലർത്തുന്നത്. തൊഴിലന്വേഷകരായ യുവതീ യുവാക്കൾക്ക് ദേശീയവും അന്തർദേശീയവുമായ തൊഴിൽസാധ്യതകളിലേക്ക് ആത്മവിശ്വാസത്തോടെ കടന്നുചെല്ലാൻ സാഹചര്യമൊരുക്കലാണ് ഒന്നാമത്. ഒപ്പം, ഗവേഷണാത്മക പ്രവർത്തനങ്ങളിലേക്ക് പോകാൻ തൽപരരായവർക്ക് അതിനുള്ള സാധ്യതയും ബിരുദപഠനകാലത്തുതന്നെ ഉണ്ടാക്കൽ. ഈ രണ്ടു ലക്ഷ്യങ്ങളെയും സംയോജിപ്പിച്ചുകൊണ്ടാണ് നമ്മുടെ ഓരോ ചുവടും. ഇതിന്റെ ഭാഗമായാണ് നാലുവർഷ ബിരുദ പ്രോഗ്രാമിന് നാം ഈ അധ്യയനവർഷം തുടക്കം കുറിക്കുന്നത്. അതിനായി സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ചരിത്രത്തിലാദ്യമായി ഒരു കരിക്കുലം ഫ്രെയിം വർക്കിന് നാം രൂപം നൽകി. സർക്കാർ തയ്യാറാക്കി നൽകിയ മാതൃകാ ചട്ടക്കൂടിനെ ഓരോ സർവകലാശാലയും അതതിന്റെ ജൈവസ്വഭാവത്തിനും സവിശേഷതകൾക്കും ഇണങ്ങും വിധം കസ്റ്റമൈസ് ചെയ്തു. ഓരോ സർവകലാശാലയും അങ്ങനെ പുതിയ കരിക്കുലം രൂപീകരിക്കുകയും ആ കരിക്കുലത്തിന്റെ ചുവടുപിടിച്ച് ഓരോ വിഷയത്തിന്റെയും പാഠ്യപദ്ധതി തയ്യാറാക്കുകയും ചെയ്തു. തുടർന്നാണിപ്പോൾ ഈ അക്കാദമിക വർഷം നാലു വർഷ യു ജി പ്രോഗ്രാമിലേക്ക് പ്രവേശിക്കുന്നത്.

## നാലുവർഷബിരുദം: സവിശേഷതകൾ

തൊഴിൽശേഷി വളർത്തലും ഗവേഷണ പ്രവർത്തനങ്ങളും സംയോജിക്കുംവിധം നമ്മുടെ ക്യാമ്പസ് അന്തരീക്ഷം സർഗാത്മകമായി മാറ്റുന്നതാണ് പുതിയ നാലുവർഷ ബിരുദ പരിപാടി.

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന യുക്തിബോധത്തിന്റെയും ശാസ്ത്രീയ ചിന്തയുടെയും അടിസ്ഥാനത്തിൽ എല്ലാ വിഷയങ്ങളും സമഗ്രമായി പഠിക്കാനാവുന്ന സംവിധാനമാണിതിൽ ഒരുക്കുന്നത്. നിലവിലെ മൂന്നുവർഷത്തെ ബിരുദ കോഴ്സ് ഒരു വർഷം കൂടി അധികമായി പഠിപ്പിക്കുന്ന ഒന്നായിട്ടല്ല നാലുവർഷ ബിരുദ പ്രോഗ്രാം വിഭാവനം ചെയ്തിട്ടുള്ളത്. മൂന്നു വർഷത്തെ ബിരുദം, നാലു വർഷത്തെ ഓണേഴ്സ് ബിരുദം, നാലു വർഷത്തെ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം എന്നിങ്ങനെ മൂന്നു തരത്തിലാകും കോഴ്സുകൾ. മൂന്നു വർഷം കഴിയുമ്പോൾ ബിരുദത്തോടെ പുറത്തുപോകാൻ ആഗ്രഹിക്കുന്നവർക്ക് ബിരുദ സർട്ടിഫിക്കറ്റും, നാലുവർഷ പഠനം തിരഞ്ഞെടുക്കുന്നവർക്ക് അവരുടെ അഭിരുചിയനുസരിച്ച് ഓണേഴ്സ് ബിരുദവും ഓണേഴ്സ് വിത്ത് റിസർച്ചും ഇനി ലഭിക്കും. മൂന്നു വർഷം കഴിഞ്ഞാൽ എക്സിറ്റ് ഓപ്ഷൻ ഉപയോഗിച്ച് ബി എ/ബി എസ്.സി /ബികോം ബിരുദങ്ങൾ നേടാം. ഇവർക്ക് രണ്ടു വർഷത്തെ പി.ജിയ്ക്കു ചേർന്ന് പഠിക്കാനുമാവും. ഓണേഴ്സ് ബിരുദം തിരഞ്ഞെടുക്കുന്നവർക്ക് മൂന്നുവർഷം കഴിഞ്ഞാൽ നാലാം വർഷത്തിലേക്ക് പ്രവേശിക്കാം. നാലാം വർഷത്തെ ആദ്യ സെമസ്റ്റർ റെഗുലർ ക്ലാസും അവസാന സെമസ്റ്റർ പൂർണ്ണമായും പ്രോജക്ടും ഇന്റേൺഷിപ്പും ആയിരിക്കും. തൊഴിൽ താൽപര്യമനുസരിച്ച് എവിടെ ആവണമെങ്കിലും പ്രോജക്ടും ഇന്റേൺഷിപ്പും ചെയ്യാം. പ്രോജക്ടും ഇന്റേൺഷിപ്പും താല്പര്യമില്ലാത്തവർക്ക് മൂന്നു ഓൺലൈൻ കോഴ്സുകൾ പൂർത്തിയാക്കിയാലും മതിയാകും. നാലു വർഷ ഓണേഴ്സ് ബിരുദം നേടിയവർക്ക് തുടർന്ന് ഒരു വർഷത്തെ പഠനത്തിലൂടെ പി ജി നേടാനുമാവും. പി ജി രണ്ടാം വർഷത്തിലേക്ക് ലാറ്ററൽ എൻട്രിയാവും അവർക്ക്. മൂന്നു വർഷത്തെ പഠനത്തിൽ 75 ശതമാനം മാർക്ക് നേടിയവർക്ക് നാലു വർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദത്തിനു ചേരാം. ഗവേഷണത്തിൽ താല്പര്യമുള്ളവർക്കായാണിത്. ഇവർക്ക് നേരിട്ട് പി എച്ച്ഡി യ്ക്ക് ചേരാനും 'നെറ്റ്' എഴുതാനും സാധിക്കും. മൂന്നു വർഷത്തിൽ 133 ക്രെഡിറ്റ് നേടിയാൽ ബിരുദവും നാലു വർഷത്തിൽ 177 ക്രെഡിറ്റ് നേടിയാൽ ഓണേഴ്സും ലഭിക്കുന്നതാണ് പുതിയ സംവിധാനം. മേജർ കോഴ്സുകളുടെ (നിലവിലെ സംവിധാനത്തിലെ 'മെയിൻ') അനുബന്ധ വിഷയങ്ങളോ വ്യത്യസ്തമായ വിഷയങ്ങളോ മൈനർ കോഴ്സായി (നിലവിലെ സംവിധാനത്തിലെ 'സബ്സിഡിയറി ') വിദ്യാർഥിക്ക് തിരഞ്ഞെടുക്കാം.

തിരഞ്ഞെടുത്ത മൈനർ കോഴ്സുകൾ മൂന്നാം സെമസ്റ്ററിൽ വേണമെങ്കിൽ മേജർ കോഴ്സാക്കി മാറ്റി പ്രോഗ്രാം തന്നെ മാറ്റാനും അവസരം ഉണ്ട്.

ദേശീയ വിദ്യാഭ്യാസനയത്തിന്റെ അന്ധമായ അനുവർത്തനമല്ല, നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹിക-സാംസ്കാരിക സാഹചര്യം പരിഗണിച്ച് ആവശ്യത്തിന് മാറ്റംവരുത്തിയാണ് കേരളം നാലുവർഷ ബിരുദ പരിപാടി നടപ്പാക്കുന്നത്. ഉദാഹരണത്തിന്, ബിരുദപഠനം മൂന്നു വർഷം കഴിഞ്ഞാൽ മാത്രമാണ് കേരളത്തിൽ നമ്മൾ എക്സിറ്റ് അനുവദിക്കുക. ഒരു വർഷം കൊണ്ട് ക്യാമ്പസിൽ നിന്ന് സമഗ്രതയിൽ ഒന്നും ആർജ്ജിക്കാൻ വിദ്യാർഥിക്ക് കഴിയില്ലെന്നത് സുവിദിതമാണ്. ഒന്നാം വർഷം ഒരു സർട്ടിഫിക്കറ്റുമായി പുറത്തു പോകേണ്ടി വരുന്ന സ്ഥിതി തൊഴിൽ കമ്പോളത്തിലേക്ക് വിദ്യാർഥിയെ വലിച്ചെറിയുന്ന അവസ്ഥ മാത്രമാണുണ്ടാക്കുക. ഇത് നാം അനുവദിക്കുന്നില്ല. പെഡഗോജിയ്ക്ക്



പകരം, ആൻഡ്രാഗോജി എന്ന ആശയമാണ് പുതിയ സംവിധാനത്തിൽ മുന്നോട്ടുവയ്ക്കുന്നത്. ക്ലാസ്റൂമുകൾ ഡയലോഗിക് ആക്കി, പഠനരീതിയിലും അധ്യയനരീതിയിലും ഇത് മാറ്റമുണ്ടാക്കും. അറിവന്വേഷണത്തിനുള്ള കഴിവ് ഉണ്ടാക്കിയെടുക്കാൻ, വിദ്യാർഥികളുടെ മൗലികതയും സവിശേഷ കഴിവുകളും വികസിപ്പിക്കാൻ, പശ്ചാത്തലസഹായം നൽകുന്ന ഫെസിലിറ്റേറ്റർമാരായി അധ്യാപകരുടെ പങ്ക് പുനർനിർവചിക്കപ്പെടും. പഠിതാവിന്റെ ആകാംക്ഷയെ പ്രചോദിപ്പിക്കാൻ പാകത്തിൽ അധ്യയന സമ്പ്രദായത്തെ പുതുക്കിപ്പണിയാനുള്ള ഉത്തരവാദിത്വം കൂടി അധ്യാപകരിൽ നിക്ഷിപ്തമാക്കുന്ന വിദ്യാർഥികേന്ദ്രിത സമീപനമാണ് ഇതിലുണ്ടാവുക. വലിയ സ്വാതന്ത്ര്യവും സ്വാച്ഛന്ദ്യവും വിദ്യാർഥികൾക്കിതിൽ ലഭ്യമാകും. ഒരു ബാസ്ക്കറ്റിൽ നിന്ന് സ്വന്തം അഭിരുചിക്കനുസരിച്ച് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം വിദ്യാർഥിക്കുണ്ടാവും.

## നൈപുണ്യവികസനത്തിനും സഹായം

വിദ്യാർഥികൾക്ക് പഠനത്തിനിടക്ക് ബ്രേക്ക് എടുക്കാൻ അവസരം നൽകിക്കൊണ്ടു കൂടിയാണ് പുതിയ നാലുവർഷ കരിക്കുലം ഘടന. അങ്ങനെയുള്ളവർക്ക് മൂന്നു വർഷത്തിനു ശേഷം തിരിച്ചുവന്നു ബിരുദപഠനം പൂർത്തിയാക്കാനും അവസരം ഉണ്ട്. ബ്രേക്ക് എടുത്ത സമയത്ത് ആർജിച്ച പ്രായോഗികപരിചയം കൂടി ക്രെഡിറ്റ് ആക്കി മാറ്റി ബിരുദപഠനം പൂർത്തിയാക്കാൻ അവർക്ക് അവസരം നൽകുന്നു. ബ്രേക്ക് എടുക്കുന്ന സമയം വരെ അവർ ആർജ്ജിച്ച ക്രെഡിറ്റ് അവരുടെ അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടും. അതിനുള്ള ക്രെഡിറ്റ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. ഈ ക്രെഡിറ്റ് സർട്ടിഫിക്കറ്റിൽ ഉള്ള ക്രെഡിറ്റിന് ഏഴ് വർഷം വരെ പ്രാബല്യം ഉണ്ടാവും. ഇക്കാലയളവിനുള്ളിൽ എപ്പോൾ വേണമെങ്കിലും ഈ ക്രെഡിറ്റ് അവർക്കു ബിരുദപഠനം പൂർത്തിയാക്കാനോ മറ്റു പ്രോഗ്രാമുകളിലേക്കോ സർവകലാശാലകളിലേക്കോ കൈ മാറ്റം ചെയ്ത് അവിടെ നിന്ന് പഠനം പൂർത്തീകരിക്കാനോ ഉപയോഗിക്കാനാവും. യൂറോപ്യൻ, അമേരിക്കൻ, യുകെ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളുമായെല്ലാം ക്രെഡിറ്റ് കൈമാറ്റം എളുപ്പമാകുന്ന രീതിയിലാണ് പുതിയ സംവിധാനം. ഓൺലൈനായോ വിദൂരവിദ്യാഭ്യാസ രീതിയിലോ വിദേശ സർവകലാശാലകളിൽ നിന്നടക്കം ക്രെഡിറ്റുകൾ നേടാൻ അവസരം ലഭിക്കും.

കൂടുതൽ അനുഭവോന്മുഖമായ (experiential) പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ് നികത്താനുതകുന്ന വിധത്തിൽ സ്കിൽ



കോഴ്സിനും കൂടി ക്രെഡിറ്റ് നൽകും. സൈദ്ധാന്തികമായ പഠനത്തിൽ നല്ല മാർക്ക് വാങ്ങുമ്പോഴും വേണ്ടത്ര ശേഷിയാർജിക്കാതെ വിദ്യാർഥികൾ പഠനം തീർത്തു പുറത്തുവരുന്ന സ്ഥിതി ഇതോടെ അവസാനിപ്പിക്കാനാവും. തൊഴിലും വിദ്യാഭ്യാസവും തമ്മിലെ വിടവ് (skill gap) നികത്താൻ ഉതകുന്ന സ്കിൽ എൻഹാൻസ്മെന്റ് സെന്ററുകൾ എല്ലാ ക്യാമ്പസുകളിലും ഉണ്ടാകും. ഓരോ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോടും ചേർന്ന് ഗവേഷണ പാർക്കുകളും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളും സ്ഥാപിക്കാൻ ഇതിനകം തന്നെ തീരുമാനമെടുത്തിട്ടുണ്ട്.

ലോകമെമ്പാടും നാലു വർഷ ബിരുദമാണ് സർവകലാശാലകൾ നടത്തുന്നത്. ആ നിലവാരത്തിലേക്ക് കേരളവും പ്രവേശിക്കുകയാണ്. നമ്മുടെ സർവകലാശാലകളിൽനിന്നു നേടുന്ന ബിരുദം ലോകമെങ്ങും അംഗീകരിക്കപ്പെടുന്ന നില കൊണ്ടുവരാൻ കൂടിയാണ് പുതിയ സംവിധാനം. ഇവിടെ നിന്നും ബിരുദം നേടി വിദേശത്തേക്ക് ഉപരിപഠനത്തിനു പോകുന്നവർ വീണ്ടും ബിരുദമെടുക്കേണ്ടി വരുന്ന നിലയ്ക്കും ഇതോടെ മാറ്റം വരും. അങ്ങനെ, മറ്റു ലോകരാജ്യങ്ങളിലെ ബിരുദ പ്രോഗ്രാമുകളുമായി ഘടനാപരമായുള്ള തുല്യത ഉറപ്പാക്കുകയാണ് നമ്മുടെ നാലുവർഷ ബിരുദ പ്രോഗ്രാം വഴി. നിലവിൽ വിദേശത്തു ജോലി ചെയ്യുന്നവരുടെ അക്കാദമിക പരിചയവും അറിവും നൈപുണ്യവും നമ്മുടെ കലാലയങ്ങളിൽ ബിരുദപഠനം നടത്തുന്ന വിദ്യാർഥികൾക്ക് ഉപയോഗപ്പെടുത്താമെന്നു തുറസ്സും ഇതോടെ വരികയാണ്. ആ നിലയ്ക്ക് 'ബ്രെയിൻ ഗെയിൻ' പദ്ധതി കൂടി കൂടുതൽ ഫലപ്രദമായി നാലുവർഷ ബിരുദ പ്രോഗ്രാമിലൂടെ നിറവേറ്റപ്പെടും.■

അജിത് കോളശ്ശേരി
സി ഇ ഒ, നോർക്ക റൂട്ട്സ്



> മാറുന്ന ലോകക്രമത്തിൽ സുരക്ഷിത കുടിയേറ്റത്തിന് സാഹചര്യമൊരുക്കാൻ നോർക്ക വകുപ്പും ഫീൽഡ് ഏജൻസിയായ നോർക്ക-റൂട്ട്സും സജ്ജമാണ് എന്നതിൽ ഓരോ മലയാളിക്കും അഭിമാനിക്കാം.

# മാറുന്ന ലോകത്തിൽ സുര


കേരളത്തിലെ പ്രവാസികളുടെ ജീവിതത്തിൽ സർവതോന്മുഖമായ മാറ്റത്തിന് ചാലകശക്തിയായി മാറിയ പ്രവാസികാര്യ വകുപ്പ് (Non-Resident Keralite's Affiars-NORKA) നിലവിൽ വന്നിട്ട് മൂന്ന് പതിറ്റാണ്ടിനോടടുക്കുന്നു. നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സും 22 പ്രവർത്തന വർഷങ്ങൾ പൂർത്തിയാക്കുന്നു. കേരളീയപ്രവാസികളുടെ മുന്നോട്ടുള്ള പ്രയാണത്തിൽ നോർക്ക റൂട്ട്സ് നടത്തിവരുന്ന വ്യവസ്ഥാപിതമായ ഇടപെടലുകൾ സമാനതകളില്ലാത്തതാണ്. രാജ്യത്തിന് ആകെ മാതൃകയായ ഇത്തരം പ്രവർത്തനങ്ങളാണ് നോർക്കയെ ദേശീയപുരസ്കാരങ്ങൾക്ക് അർഹമാക്കിയത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ നിരന്തരം നോർക്കയുടെ പദ്ധതികളും സേവനങ്ങളും പഠിക്കാനെത്തുന്നത് നോർക്ക റൂട്ട്സിന്റെ കാര്യക്ഷമമായ പ്രവർത്തനംകൊണ്ടുമാത്രമാണ്.

## വിദേശതൊഴിലും സ്വപ്നങ്ങളും

1970-ൽ മധ്യ- പൗരസ്ത്യരാജ്യങ്ങളിൽ ഉൽപാദന-വിപണന രംഗത്തും പെട്രോളിയം മേഖലയിലും ഉണ്ടായ അത്ഭുതപൂർവമായ വളർച്ച ഈ രാജ്യങ്ങളിൽ തൊഴിലവസരങ്ങളുടെ അനന്തമായ സാധ്യതകൾ സൃഷ്ടിച്ചു. പരിണതഫലങ്ങളിൽ ഒന്നായി ലോകത്ത് കുടിയേറ്റം ശക്തമായി. മികച്ച ജീവിതസാഹചര്യങ്ങൾ തേടി തൊഴിലന്വേഷകർ സ്വന്തം നാട് വിട്ട് മറ്റിടങ്ങളിലേയ്ക്ക് യാത്ര ചെയ്തു. ഗൾഫ് രാജ്യങ്ങളിലേക്ക് മലയാളികൾ കൂട്ടത്തോടെ തൊഴിൽതേടി പോയതും ഈ കാലയളവിലാണ്. ജി.സി.സി രാജ്യങ്ങളിലേക്ക് ഉണ്ടായ മലയാളികളുടെ ഒഴുക്ക് കേരളത്തിന്റെ കുടിയേറ്റ ചരിത്രത്തിലെ സവിശേഷമായ ഒരേടാണ്. വിദേശ തൊഴിൽ എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി പലരും കടൽ കടന്നത് പേർഷ്യൻ - ഗൾഫ് രാജ്യങ്ങളിലേക്കായിരുന്നു. എന്നാൽ ഇന്ന് 182 രാജ്യങ്ങളിലേക്ക് തൊഴിലിനും വിദ്യാഭ്യാസത്തിനുമായി മലയാളികൾ ചെന്നെത്തിയിരിക്കുന്നു എന്നാണ് കണക്കുകൾ. നോർക്ക റൂട്ട്സ് കോഴിക്കോട് ഐ.ഐ.എമ്മുമായി ചേർന്ന് നടത്തിയ പഠനത്തിൽ വിദേശ തൊഴിൽ വിപണിയെയും ഭാവി തൊഴിൽസാധ്യതകളെയും പ്രതിപാദിക്കുന്നുണ്ട്. മുൻപ് ഗൾഫ് രാജ്യങ്ങളായിരുന്നു തൊഴിലന്വേഷകരുടെ പ്രധാന ലക്ഷ്യമെങ്കിൽ ഇപ്പോൾ യൂറോപ്യൻ രാജ്യങ്ങളിലേക്കും അമേരിക്കൻ വൻകരയിലേക്കും മാറിയിരിക്കുന്നു എന്ന് പഠനം വ്യക്തമാക്കുന്നു.

## വിദ്യാഭ്യാസവും കുടിയേറ്റവും

തൊഴിലവസരങ്ങളുടെ നിരവധി വാതിലുകൾ തുറന്നുതരുന്ന ലോകക്രമമാണ് ഇന്ന് നിലവിലുള്ളത്. കോവിഡിനുശേഷം ലോകമെമ്പാടും 'സ്റ്റുഡന്റ്സ് മൈഗ്രേഷൻ' എന്ന വിഷയത്തിൽ കൂടുതൽ ചർച്ചകൾ നടക്കുന്നു. മെച്ചപ്പെട്ട തൊഴിലവസരങ്ങൾക്കും ജീവിതനിലവാരത്തിനുമായി വിദേശരാജ്യങ്ങളിലേക്ക് സഞ്ചരിക്കുന്ന പുതിയ തലമുറയുടെ എണ്ണം ദിനംപ്രതി വർധിച്ച് വരുന്നു. അവർക്ക് സുരക്ഷിതവും നിയമപരവും



വ്യവസ്ഥാപിതവുമായ കുടിയേറ്റം സാധ്യമാക്കുന്നതിനാവശ്യമായ ദിശാബോധം നൽകുന്നതിന് കാലാനുസൃതമായ നേതൃത്വമാണ് നോർക്ക റൂട്ട്സ് നൽകി വരുന്നത്.

വിദേശത്ത് പഠിക്കാൻ പോകുന്ന വിദ്യാർഥികൾക്കായി നോർക്ക റൂട്ട്സ് സ്റ്റുഡന്റ്സ് ഐഡന്റിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പഠന സൗകര്യാർഥം രാജ്യം വിട്ടുപോകുന്ന വിദ്യാർഥികളുടെ വിവരശേഖരണം നടത്തുന്നതിനും അടിയന്തരഘട്ടങ്ങളിൽ അവർക്കാവശ്യമായ സഹായങ്ങൾ ഉറപ്പാക്കുന്നതും പദ്ധതി ലക്ഷ്യമിടുന്നു. 2020-21 കാലഘട്ടത്തിൽ ആരംഭിച്ച പദ്ധതിയിൽ ചെറിയൊരു ശതമാനം മാത്രമാണ് ഇതിനോടകം സ്റ്റുഡന്റ്സ് ഐ ഡി കാർഡ് എടുത്തിട്ടുള്ളത്. എങ്കിലും 54 -ഓളം രാജ്യങ്ങളിൽ ഇന്ന് കേരളത്തിൽ നിന്നുള്ള വിദ്യാർഥികൾ പഠിക്കാൻ എത്തിച്ചേർന്നിരിക്കുന്നുവെന്ന് പദ്ധതിയിലെ വിവരശേഖരണത്തിൽ നിന്ന് മനസ്സിലാക്കുന്നു. സുരക്ഷിതവും സുതാര്യവുമായ വിദ്യാഭ്യാസ കുടിയേറ്റത്തിന് വിദ്യാർഥികളെ സഹായിക്കുന്ന ഒരു സ്റ്റുഡന്റ്സ് മൈഗ്രേഷൻ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പരിശ്രമങ്ങളും നടന്നുവരുന്നു.

# ക്ഷിത കുടിയേറ്റം




## സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

കേരളത്തിൽ നിന്നുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യാനായി സർക്കാർ നിയോഗിച്ചിരിക്കുന്ന ഏക ഏജൻസിയാണ് നോർക്ക റൂട്ട്സ്. വിദ്യാഭ്യാസ ഇതര സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റേഷൻ, MEA അറ്റസ്റ്റേഷൻ, എംബസി അറ്റസ്റ്റേഷൻ, അപ്പോസ്റ്റൽ അറ്റസ്റ്റേഷൻ തുടങ്ങിയ സേവനങ്ങളും നിലവിലുണ്ട്. ഇതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജണൽ അറ്റസ്റ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ അറുപതിനായിരത്തോളം സർട്ടിഫിക്കറ്റുകളാണ് വർഷംതോറും നോർക്ക വഴി അറ്റസ്റ്റ് ചെയ്യുന്നത്. നോർക്ക അറ്റസ്റ്റേഷന്റെ സുതാര്യതയും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി ക്യൂ. ആർ കോഡ്/ ഹോളോഗ്രാം എന്നിവ ഉൾപ്പെടുത്തി രാജ്യാന്തരനിലവാരത്തിലുള്ള അതീവ സുരക്ഷിത അറ്റസ്റ്റേഷൻ നടപടികളും ആരംഭിച്ചിട്ടുണ്ട്.

## റിക്രൂട്ട്മെന്റ് ഡ്രൈവുകൾ

വ്യവസ്ഥാപിതവും നിയമപരവുമായ രീതിയിൽ വിദേശ തൊഴിൽ കുടിയേറ്റത്തിന് സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് നടത്തിവരുന്ന റിക്രൂട്ട്മെന്റ് ഡ്രൈവുകൾ ഇതിനോടകം വലിയ ജനപിന്തുണയാണ് നേടിയത്. ജർമ്മനി, യു.കെ / വെയിൽസ്, കാനഡ, സൗദി, കുവൈത്ത് തുടങ്ങിയ രാജ്യങ്ങളിലേക്ക് ഇതിനോടകം അയ്യായിരത്തോളം റിക്രൂട്ട്മെന്റ് സേവനങ്ങൾ നടത്തിയിട്ടുണ്ട്. ജർമ്മനിയിലേയ്ക്ക് സുരക്ഷിതവും സുതാര്യവുമായ തൊഴിൽ കുടിയേറ്റം ഉറപ്പാക്കുവാൻ ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസി, ജി.ഐ. ഇസഡ് എന്നിവയുടെ സഹകരണത്തോടെ നോർക്ക റൂട്ട്സ് നടപ്പാക്കിവരുന്ന ട്രിപ്പിൾ വിൻ പദ്ധതി ശ്രദ്ധേയമായ മറ്റൊരു കാൽവയ്പ്പാണ്. യോഗ്യതയുള്ള നഴ്സുമാർക്ക് ഭാഷ പഠിക്കുന്നതിനും സൗജന്യമായി ജർമ്മനിയിലേക്ക് കുടിയേറുന്നതിനും സുരക്ഷിതമായ ഭാവി രൂപപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ബയോളജി പ്രത്യേക വിഷയമായി പ്ലസ് ടു വിജയിക്കുന്ന വിദ്യാർഥികൾക്ക് ജർമ്മനിയിൽ നഴ്സിങ്ങ് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ജോലിയും നേടാൻ സഹായിക്കുന്ന 'ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാം' എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിലെ പ്രൊഫഷണലുകൾക്ക് പുറമേ ഹോസ്പിറ്റാലിറ്റി പോലെയുള്ള മേഖലകളിൽ തൊഴിലവസരങ്ങൾ പ്രതീക്ഷിക്കുന്ന പദ്ധതി നടപ്പാക്കാനും ചർച്ചകൾ നടക്കുന്നു. ജർമ്മൻ പ്രതിനിധികളും നോർക്ക അധികൃതരും പങ്കെടുത്ത സംയുക്ത സമ്മേളനം ഏപ്രിലിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കാനായി. ഇത് കൂടുതൽ മേഖലകളിലേക്ക് സഹായകരമായ രീതിയിൽ തൊഴിൽ കുടിയേറ്റ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് പ്രതീക്ഷ പകരുന്നതാണ്.

**നോർക്ക റൂട്ട്സ് നടത്തിവരുന്ന റിക്രൂട്ട്മെന്റ് ഡ്രൈവുകൾ ഇതിനോടകം വലിയ ജനപിന്തുണയാണ് നേടിയത്**

## വിദേശഭാഷാപഠനം

വിദേശരാജ്യങ്ങളിലേക്ക് തൊഴിൽ നേടുന്നതിന് വിദേശഭാഷ പഠിക്കേണ്ടത് അനിവാര്യമാണ്. ഇതിന്റെ ഭാഗമായി നടത്തുന്ന ഏറ്റവും ശ്രദ്ധേയമായ പദ്ധതിയാണ് നോർക്ക റൂട്ട്സിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് ( NIFL). കേരളത്തിലെ ഉദ്യോഗാർഥികൾക്ക് കുറഞ്ഞ ചെലവിൽ വിദേശ ഭാഷകളിൽ അവഗാഹം നേടാൻ ഈ സംരംഭത്തിലൂടെ കഴിയും. 2022 മാർച്ച് 14 ന് തിരുവനനന്തപുരം മേട്ടുക്കടയിൽ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജിന്റെ ആദ്യകേന്ദ്രം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഫെബ്രുവരിയിൽ കോഴിക്കോട് രണ്ടാമത്തെ കേന്ദ്രവും ആരംഭിച്ചു. അന്താരാഷ്ട്ര നിലവാരത്തിൽ, സൗജന്യഫീസ് നിരക്കിൽ വിദേശ ഭാഷ പഠിക്കുന്നതിന് സർക്കാർ മേഖലയിലെ ആദ്യത്തെ വിദേശഭാഷാപഠനകേന്ദ്രങ്ങളാണ് ഇതോടെ യാഥാർഥ്യമായത്. എൻ.ഐ.എഫ്.എല്ലിന്റെ മൂന്നാമത്തെ സെന്റർ കോട്ടയത്ത് ആരംഭിക്കുന്നതും പരിഗണനയിലാണ്. അതോടൊപ്പം സ്വകാര്യസംരംഭകരുടെ സഹായത്തോടെ സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതും.

## ഓറിയന്റേഷൻ പ്രോഗ്രാം

വിദേശരാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന ചെറുപ്പക്കാരുടെ എണ്ണം വർധിച്ചു വരുന്ന സാഹചര്യത്തിൽ ഇവർക്ക് കൃത്യമായ മാർഗനിർദേശങ്ങൾ നൽകേണ്ടതുണ്ട്. വിദേശരാജ്യങ്ങളിലെ തൊഴിൽ സ്വഭാവം, വേതനം, ഭൂമിശാസ്ത്രം, കാലാവസ്ഥ, സാമൂഹികാന്തരീക്ഷം, നിയമവാഴ്ച തുടങ്ങിയ വിഷയങ്ങളിൽ സമഗ്രമായ അറിവ് പകരുന്നതിനായി നോർക്ക നടപ്പാക്കി വരുന്ന പദ്ധതിയാണ് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം. കേരളത്തിലെ നഴ്സിങ്ങ് കോളേജുകളിലെ ഉദ്യോഗാർഥികൾക്കായും പൊതുവിഭാഗങ്ങൾക്കായും പ്രത്യേകം ഓറിയന്റേഷൻ പ്രോഗ്രാമുകൾ നടത്തിവരുന്നു.

ലോകം മുഴുവനുമുള്ള മലയാളികളെ പരസ്പരം ഒരുമിപ്പിക്കാനുള്ള സംവിധാനം ഇന്ന് പ്രവാസികാര്യ വകുപ്പിനുണ്ട്. ലോകമലയാളികളുടെ



പ്രശ്നങ്ങൾ ഉന്നയിക്കുവാനും ചർച്ച ചെയ്യാനും പരിഹാരം നിർദേശിക്കുവാനുമുള്ള വേദിയായാണ് ലോക കേരളസഭയെ വിഭാവനം ചെയ്തിരിക്കുന്നത്. മാറിമാറി വരുന്ന കുടിയേറ്റത്തിന്റെ പുത്തൻപ്രവണതകളെ അടുത്തറിയുന്നതിനും മലയാളി സമൂഹത്തിലേക്ക് അവ സന്നിവേശിപ്പിക്കാനും ലോക കേരളസഭ അംഗങ്ങൾക്കാകുന്നുണ്ട്. ലോകമെമ്പാടുമുള്ള കേരളീയരെ ഒരുമിപ്പിക്കുന്ന നോർക്കയുടെ ഗ്ലോബൽ കോൺടാക്റ്റ് സെന്ററും ആശയവിനിമയത്തിനുള്ള കാര്യക്ഷമമായ സംവിധാനമാണ്. ലോക മലയാളികളെ മുഴുവൻ ഒരു കുടക്കീഴിൽ ഒരുമിപ്പിക്കുന്ന ലോകകേരളം ഓൺലൈൻ പോർട്ടലും ഉടൻ നിലവിൽ വരുന്നതോടെ പരിപൂർണമായ ഒരു ഗ്ലോബൽ കണക്റ്റിങ്ങ് സെന്ററായി നോർക്ക റൂട്ട്സ് മാറും.

## യാത്രകൾ ശുഭമാകും

മൈഗ്രേഷൻ എന്ന വിഷയത്തോടൊപ്പം



ചേർത്ത് വായിക്കേണ്ട ഒന്നാണ് അനധികൃത ഏജന്റുമാരുടെ ഇടപെടലുകളും ചൂഷണവും തൊഴിൽ തട്ടിപ്പുകളും. വിദേശത്തേക്കുള്ള അനധികൃത റിക്രൂട്ട്മെന്റുകൾ, വീസ തട്ടിപ്പുകൾ, മനുഷ്യക്കടത്ത് എന്നിവക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് 'ഓപ്പറേഷൻ ശുഭയാത്ര' പദ്ധതി സർക്കാർ നടപ്പാക്കിവരുന്നു. വിദേശകാര്യമന്ത്രാലയത്തിലെ പ്രൊട്ടക്റ്റർ ഓഫ് എമിഗ്രൻസ്, കേരളാ പോലീസ്, നോർക്കാ റൂട്ട്സ് എന്നീ ഏജൻസികൾ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. തൊഴിൽതട്ടിപ്പുകളെ സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈൻ നമ്പരും ഇ-മെയിൽ ഐഡികളും നിലവിലുണ്ട്.

സുരക്ഷിതമായ തൊഴിൽ, കുടിയേറ്റം എന്നിവ ആഗ്രഹിക്കുന്നവരെ സഹായിക്കുന്നതിനായി നോർക്കാ ശുഭയാത്ര' എന്ന പുതിയ പദ്ധതി കൂടി നടപ്പാക്കാൻ നോർക്ക തയ്യാറെടുത്തുകഴിഞ്ഞു. പദ്ധതിക്ക് തത്വത്തിൽ സർക്കാർ അംഗീകാരമുണ്ട്. കേരളത്തിലെ ബാങ്കുകളും സഹകരണസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മറ്റു ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് നടപ്പിലാക്കുക. വിദേശത്തേക്കുള്ള യാത്രച്ചെലവ്, പഠനച്ചെലവ് എന്നിവയ്ക്ക് സഹായിക്കുന്ന, സബ്സിഡിയോടു കൂടിയ രണ്ട് വിദ്യാഭ്യാസ ലോണുകളാണ് ഇതുവഴി നൽകാൻ ഉദ്ദേശിക്കുന്നത്.

ദിനംപ്രതി അതിവേഗത്തിലുള്ള മാറ്റങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുകയാണ് ലോകം. യാത്രാസൗകര്യങ്ങളും വിവര വിജ്ഞാനവിനിമയ മാർഗങ്ങളും പുരോഗമിച്ചതോടെ കുടിയേറ്റത്തിന്റെ അനന്തസാധ്യതകൾ കൈപ്പിടിയിലൊതുക്കാൻ ആഗ്രഹിക്കുകയാണ് മനുഷ്യസമൂഹം. ഇവിടെയാണ് സർക്കാർ സംവിധാനങ്ങൾ മാർഗദർശികളാകേണ്ടത്. വ്യവസ്ഥാപിതവും സുരക്ഷിതവും ഗുണമേന്മയുമുള്ള ഒരു കുടിയേറ്റ സംസ്കാരം സംസ്ഥാനത്ത് രൂപപ്പെടുത്തിയെടുക്കുന്നതിന് മേൽപ്പറഞ്ഞ സംവിധാനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിലൂടെ കഴിയും.■

കെ വിജയകുമാർ



വിദേശത്ത് നിൽക്കുമ്പോൾതന്നെ പ്രവാസികളെ പുനരധിവാസത്തിന് പരുവപ്പെടുത്തുന്ന പ്രക്രിയക്ക് തുടക്കം കുറിക്കേണ്ടതുണ്ട്

# പ്രവാസവും പുനരധിവാസവും





> **മുൻകാലങ്ങളിൽ നിന്ന് വിഭിന്നമായി ഇപ്പോൾ മറ്റ് വികസിത നാടുകളിലേക്കുള്ള കുടിയേറ്റവും വർധിച്ചു വരുന്നുണ്ട്. ഗൾഫ് മലയാളികൾക്കൊപ്പം ഇവരിൽ നിന്നുമുള്ള വരുമാനവും നമ്മുടെ സാമ്പത്തിക മേഖലയിലെ പ്രധാന ഘടകമാണ്**

പ്രവാസത്തിന്റെ ചരിത്രത്താളുകളിലൂടെ കണ്ണോടിച്ചാൽ ഗൾഫ് നാടുകളും അവിടങ്ങളിൽ കുടിയേറിയ സാധാരണക്കാരായ മലയാളികളുമാണ് മുഖ്യമായും നമ്മുടെ മുന്നിലെത്തുക.

ആധുനിക ഗൾഫ് കുടിയേറ്റത്തിന്റെ ഏറ്റവും നിർണ്ണായകമായ ഘട്ടം ആരംഭിക്കുന്നത് 1970 മുതലാണ്. ഒട്ടുമിക്ക ഗൾഫ് രാജ്യങ്ങളും കോളനിഭരണത്തിൽ നിന്നും മോചനം നേടുകയും എണ്ണയുൽപാദനത്തിൽ കുതിച്ചുചാട്ടം ഉണ്ടാവുകയും ചെയ്ത കാലം. 1978 ആയപ്പോഴേക്കും ഏകദേശം 1.8 ലക്ഷം മലയാളികൾക്ക് സ്വപ്നഭൂമിയായി ഗൾഫ് മാറി.

മുൻകാലങ്ങളിൽ നിന്ന് വിഭിന്നമായി ഇപ്പോൾ മറ്റ് വികസിതനാടുകളിലേക്കുള്ള കുടിയേറ്റവും വർധിച്ചുവരുന്നുണ്ട്. ഗൾഫ് മലയാളികൾക്കൊപ്പം ഇവരിൽ നിന്നുമുള്ള വരുമാനവും നമ്മുടെ സാമ്പത്തിക മേഖലയിലെ പ്രധാന ഘടകമാണ്. 2024 ജൂണിൽ നടക്കാൻ പോകുന്ന നാലാം ലോക കേരളസഭ സമ്മേളനത്തിലേക്ക് 100-ൽപരം രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുമെന്ന സൂചന വെറുതെയല്ല. വരുംകാലങ്ങളിൽ 150 ലധികം രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്താലും അതിശയിക്കേണ്ടതില്ല. 180-ൽ പരം രാജ്യങ്ങളിൽ മലയാളിയുടെ സാന്നിധ്യമുള്ളതായാണ് വിലയിരുത്തപ്പെടുന്നത്.

## പ്രവാസിപ്പണവും കേരളവും

പ്രവാസികളയയ്ക്കുന്ന പണം കുടുംബാംഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം സമൂഹത്തിലും സംസ്ഥാനത്താകെയും വരുത്തുന്ന പുരോഗതി പ്രകടമായിത്തുടങ്ങിയത് 1980 കളുടെ ആദ്യഘട്ടങ്ങളിലാണ്. ജനങ്ങളുടെ വരുമാനത്തിലും ഉപഭോഗത്തിലും വന്നുചേർന്ന വലിയ കുതിച്ചുചാട്ടം, പ്രതിശീർഷ വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന പ്രകടമായ വർധന, സമസ്തമേഖലയിലും അനുഭവപ്പെട്ട പ്രവാസിപ്പണത്തിന്റെ സ്വാധീനം ഇവയെല്ലാം തന്നെ ലോകശ്രദ്ധ പിടിച്ചു പറ്റിയ സംഭവങ്ങളായിരുന്നു. 1975 മുതൽ അരനൂറ്റാണ്ട് കാലത്തിനിടയ്ക്ക് കേരളമെന്ന കൊച്ചു സംസ്ഥാനം

20 ലക്ഷം കോടി രൂപയിലധികം പ്രവാസിപ്പണമായി സ്വീകരിച്ചതായാണ് കണക്ക്. രാജ്യത്തെ തന്നെ ഉയർന്ന ഉപഭോഗം, ഉയർന്ന സമ്പാദ്യം, ഉയർന്ന വളർച്ച, ഉയർന്ന വരുമാനം എന്നിവയിലൂടെ മുന്നോക്ക സംസ്ഥാനമെന്ന സ്ഥാനത്ത് കേരളം അവരോധിക്കപ്പെട്ടു.

എന്നാലോ, കൃഷി അനുബന്ധ മേഖലയിലും, ഉൽപന്ന നിർമ്മാണ മേഖലകളിലും ഈ പണത്തിന്റെ സ്വാധീനം ഒട്ടുംതന്നെ പ്രകടമായില്ല.

# പുനഃചിന്തനം ആവശ്യമാണ്

1

പുനരധിവാസം എന്നാൽ, മടങ്ങി വരുന്നവരെ സംരംഭങ്ങൾ ആരംഭിക്കാൻ പ്രേരിപ്പിക്കുകയും, അതിൽ നിന്ന് ലഭിക്കുന്ന വരുമാനംകൊണ്ട് ഭാവികാലം സുരക്ഷിതമാക്കാൻ അവസരമൊരുക്കുകയെന്നതാണ് പരമ്പരാഗത കാഴ്ചപ്പാട്. എന്നാൽ, വിദേശനാട്ടുകളിലെ ദീർഘകാലത്തെ ജീവിതത്തിൽ നിന്നും പകർന്നുകിട്ടിയ അനുഭവങ്ങളുമായി മടങ്ങിവരുന്നവരെ സംബന്ധിച്ച് സമൂഹവുമായി പെട്ടെന്ന് ഇഴുകിച്ചേരുന്നതിനും സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനും പ്രയാസം നേരിടുന്നുണ്ട്. പൊരുത്തപ്പെട്ടു വരുമ്പോഴേക്കും കയ്യിലുണ്ടായിരുന്ന മിച്ചമാകെ ആവിയായിത്തീരുകയും ചെയ്യും. ഇത്തരം പ്രതിസന്ധികളെ അതിജീവിക്കുന്നതിന് അവരെ മുൻകൂട്ടി പ്രാപ്തരാക്കുകയെന്നത് അതിപ്രധാനമാണ്. വിദേശത്ത് നിൽക്കുമ്പോൾതന്നെ പുനരധിവാസത്തിന് പരുവപ്പെടുത്തുന്ന പ്രക്രിയക്ക് തുടക്കം കുറിക്കുകയും നടപടികൾ സ്വീകരിക്കുകയും വേണം. ഫിലിപ്പീൻസ്, കൊറിയ തുടങ്ങിയ രാജ്യങ്ങൾ ഇത്തരം പ്രവർത്തനമാതൃകകൾ വിജയകരമായി നടത്തിവരുന്നുണ്ട്.

2

പ്രവാസികളായ ഓരോ വ്യക്തികളേയും സംബന്ധിച്ച സമഗ്രവിവരങ്ങളടങ്ങിയ ഡേറ്റാബാങ്കിന് രൂപം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. എ ഐ പ്ലാറ്റ്ഫാമുകളിലൂടെ വിവരശേഖരണവും വിശകലനവും ഇന്ന് സാധ്യമാണ്. മടങ്ങിവരുന്നവർക്ക് താൽപര്യമുള്ള മേഖലകൾ താമസമില്ലാതെ തെരഞ്ഞെടുക്കാനുള്ള വഴിയൊരുക്കൽ ഇതുവഴി സാധ്യമാകും.



3

സേവന മേഖലകൾക്കൊപ്പമോ അതിലധികമായോ ഉൽപാദന മേഖലക്ക് ഊന്നൽ നൽകണം. വിജ്ഞാനാധിഷ്ഠിത സംരംഭങ്ങൾക്ക് പ്രാധാന്യം നൽകേണ്ടത് അനിവാര്യമാണ്. അതിനായി, ഓരോ മേഖലയിലും താൽപര്യവും പ്രാവീണ്യവുമുള്ളവരുടെ ചെറു സംരംഭകഗ്രൂപ്പുകൾ രൂപവൽക്കരിക്കണം. വിദേശത്തുള്ളവരും മടങ്ങിവന്നവരും അവരുടെ കുടുംബാംഗങ്ങളും മറ്റ് സംസ്ഥാനങ്ങളിലുള്ള പ്രവാസികളും പ്രദേശവാസികളും ഉൾപ്പെടുന്നതായിരിക്കണം ഗ്രൂപ്പുകൾ. വിദഗ്ധരുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ടാസ്ക് ഫോഴ്സ് രൂപവൽക്കരിക്കുകയും നിർദേശങ്ങളും ശാസ്ത്രീയ പിന്തുണയും സദാ ഉറപ്പാക്കുകയും വേണം.

4

സംരംഭകർ കണ്ടെത്തുന്ന മൂലധനത്തോടൊപ്പം സർക്കാർ ആനുകൂല്യങ്ങൾ ലഭിച്ചാലും, ഒരു പക്ഷെ ആശയങ്ങൾ ഉൽപന്നമാക്കി വിപണിയിലെത്തിക്കാൻ സാധിച്ചെന്ന് വരില്ല. മാത്രവുമല്ല, സംരംഭത്തിന്റെ മുന്നോട്ടുപോക്കിന് ശാസ്ത്ര, സാങ്കേതിക അറിവുകൾ നിരന്തരം ലഭ്യമാക്കുകയും വേണം. ഇത്തരം വിഷയങ്ങൾക്ക് പരിഹാരമായി പ്രവാസികളുടെ പങ്കാളിത്തത്തോടെ ഏഞ്ചൽ ഇൻവെസ്റ്റ്മെന്റ് ഗ്രൂപ്പുകൾ) രൂപീകരിക്കുന്നത് ഗൗരവമായി പരിഗണിക്കാവുന്ന കാര്യമാണ്. പുനരധിവാസമെന്നത് സർക്കാരിന് വലിയ ബാധ്യതയുണ്ടാക്കില്ല എന്ന് മാത്രമല്ല, കേരളത്തിന്റെ സാമ്പത്തികവളർച്ചക്ക് കൂടുതൽ ഉത്തേജകമായിത്തീരുന്ന പദ്ധതിയായി അവ മാറും. നാടിന്റെ വികസനത്തിൽ പ്രവാസികൾക്ക് നേരിട്ട് പങ്കെടുക്കാൻ അവസരമൊരുക്കുകയും ഓരോരുത്തരേയും സംരംഭത്തിന്റെ ഉടമസ്ഥരായി മാറ്റുവാനും സാധിക്കും.



ഉപഭോഗത്തിനും നിർമ്മാണത്തിനുമുള്ള ഒട്ടുമിക്ക വസ്തുക്കളും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങേണ്ട സ്ഥിതിവിശേഷം ഇന്നും തുടരുന്നു. ഇത്തരത്തിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കാരണം വ്യാപാരകമ്മി കുത്തനെ ഉയർന്ന സംസ്ഥാനമായി കേരളം മാറി. പ്രവാസിപ്പണത്തിലൂടെ ഉണ്ടാകേണ്ടിയിരുന്ന പ്രഭാവം അതുകൊണ്ടു തന്നെ പരിമിതമായി മാറി. വീട്ടുചെലവുകൾ, കുട്ടികളുടെ വിദ്യാഭ്യാസം, കടം തിരിച്ചടയ്ക്കൽ, വീട് വാങ്ങൽ, വീടുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവക്കായി ഈ പണത്തിന്റെ 80 ശതമാനമാണ് ചെലവഴിക്കപ്പെടുന്നത്. മാറ്റിവയ്ക്കപ്പെടുന്ന 20 ശതമാനമാകട്ടെ, വലിയൊരു ഭാഗവും ബാങ്ക് നിക്ഷേപങ്ങളായി മാറ്റപ്പെടുന്നു. കണക്കുകൾ പ്രകാരം ഓരോ വർഷവും ശരാശരി 35,000 ചെറുപ്പക്കാർ പഠനാവശ്യങ്ങൾക്കായി വിദേശനാടുകൾ തെരഞ്ഞെടുക്കുന്നു. 25 മുതൽ 35 ലക്ഷം രൂപവരെ അതിനായി ചെലവഴിക്കപ്പെടുന്നു. ഇതുവഴി 7000 മുതൽ 10,000 കോടി രൂപ വരെ ഓരോ വർഷവും വിദേശ കറൻസിയായി പുറത്തേക്ക് ഒഴുകുന്നതായും കാണാവുന്നതാണ്.


## പുനരധിവാസം: പാഠങ്ങളും പാഠഭേദങ്ങളും

കുടിയേറ്റം എന്നാരംഭിച്ചോ തൊട്ടു പിന്നാലെ മടങ്ങിവരവിന്റെ കഥയും കേരളചരിത്രത്തിന്റെ ഭാഗമാണ്.. 4.5 വീടൊന്നിൽ ഒരു പ്രവാസിയുണ്ടെങ്കിൽ ആറ് വീടൊന്നിൽ ഒരു മടങ്ങിവന്ന പ്രവാസിയുള്ള സംസ്ഥാനമാണിന്ന് കേരളം. കുടിയേറ്റവും മടങ്ങിവരവും 2000 ആണ്ടുവരെ സജീവ ചർച്ചാവിഷയമായിരുന്നുവെങ്കിൽ ഇന്നത് നാട്ടിലുണ്ടാവുന്ന ദൈനംദിന കാര്യങ്ങളിലൊന്നായി മാറി.

കേരള മൈഗ്രേഷൻ സർവേ 2018-ലെ സൂചന പ്രകാരം വിദേശത്തുള്ള മലയാളികളിൽ 10- ാം തരം യോഗ്യതയുള്ളവർ 11.5 ശതമാനവും, +2 വിദ്യാഭ്യാസമുള്ളർ 40.9 ശതമാനവും, ബിരുദധാരികൾ 27.6 ശതമാനവുമാണ്. 1998-ൽ അത് യഥാക്രമം 44.1% , 28.7%, 8.8 ശതമാനവുമായിരുന്നു. അതായത്, 98നെ അപേക്ഷിച്ച്, 2018 ആയപ്പോൾ, കുടിയേറിയവരിൽ പ്ലസ്ടുവിന് മുകളിൽ വിദ്യാഭ്യാസം നേടിയവരാണ് കൂടുതൽ. പത്താം തരക്കാരും അതിന് താഴെ വിദ്യാഭ്യാസമുള്ളവരും നാലിലൊന്നായി കുറഞ്ഞു.

ഈയൊരു സാഹചര്യം വിലയിരുത്തി മാത്രമേ ഭാവിയിലെ പുനരധിവാസത്തെ വ്യാഖ്യാനിക്കാൻ സാധിക്കൂ. ■

ഷബ്നം. ടി. പി
ഗവേഷക, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്



> കുടിയേറിയ വിദ്യാർഥികളുടെ എണ്ണം 2018 നെ അപേക്ഷിച്ച് 2023 ൽ പ്രബലമായിതന്നെ വർധിച്ചുവെന്നാണ് കേരള മൈഗ്രേഷൻ സർവേയുടെ പ്രാരംഭനിരീക്ഷണം.

# കുടിയേറുന്ന വിദ്യാർഥികൾ

## പ്രതിസന്ധികളും സാധ്യതകളും



**താൽകാലിക കുടിയേറ്റങ്ങളിൽനിന്നും വ്യത്യസ്തമായി സ്ഥിരകുടിയേറ്റത്തിന്റെ സാധ്യതയും ഇന്നത്തെ വിദ്യാർഥികുടിയേറ്റത്തിന്റെ പ്രത്യേകതയാണ്.**

ജീവന് തന്നെ അപായം വന്നേക്കുമായിരുന്ന സാഹചര്യത്തിലും പത്തേമാരിയിൽ യാത്രചെയ്ത് കുടിയേറ്റത്തിന് ശ്രമിച്ച ചരിത്രമാണ് മലയാളികളുടേത്. മാറിവന്ന കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക സാഹചര്യത്തിൽ കുടിയേറ്റത്തിന്റെ വിപുലമായ സാധ്യതകൾ മലയാളികൾ തേടുന്നതും സ്വാഭാവികം. വിവിധ രാജ്യങ്ങളിലേക്കുള്ള മലയാളി വിദ്യാർഥികളുടെ കുടിയേറ്റവും ആ പശ്ചാത്തലത്തിലാണ് കാണേണ്ടത്.

ചില വികസിതരാജ്യങ്ങളിലെ മുഖ്യ തെരഞ്ഞെടുപ്പ് വിഷയമായും കുടിയേറ്റനയങ്ങൾ മാറുന്നുണ്ട്. വിദ്യാർഥികൾ വിദേശരാജ്യങ്ങളിലേക്ക് കുടിയേറുമ്പോൾ, സ്വദേശത്തിലെ മാനവവിഭവശേഷിയെയും ഭാവിപുരോഗതിയെയും പ്രതികൂലമായാണ് ബാധിക്കുകയെന്ന കാഴ്ചപ്പാട് ശക്തമാണ്. കൊളോണിയൽ കാലഘട്ടത്തിൽതന്നെ ഇന്ത്യയിൽനിന്നും വിദ്യാർഥി കുടിയേറ്റം നടന്നിരുന്നെങ്കിലും, അത് മുഖ്യമായും വരേണ്യവിഭാഗങ്ങൾക്കിടയിൽ ഒതുങ്ങിനിന്ന ഒന്നായിരുന്നു. എന്നാൽ സമൂഹത്തിലെ നാനാവിഭാഗങ്ങൾക്ക് സാധ്യമാകുന്ന രീതിയിലുള്ള ഒരു പ്രതിഭാസമായി കേരളത്തിന്റെ പശ്ചാത്തലത്തിൽ ഇത്

മാറിവരുന്നുണ്ട്. മാത്രമല്ല, താൽകാലിക കുടിയേറ്റങ്ങളിൽനിന്നും വ്യത്യസ്തമായി സ്ഥിരകുടിയേറ്റത്തിന്റെ സാധ്യതയും ഇന്നത്തെ വിദ്യാർഥികുടിയേറ്റത്തിന്റെ പ്രത്യേകതയാണ്.

കുടിയേറിയ വിദ്യാർഥികളുടെ എണ്ണം 2018 നെ അപേക്ഷിച്ച് 2023 ൽ പ്രബലമായിതന്നെ വർധിച്ചുവെന്നാണ് കേരള മൈഗ്രേഷൻ സർവേയുടെ പ്രാരംഭനിരീക്ഷണം. വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, യൂറോപ്പ്, ഓഷ്യാന, ഏഷ്യ, ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് കേരളത്തിൽനിന്നുള്ള വിദ്യാർഥികൾ കുടിയേറുന്നുണ്ട്. കുടിയേറ്റരാജ്യങ്ങൾ തെരഞ്ഞെടുക്കുന്നതിലെ വൈവിധ്യവും ആ രാജ്യങ്ങളുടെ സവിശേഷതകളും വിദ്യാർഥികുടിയേറ്റ ചർച്ചകളിൽ മർമ്മപ്രധാനമാണ്. ഡിപെൻഡെൻസി വീസ എന്ന സാധ്യത ഉപയോഗപ്പെടുത്തി വിദ്യാർഥികൾ കുടുംബാംഗങ്ങളെ, വിശേഷിച്ചും ജീവിതപങ്കാളിയെ കുടിയേറ്റത്തിന് സഹായിക്കുന്ന പ്രവണത സജീവമാണ്. ഇത്തരം രാജ്യങ്ങളിലേക്ക് കുടുംബസമേതം പോകുന്നവരുടെ തിരിച്ചുവരാനുള്ള സാധ്യത കുറവാണെന്നതാണ് നിലവിലെ സങ്കീർണ്ണതയുടെ അടിസ്ഥാനം.

## നിയന്ത്രണനയങ്ങളുമായി രാജ്യങ്ങൾ

വിദേശരാജ്യങ്ങൾ ഇതിനോട് പ്രതികരിക്കുന്ന രീതിയിലുള്ള നയരൂപവൽക്കരണങ്ങളും ഈ കാലയളവിൽ നടത്തുന്നുണ്ട്. കാനഡ വിദ്യാർഥി കുടിയേറ്റത്തെ കേപ്പ് ചെയ്തും, യു.കെ ബിരുദാനന്തരബിരുദ കോഴ്സുകൾവരെ പഠിക്കുന്ന വിദ്യാർഥികൾക്ക് പഠനകാലയളവിൽ ഡിപെൻഡെൻസി വീസ നിഷേധിച്ചും, ആസ്ട്രേലിയയിലെ 2025 തെരെഞ്ഞെടുപ്പിനെ മുൻനിർത്തി വിദ്യാർഥി കുടിയേറ്റത്തെ നിയന്ത്രിക്കാൻ ശ്രമങ്ങളുണ്ടാകുന്നതും, പല രാജ്യങ്ങളും കൂടുതൽ രേഖകൾ ആവശ്യപ്പെട്ട് വിദ്യാർഥികുടിയേറ്റത്തെ നിയന്ത്രിക്കാൻ ശ്രമിക്കുന്നതും അതിന്റെ ഭാഗമാണ്. കുടിയേറുന്ന വിദ്യാർഥികളിൽ നിന്നും വിദേശരാജ്യങ്ങളിലെ സർവകലാശാലകൾ വലിയ ഫീസ് ഈടാക്കി വരുമാനം ഉണ്ടാക്കുന്നുണ്ട്. എന്നാൽ, കുടിയേറ്റത്തിന്റെ ഭാഗമായി താമസയിടങ്ങളും ആരോഗ്യസേവനങ്ങളുമൊക്കെ കൂടുതൽ ചെലവേറിയതുമാവുന്നു. യൂറോപ്യൻ മേഖലയിലേക്ക് കുടിയേറുന്ന വിദ്യാർഥികൾ ആ രാജ്യത്തിലെ സാംസ്കാരികരീതികളെ സ്വാംശീകരിക്കാനും അതിജീവനത്തിനും ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കാളികളാവുകയും അവിടുത്തെ ഭാഷയിൽ പ്രാവീണ്യം നേടാൻ ശ്രമിക്കുകയും ചെയ്യുന്നു.

വിദ്യാർഥികുടിയേറ്റത്തെ തൊഴിൽ കുടിയേറ്റത്തിൽ നിന്നും വ്യത്യസ്തമായി സംശയാസ്പദമായി സമീപിക്കുന്ന രീതിയുണ്ട്. തൊഴിലാളി കുടിയേറ്റത്തിന്റെ ഒരു പ്രത്യേകത തൊഴിലാളികൾ അവരുടെ നാട്ടിലേക്ക് തങ്ങൾക്ക് ലഭിക്കുന്ന വേതനത്തിന്റെ വലിയൊരു പങ്ക് അയക്കുന്നു എന്നുള്ളതാണ്. അത്തരത്തിൽ പണമയക്കുന്നതിന്റെ വലിയ സാമ്പത്തിക ഗുണഭോക്താവാണ് ഇന്ത്യ. മലയാളികൾക്കിടയിലെ വിദ്യാഭ്യാസയോഗ്യത കൂടിയത് മൂലം ഇന്ന് വലിയൊരു വിഭാഗം കുടിയേറ്റം നടത്തുന്നുണ്ട്. ഒരേസമയം വിദഗ്ധതൊഴിലാളികൾ കുടിയേറ്റം നടത്തുമ്പോൾ കൂടുതൽ സാമ്പത്തികനേട്ടം രാജ്യത്തിന് ഉണ്ടാകുമ്പോഴും വിദേശത്തെ, പ്രത്യേകിച്ചും ഗൾഫ് ഇതരരാജ്യങ്ങളിലെ, ഭീമമായ ജീവിതച്ചെലവും പൗരത്വസാധ്യതയും ഭാവിയിൽ അതിന് വിഘാതമാവുമെന്നും കരുതപ്പെടുന്നു. പ്രവാസികൾ നാട്ടിലേക്ക് അയക്കുന്ന പണത്തെ അടിസ്ഥാനമാക്കി, അതുൽപാദിപ്പിക്കുന്ന സാമ്പത്തികമെച്ചവും അസ്ഥിരതയും

ലോൺതുകകൾ ലഭ്യമാകണമെങ്കിൽ കെട്ടിടമുള്ള ഭൂമി ഈടുവയ്ക്കേണ്ടതുണ്ട്. വീട് വെച്ച് ലോണെടുക്കുന്ന വിദ്യാർഥികൾക്ക്, പഠനത്തോടൊപ്പം ലോൺതുക അവിടെനിന്നുതന്നെ തിരിച്ചടയ്ക്കാൻ ശ്രമിക്കേണ്ട ഉത്തരവാദിത്വം കൂടി നിർവഹിക്കേണ്ടതായിവരുന്നു. പഠനത്തിനുശേഷം സ്റ്റേ ബാക്ക് പിരിയഡിൽ അവിടെ ജോലിചെയ്ത് സ്ഥിരതാമസമാക്കാൻ വിദ്യാർഥികൾ ശ്രമിക്കുന്നതോടെ ഇവരുടെ തിരിച്ചുവരവ് എന്ന വിഷയത്തിൽ അനിശ്ചിതത്വത്തിന്റെ പ്രശ്നം വരുന്നു.

നോർക്ക രജിസ്ട്രേഷൻ കണക്ക് പ്രകാരം ഏകദേശം 182 രാജ്യങ്ങളിലേക്ക് മലയാളികൾ കുടിയേറിയിട്ടുണ്ട്. വിദേശകാര്യമന്ത്രാലയത്തിന്റെ ഡേറ്റ പ്രകാരം 2022 ൽ 79 രാജ്യങ്ങളിൽ ഇന്ത്യയിൽനിന്ന് വിദ്യാർഥികൾ പഠനത്തിനായി കുടിയേറിയിട്ടുണ്ട്. കൃത്യമായ മാർഗനിർദേശങ്ങൾ നൽകി കേരളത്തിൽനിന്നുള്ള വിദ്യാർഥികുടിയേറ്റത്തെ കൂടുതൽ സുരക്ഷിതമാക്കാനാണ് നോർക്കയുടെ




കേന്ദ്രീകരിച്ചായിരുന്നു മുൻപ് അക്കാദമിക ചർച്ചകൾ. എന്നാൽ ഇന്നത് കുടിയേറ്റം സൃഷ്ടിക്കുന്ന സാമ്പത്തികബാധ്യതകൾ എന്ന മണ്ഡലത്തിലേക്ക് കൂടി കടന്നിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിന് ആസ്പദമായിരിക്കുന്നത് വിദ്യാർഥികുടിയേറ്റത്തിന് വിനിയോഗിക്കപ്പെടുന്ന പണവും, പ്രത്യേകിച്ച് വർധിച്ചുവരുന്ന വിദ്യാഭ്യാസ ലോൺ തുക, കൂടാതെ കുടിയേറുന്ന രാജ്യങ്ങളുടെ സവിശേഷതകളുമാണ്. വലിയ

സ്റ്റുഡന്റ് മൈഗ്രേഷൻ ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ഉന്നം വയ്ക്കുന്നത്. വിദേശത്ത് പഠിക്കുന്ന മലയാളി വിദ്യാർഥികൾക്കായി നോർക്ക സ്റ്റുഡന്റ് ഐ.ഡി കാർഡ് നൽകുന്നുണ്ട്. പക്ഷേ, ഈ ഐ.ഡി കാർഡ് സ്വായത്തമാക്കിയിട്ടുള്ളവരുടെ എണ്ണം മെച്ചപ്പെടേണ്ടിയിരിക്കുന്നു.

മാറി വരുന്ന അന്താരാഷ്ട്ര സാഹചര്യങ്ങളിൽ അതത് രാജ്യങ്ങളുടെ



താൽപര്യങ്ങളുടെയും സംഘർഷങ്ങളുടെയും ഭാഗമായി കുടിയേറ്റസംബന്ധ വിഷയങ്ങളിൽ സർക്കാരുകൾക്ക് കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതായി വരുന്നുണ്ട്. നോർക്കയുടെ സാന്നിധ്യം മലയാളി കുടിയേറ്റ സമൂഹങ്ങളിലേക്ക് എത്തിക്കാൻ ഈ സാഹചര്യത്തിൽ സാധിക്കേണ്ടതുണ്ട്. ഇറാഖ്, കുവൈത്ത്, അഫ്ഗാനിസ്ഥാൻ, ഇസ്രയേൽ, സുഡാൻ, നൈജീരിയ തുടങ്ങിയ രാജ്യങ്ങളിലെ ജീവിതസുരക്ഷിതത്വത്തെ ബാധിക്കുന്ന വിധത്തിലുള്ള സന്ദർഭങ്ങളിൽ, മലയാളികളെ സ്വദേശത്തേക്ക് തിരിച്ച് എത്തിക്കാൻ സർക്കാരുകൾ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കോവിഡിനെയും ഉക്രൈൻ - റഷ്യ യുദ്ധത്തെയും തുടർന്ന് കുടിയേറുന്ന വിദ്യാർഥികൾക്കിടയിലും സർക്കാർ സാന്നിധ്യം മെച്ചപ്പെട്ടിട്ടുണ്ട്. ഉക്രൈനിലുള്ള മലയാളികളോട് നോർക്കയിൽ രജിസ്റ്റർ ചെയ്യാൻ ആ സമയത്ത് മുഖ്യമന്ത്രി തന്നെ ആവശ്യപ്പെട്ടിരുന്നു.



## റിക്രൂട്ട്മെന്റ് ഏജൻസികളുടെ പങ്ക്

സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികൾക്ക് കേരളത്തിലെ വിദ്യാർഥി കുടിയേറ്റവിഷയ ചർച്ചകളിൽ ഒരു കേന്ദ്രസ്ഥാനമുണ്ട്. കുടിയേറ്റ വ്യവസായശൃംഖല എന്നുതന്നെ വിളിക്കാവുന്ന രീതിയിൽ ഇത് വിപുലമായിട്ടുണ്ട്. ഒരു വിദ്യാർഥിയെ ആ സ്ഥാപനത്തിലേക്ക് എത്തിക്കുമ്പോൾ ഏജൻസിക്ക് ആ സർവകലാശാലയിൽ നിന്നും കമ്മിഷൻ ലഭിക്കുന്നു. ജർമ്മനിയിലെ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഫീസില്ലാത്തതിനാൽ, കേരളത്തിൽ നിന്നുള്ള ധാരാളം വിദ്യാർഥികൾ അങ്ങോട്ട് കുടിയേറുന്നുണ്ട്. ജർമ്മനിയിലേക്കുള്ള കുടിയേറ്റസേവനങ്ങൾക്കുള്ള ഫീസായി, ഏകദേശം രണ്ട് ലക്ഷം രൂപയോ അതിനു മുകളിലോ ഏജൻസികൾ ഈടാക്കുന്നുണ്ട്. മിക്കവാറും ഏജൻസികളും, വിദ്യാർഥികൾ വിദേശരാജ്യത്ത് എത്തിക്കഴിഞ്ഞതിനുശേഷം യാതൊരു സേവനവും നൽകാറില്ല.



**വിദ്യാർഥികുടിയേറ്റം നേരിടുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാനും ലോക കേരളസഭയ്ക്ക് സാധിക്കും**

കുടിയേറുന്ന രാജ്യത്ത് അവർക്ക് വളരെ കൃത്യമായി ആശയവിനിമയം നടത്താൻ സാധിക്കുന്ന ഇന്ത്യൻ സംവിധാനത്തിന്റെ ആവശ്യകതയാണ് കോവിഡ്-19, ഉക്രൈൻ-റഷ്യ യുദ്ധപശ്ചാത്തലമൊക്കെ സൃഷ്ടിച്ച അസന്തുലിതാവസ്ഥ വെളിവാക്കുന്നത്. കുടിയേറ്റതീരുമാനങ്ങളിലും കുടിയേറ്റസാധ്യതകളുടെ വളർച്ചയിലും നെറ്റ്‌വർക്കുകൾക്ക് വലിയ സാധ്യതയുണ്ട്. കുടിയേറാൻ ആഗ്രഹിക്കുന്ന രാജ്യത്ത് വിദ്യാർഥികൾക്ക്  കൃത്യമായ ബന്ധങ്ങൾ ഇല്ലെങ്കിൽ അവരെ അത് പ്രതികൂലമായി ബാധിക്കും. മലയാളി സംഘടനകൾക്കും സർക്കാരുകൾക്കും ഇവർക്ക് മെച്ചപ്പെട്ട കുടിയേറ്റം പ്രദാനം ചെയ്യാനാവും. പല തരത്തിലുള്ള വിവേചനങ്ങൾ ഇന്ത്യൻ വിദ്യാർഥികൾ വിദേശരാജ്യത്ത് നേരിടുമ്പോൾ ഇത്തരം സംഘടനകളാണ് ഇടപെടുന്നത്.

## പെൺകുടിയേറ്റം

പെൺകുട്ടികളുടെ കുടിയേറ്റം പുരുഷാധിപത്യവ്യവസ്ഥയ്ക്കകത്ത് പലതരം സംഘർഷങ്ങൾക്കിടയിലാണ് സാധ്യമാകുന്നത്. അവരുടെ സുരക്ഷിതമായ സാമൂഹികജീവിതം പലപ്പോഴും റദ്ദ് ചെയ്യപ്പെടാറുമുണ്ട്. വിദ്യാർഥികൾക്കിടയിൽ തന്നെ രൂപപ്പെടുന്ന സംഘടനകൾക്ക് അവരുടെതന്നെ ക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാധിക്കുന്നതോടൊപ്പം സമൂഹവുമായി സജീവമായി സംവദിക്കാനുള്ള അന്തരീക്ഷം രൂപപ്പെടുത്താനും സഹായിക്കും. ക്രമേണ നെറ്റ്‌വർക്കുകൾ വിപുലപ്പെടുത്താനും കൂടുതൽ വിദ്യാർഥികൾക്ക് ഉപയുക്തമാകുന്ന രീതിയിൽ വികസിക്കുവാനും കഴിയും. ലോക കേരള സഭയിലൂടെ നിർവഹിക്കപ്പെടുന്നത് ലോകത്തിലെ വിവിധ രാജ്യങ്ങളിലായി ജീവിക്കുന്ന മലയാളികളെയും മലയാളി സംഘടനകളെയും ഒരുമിപ്പിച്ച് പ്രവാസിക്ഷേമത്തിനും കേരളത്തിന്റെ വികസനത്തിനും എന്തൊക്കെ പരിപാടികൾ ആസൂത്രണം ചെയ്യാൻ സാധിക്കുമെന്ന ആലോചനയാണ്. വിദ്യാർഥികുടിയേറ്റം നേരിടുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാനും ലോക കേരളസഭയ്ക്ക്  സാധിക്കും.

അന്താരാഷ്ട്രകുടിയേറ്റത്തെ സംബന്ധിച്ച് ലോകരാജ്യങ്ങൾക്കൊക്കെ ബാധകമാകുന്നൊരു നിയമം നിർമ്മിക്കപ്പെട്ടിട്ടില്ല. കുടിയേറുന്ന വ്യക്തികളുടെ അവകാശങ്ങൾ നിർണ്ണയിക്കുന്നതിൽ അതത് രാഷ്ട്രത്തിനാണ് നിർവഹണാധികാരം. മെച്ചപ്പെട്ട സാധ്യതകൾ മുന്നിൽ കാണുന്ന, കുടിയേറാൻ സഹായിക്കുന്ന വിധത്തിലുള്ള മൂലധനം കൈമുതലായുള്ളവർ ഉറപ്പായും കുടിയേറുക തന്നെ ചെയ്യും. ആ പശ്ചാത്തലത്തിൽ നിയന്ത്രണത്തിനു പകരം കുടിയേറ്റത്തെ കാര്യക്ഷമമായി കൈകാര്യം ചെയ്യുകയാണ് വേണ്ടത്. കുടിയേറുന്ന വിദ്യാർഥികളുമായി ബന്ധപ്പെട്ടുള്ള പ്രതിസന്ധികളെ മറികടക്കാനും, കൂടുതൽ സാധ്യതകളുള്ള ഒരു ലോകത്തിലേക്കുള്ള പുരോഗതിക്കും സഹായകമാവുക അത്തരമൊരു സമീപനമായിരിക്കും.■

അശ്വതി റെബേക്ക അശോക്, ഡോ. അശ്വിൻ ജി എസ്





മലയാളി വിദ്യാർഥികൾ കൂടുതലായി കുടിയേറുന്ന രാജ്യമാണ് യു.കെ. അതെപ്പറ്റി ചില പഠനനിരീക്ഷണങ്ങൾ

കഴിഞ്ഞ കുറച്ചു വർഷങ്ങളിലെ മലയാളി വിദ്യാർഥികളുടെ കുടിയേറ്റത്തിന്റെ കണക്ക് പരിശോധിച്ചാൽ നല്ലൊരു ശതമാനവും യു കെയിലേക്കാണ് കുടിയേറിയതെന്ന് വ്യക്തമാകും. കൂട്ടത്തോടെയുള്ള വിദ്യാർഥികളുടെ ഇത്തരം കുടിയേറ്റ പ്രവണതയെക്കുറിച്ച് പലവിധ ആശങ്കകളുണ്ടെങ്കിലും, അത് നിഷേധാത്മകമായ ഒന്നായി കാണുന്നത് ശരിയല്ല. കേരളത്തിൽ നിന്നുള്ള കുടിയേറ്റ വിദ്യാർഥികളുടെ കൂട്ടം ഒരേസ്വഭാവത്തിലുള്ളതല്ലെന്നും മനസ്സിലാക്കേണ്ടതുണ്ട്. വിദ്യാർഥികൾ ഓരോരുത്തരുടെയും ലക്ഷ്യവും തെരഞ്ഞെടുക്കുന്ന കോഴ്സുകളും വിദേശരാജ്യങ്ങൾ പഠനത്തിനായി തെരഞ്ഞെടുക്കുന്നതിനുള്ള കാരണങ്ങളും വ്യത്യസ്തമാണ്.  കേരളത്തിൽ നിന്നും യു കെ യിലേക്ക് കുടിയേറുന്ന വിദ്യാർഥികളെ പ്രധാനമായും രണ്ട് വിഭാഗങ്ങളായി തിരിക്കാം:

## അക്കാദമിക അവസരങ്ങൾ തേടിയുള്ള കുടിയേറ്റം

മികച്ച അക്കാദമിക അവസരങ്ങളും സമ്പർക്കവും തേടി കുടിയേറിയ വിദ്യാർഥികളാണ് ഈ വിഭാഗത്തിൽ വരുന്നത്. കൂടുതൽ മെച്ചപ്പെട്ട അക്കാദമിക അന്തരീക്ഷമാണ്  അവർ വിദേശസർവകലാശാലകശളിൽ തേടുന്നത്.  സ്കോളർഷിപ്പുകളിൽനിന്ന് പ്രയോജനം നേടുകയും അതുവഴി നാട്ടിലെ സാമ്പത്തിക ബുദ്ധിമുട്ട് ലഘൂകരിക്കുകയും ചെയ്യുന്ന പിഎച്ച്ഡി വിദ്യാർഥികളാണ് ഭൂരിഭാഗവും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. മികച്ച ഗുണനിലവാരവും കീർത്തിയുമുള്ള വിദേശസർവകലാശാലകളിലെ ഈ വിദ്യാർഥികൾക്ക് യു കെയിലെ തൊഴിൽവിപണിയിൽ നല്ല ശമ്പളമുള്ള ജോലികൾ നേടാനുള്ള മികച്ച അവസരം ലഭിച്ചേക്കാം.



# കുടിയേറ്റത്തിന്റെ കാണാപ്പുറങ്ങൾ



## സ്ഥിരതാമസം ലക്ഷ്യമിട്ടുള്ള കുടിയേറ്റം

യു കെയിലേക്ക് കുടിയേറുന്നതിനും സ്ഥിരതാമസമാക്കുന്നതിനുമുള്ള ഒരു മാർഗമായി വിസ ഉപയോഗിക്കുന്ന വിദ്യാർഥികളും തൊഴിലാളികളും തമ്മിലുള്ള ഒരു ഇടനിലവിഭാഗത്തെയാണ് ഈ ഗ്രൂപ്പ് പ്രതിനിധീകരിക്കുന്നത്. കൂടുതൽ സ്വതന്ത്ര അന്തരീക്ഷത്തിൽ ജീവിക്കാനുള്ള ആഗ്രഹം, മെച്ചപ്പെട്ട വരുമാനം, സാംസ്കാരികഘടകങ്ങൾ എന്നിവയാണ് അവരുടെ കുടിയേറ്റത്തിന്റെ പ്രേരകശക്തി. ഒരു വർഷത്തെ മാസ്റ്റർ കോഴ്സുകൾ തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്ക് പുറമേ, സമീപവർഷങ്ങളിൽ മൂന്ന് വർഷത്തെ ബിരുദ കോഴ്സുകളിലേക്ക് കുടിയേറുന്ന വിദ്യാർഥികളുടെ എണ്ണവും വർധിച്ചുകൊണ്ടിരിക്കുകയാണ്. ആദ്യവിഭാഗത്തിൽ നിന്ന് വ്യത്യസ്തമായി, യുകെയിൽ സ്ഥിരതാമസമാക്കാനുള്ള ഉദ്ദേശ്യത്തോടെ കുടിയേറിയ ഈ വിദ്യാർഥികൾ വിദ്യാഭ്യാസപരമോ സാമ്പത്തികമായോ മെച്ചപ്പെട്ട അവസ്ഥയിൽ നിന്നല്ല വരുന്നത്. ജനസംഖ്യയുടെ ഒരു പ്രധാന ഭാഗം താഴ്ന്ന, ഇടത്തരം-താഴ്ന്ന, അല്ലെങ്കിൽ ഇടത്തരം കുടുംബങ്ങളിൽ നിന്നുള്ളവരാണ്. ട്യൂഷൻ ഫീസ് കണ്ടെത്തുന്നതിനും യു കെയിലേക്കുള്ള അവരുടെ യാത്ര സുഗമമാക്കുന്നതിനുമായി പലപ്പോഴും വായ്പകളോ വീടുകൾ ഉൾപ്പെടെയുള്ള സ്വത്തുക്കൾ പണയപ്പെടുത്തിയോ ആണ് ഇവർ കുടിയേറുന്നത്.

ഈ ഗ്രൂപ്പിലെ ഒരു വിഭാഗം വിദ്യാർഥികൾ വിവിധ കാരണങ്ങളാൽ കേരളത്തിലേക്ക് മടങ്ങേണ്ടെന്നും തീരുമാനിച്ചേക്കാം. അക്കാദമിക് തൊഴിൽ അവസരങ്ങൾ, ഗവേഷണസൗകര്യങ്ങൾ, വ്യാവസായിക തൊഴിലിന്റെ വ്യാപ്തി, കരിയർ ഓപ്ഷനുകൾ, സാംസ്കാരികഘടകങ്ങൾ ഇവയൊക്കെ കാരണമാകാം. അതിനാൽ ഈ വിഭാഗത്തെ കേരളത്തിൽ നിലനിർത്തുന്നതും നമ്മുടെ അക്കാദമികമേഖലയിലേക്ക് മടങ്ങിവരാൻ പ്രേരിപ്പിക്കുന്നതും വെല്ലുവിളിയാണ്. അവരുടെ പരിചയസമ്പത്ത് കേരളകേന്ദ്രിതമായ നയങ്ങൾ രൂപവൽക്കരിക്കുന്നതിനും സംസ്ഥാനത്തിന്റെ അക്കാദമിക് ഗുണനിലവാരം വർധിപ്പിക്കുന്നതിനും പരിഗണിക്കാവുന്നതാണ്.

1. വിദ്യാർഥികളിൽ പലരും, പ്രത്യേകിച്ച് സാമൂഹികശാസ്ത്ര വിഷയങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ, കേരളവുമായി ബന്ധപ്പെട്ട വിഷയങ്ങളെ അടിസ്ഥാനമാക്കി ഗവേഷണം നടത്തുകയോ പിഎച്ച്ഡി നേടുകയോ ചെയ്യുന്നവരാണ്. എന്നാലും അത്തരം വിദ്യാർഥികളുടെ ശരിയായ ഡേറ്റാബേസ് ഇല്ലാത്തതിനാൽ, കേരളത്തിന്റെ വികസനവീക്ഷണങ്ങൾ രൂപപ്പെടുത്തുമ്പോൾ ഈ ഗവേഷണ ഫലങ്ങളിൽ പലതും ശ്രദ്ധിക്കപ്പെടാതെയോ ഉപയോഗിക്കപ്പെടാതെയോ പോകുന്നു. അതിനാൽ കേരളത്തിന് പുറത്തുള്ള വിവിധ സർവകലാശാലകളിൽ നിന്നുള്ള വിദ്യാർഥികളുടെ ഗവേഷണമേഖലയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടെയുള്ള ഒരു ഡേറ്റാബേസ് സ്ഥാപിക്കേണ്ടത് പ്രധാനമാണ്.

2. കേരളത്തിന്റെ അക്കാദമിക, വികസനനയങ്ങളിൽ സംഭാവന നൽകാൻ താല്പര്യമുള്ള ഒരു സംഘം വിദ്യാർഥികളുണ്ട്. അത്തരം വിദ്യാർഥികളെ നിലനിർത്താനും കേരളത്തിന്റെ പ്രത്യേക വിഷയങ്ങളിൽ ഗവേഷണം നടത്താനും സർക്കാർ പ്രോത്സാഹിപ്പിക്കണം. കേരളത്തിൽ പോസ്റ്റ്- ഡോക്ടറൽ അവസരങ്ങൾ ക്ഷണിക്കുന്നതിന് പുറമേ കേരളവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മറ്റെവിടെയെങ്കിലും വിദ്യാർഥികൾക്ക് ഹ്രസ്വകാല ഗവേഷണ ഗ്രാന്റുകൾ നൽകുന്നുണ്ടോ എന്നും പരിശോധിക്കാവുന്നതാണ്. കേരളത്തിന്റെ അക്കാദമിക മേഖലയെ മെച്ചപ്പെടുത്തുന്നതിനും നമുക്ക് പ്രത്യേകമായ നയങ്ങൾ രൂപവൽക്കരിക്കാൻ സഹായിക്കുന്നതിനും പുറമേ, ഇത്തരം ഗവേഷണശ്രമങ്ങൾ കേരളത്തിന്റെ അതുല്യമായ വികസനപാത ചൂണ്ടിക്കാട്ടുന്ന അന്താരാഷ്ട്ര ജേണൽ പ്രസിദ്ധീകരണങ്ങൾക്കും ഗുണകരമാകും.

**കേരളത്തിന് പുറത്തുള്ള വിവിധ സർവകലാശാലകളിൽ നിന്നുള്ള വിദ്യാർഥികളുടെ ഗവേഷണമേഖലയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടെയുള്ള ഒരു ഡേറ്റാബേസ് സ്ഥാപിക്കേണ്ടത് പ്രധാനമാണ്**

3. ഒരു മെന്റർഷിപ്പ് സംവിധാനം നടപ്പിലാക്കുകയും ഈ വിദ്യാർഥികളുമായി നിരന്തരസമ്പർക്കം പുലർത്തുകയും ചെയ്യുന്നത് സഹകരണവും വിവര വിനിമയവും വളർത്തിയെടുക്കാൻ സഹായിക്കും. അന്താരാഷ്ട്ര അക്കാദമികരംഗത്തെ നിലവിലെ മാറ്റങ്ങളെക്കുറിച്ചും ഓരോ വിഭാഗത്തിലെയും രീതിശാസ്ത്രപരമായ മുന്നേറ്റങ്ങളെക്കുറിച്ചും കേരളത്തിന്റെ അക്കാദമിക മേഖലയെ പുതുക്കാൻ ഈ സമീപനം സഹായിക്കും.

## പെരുകുന്ന റിക്രൂട്ട്മെന്റ് ഏജൻസികൾ

ഈ അവസരം മുതലെടുത്ത്, യു കെയിലെ വിവിധ സർവകലാശാലകളിലേക്ക് പ്രവേശനം നേടുന്നതിന് വിദ്യാർഥികളെ സഹായിക്കുമെന്ന് അവകാശപ്പെടുന്ന നിരവധി സ്വകാര്യ ഏജൻസികളും കൺസൾട്ടൻസികളും കേരളത്തിൽ പെരുകി തുടങ്ങി. വിവിധ സർവകലാശാലകളുമായുള്ള അഫിലിയേഷനുകളും കമ്മിഷൻ ഘടനകളും അടിസ്ഥാനമാക്കിയുള്ള ഇത്തരം ഏജൻസികൾ നിർദേശിക്കുന്ന സ്ഥാപനങ്ങളിലും കോഴ്സുകളിലുമായിരിക്കും പലപ്പോഴും

## നിർദേശങ്ങളും ശുപാർശകളും

1

സാഹചര്യങ്ങൾ കണക്കിലെടുത്ത് യു കെയിലേക്ക് വിദ്യാർഥികളെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ ഏജൻസികൾക്ക് മേൽ സർക്കാർ നിരീക്ഷണസംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. മൈഗ്രേഷൻ പ്രക്രിയകൾ ആരംഭിക്കുന്നതിനു മുൻപുതന്നെ വിദ്യാർഥി, ഉദ്യോഗാർഥികൾക്കായി നിർബന്ധിത ബോധവത്കരണ പരിപാടികൾ നടത്താൻ സർക്കാരിന് കൺസൾട്ടിങ് ഏജൻസികളെ നിയോഗിക്കാവുന്നതാണ്. തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യാനും കുറ്റക്കാർക്കെതിരെ ഉടനടി നടപടികൾ സ്വീകരിക്കാനും പ്രത്യേകം സംവിധാനം ഏർപ്പെടുത്തുന്നത് ഏറെ ഗുണം ചെയ്യും.

2

സംസ്ഥാനത്ത് നിന്ന് കുടിയേറിയ വിദ്യാർഥികളുടെ സമഗ്രമായ ഒരു ഡേറ്റാബേസ് സ്ഥാപിക്കുന്നത് നോർക്കയ്ക്ക് പരിഗണിക്കാവുന്നതാണ്.. കൂടാതെ ഈ വിദ്യാർഥികളുടെ യാത്രയ്ക്ക് മുമ്പ് നിർബന്ധിത രജിസ്ട്രേഷൻ പരിഗണിക്കണം, ഇത് മികച്ച ട്രാക്കിംഗിനും സഹായവും വിവരങ്ങളും വാഗ്ദാനം ചെയ്യാനും അടിയന്തരസാഹചര്യങ്ങളിലോ അഴിമതികൾ പോലുള്ള പ്രശ്നങ്ങളിലോ സമയോചിതമായ ഇടപെടൽ സാധ്യമാക്കാനും സഹായിക്കും.

3

യു കെ യിൽ എത്തിയതിനുശേഷം നിരവധി വിദ്യാർഥികൾക്ക് മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു. സാംസ്കാരികവ്യത്യാസങ്ങൾ കാരണം യു കെയിലെ മന:ശാസ്ത്രജ്ഞർക്ക് ഈ വിഭാഗത്തിന്റെ ആവശ്യങ്ങളും പ്രശ്നങ്ങളും പൂർണ്ണമായി മനസിലാക്കുന്നതും കൈകാര്യം ചെയ്യുന്നതും വെല്ലുവിളികൾ ഉണ്ടാക്കുന്നു. എന്നാൽ, മന:ശാസ്ത്രജ്ഞരുടെ ടീമിനെ ഒന്നിപ്പിച്ച് ഓൺലൈൻ കൗൺസിലിങ് സേവനങ്ങൾ നൽകുന്നതിന് നോർക്കയ്ക്കും അവിടെയുള്ള മലയാളി സംഘടനകൾക്കും സാധിക്കും.

വിദ്യാർഥികൾക്ക് അഡ്മിഷനെടുക്കേണ്ടി വരുന്നത്. യുകെയിൽ എത്തിച്ചേരുക എന്ന പ്രാഥമികലക്ഷ്യം കണക്കിലെടുക്കുമ്പോൾ, അവർ ചേരുന്ന സർവകലാശാലകളുടെയും കോഴ്സുകളുടെയും ഗുണനിലവാരത്തിനെ കുറിച്ചോ റാങ്കിങ്ങിനെക്കുറിച്ചോ വേണ്ടത്ര ശ്രദ്ധ വിദ്യാർഥികളും നൽകാറില്ല. ദൗർഭാഗ്യവശാൽ കേരളത്തിൽ നിന്നുള്ള നിരവധി വിദ്യാർഥി കുടിയേറ്റക്കാർ അവരുടെ കരിയറിനെ കാര്യമായി സഹായിക്കാതിരുന്ന കോഴ്സുകളിലേക്കാണ് എത്തിപ്പെട്ടത്.

യു കെയിലെ അവരുടെ ജീവിതച്ചെലവ് കണ്ടെത്തുന്നതിനും വായ്പകൾ തിരിച്ചടയ്ക്കുന്നതിനുമായി ഈ വിദ്യാർഥികൾ പാർട്ട്ടൈം ജോലികളിൽ ഏർപ്പെടുന്നു. കെയർ ഹോമുകൾ, വെയർ ഹൗസുകൾ അല്ലെങ്കിൽ കടകളിലും മറ്റുമാണ് സാധാരണയായി ഇവരുടെ പാർട്ട്ടൈം ജോലികൾ. പലപ്പോഴും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ വിദ്യാഭ്യാസത്തെ അവഗണിച്ച് തൊഴിലിന് കൂടുതൽ മുൻഗണന നൽകുന്ന അവസ്ഥയിലേക്ക് കൊണ്ടെത്തിക്കുന്നു.

ഈ വിഭാഗത്തിന്റെ വർധിച്ചു വരുന്ന കടന്നുകയറ്റം, യു കെയിൽ പാർട്ട്ടൈം തൊഴിലവസരങ്ങൾ കുറയുന്നതിനും വർധിച്ചു വരുന്ന ജീവിതച്ചെലവ് നേരിടാനും വായ്പകൾ തിരിച്ചടയ്ക്കാനും ശ്രമിക്കുന്ന വിദ്യാർഥികൾക്ക് കാര്യമായ വെല്ലുവിളി ഉയർത്തുന്നുണ്ട്. കൂടാതെ ഇമിഗ്രേഷൻ നിയമങ്ങൾ കർശനമാക്കാനുള്ള യുകെ ഗവൺമെന്റിന്റെ പദ്ധതി വിദ്യാർഥികളെ കൂടുതൽ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നതിനും സർവകലാശാലകളുടെ നിരീക്ഷണം വർധിപ്പിക്കുന്നതിനും കുടിയേറ്റക്കാർക്ക് തൊഴിലവസരങ്ങൾ കുറയ്ക്കുന്നതിനും ഇടയാക്കുന്നു. തൊഴിൽ വീസ ലഭിക്കുന്നതിനോ കോഴ്സുകൾ പൂർത്തിയാക്കുന്നതിനോ ഉള്ള ബുദ്ധിമുട്ടുകൾ കാരണം നിരവധി വിദ്യാർഥികൾ കേരളത്തിലേക്ക് മടങ്ങുന്നത് ഇവിടുത്തെ സമ്പദ് വ്യവസ്ഥയെ ദീർഘകാലാടിസ്ഥാനത്തിൽ ബാധിക്കും. യൂണിവേഴ്സിറ്റി ഫീസിനും മൈഗ്രേഷൻ ചിലവുകൾക്കും വേണ്ടി കടമെടുത്ത വായ്പാതുക തിരിച്ചടക്കാൻ കഴിയാത്തത് സാഹചര്യം കൂടുതൽ സങ്കീർണ്ണമാക്കും. സംസ്ഥാനത്ത് സാമ്പത്തിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.



വിദ്യാർഥികൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന വെല്ലുവിളി കുടിയേറ്റത്തിന്റെ തുടക്കത്തിലും യു കെയിൽ എത്തിയതിനു ശേഷവും തുടരുന്ന തട്ടിപ്പുകൾക്ക് ഇരയാകലാണ്. വിദ്യാർഥികളുടെ എടുത്തുചാട്ടവും അവബോധമില്ലായ്മയും ഏജന്റുമാർ മുതലെടുക്കുന്നതിലൂടെ വീസ നേടുന്നതിനും യു കെയിൽ തുടരുന്നതിനുമായി അവർക്ക് പലപ്പോഴും നിയമവിരുദ്ധമാർഗങ്ങൾ സ്വീകരിക്കേണ്ടി വരുന്നുവെന്നാണ് സമീപകാല പഠനങ്ങൾ ചൂണ്ടികാണിക്കുന്നത്.■

യു.കെയിലെ പോർട് സ്മൗത്ത് സർവകലാശാലയിൽ സാമ്പത്തികശാസ്ത്രവിഭാഗം ഗവേഷകയാണ് അശ്വതി റെബേക്ക അശോക്.

കോഴിക്കോട് എൻഐടിയിൽ ഗണിതശാസ്ത്രം അഡ്-ഹോക് ഫാക്കൽറ്റിയാണ് ഡോ. അശ്വിൻ ജി.എസ്



# അതിജീവനത്തിന്റെ



പ്രവാസജീവിതത്തിന്റെ നോവുകളെയും ദുരിതങ്ങളെയും അടയാളപ്പെടുത്തിയ നോവൽ ആടുജീവിതം ചലച്ചിത്ര രൂപത്തിലെത്തിയപ്പോഴും മലയാളികൾക്ക് തീവ്രമായ അനുഭവമായി. നോവലിൽ നിന്നും സിനിമയിലേക്കുള്ള യാത്രയും ഷൂട്ടിങ്ങ് പ്രതിസന്ധികളും പ്രവാസജീവിതത്തിലെ കഷ്ടപ്പാടുകളും അതിജീവനവും തുടങ്ങി പ്രേക്ഷകന്റെ ഉള്ള് പൊള്ളിച്ച കാഴ്ചാനുഭവത്തെക്കുറിച്ചുമൊക്കെ സംവിധായകൻ ബ്ലെസി പറയുന്നു

**? വർഷങ്ങൾ നീണ്ട സ്വപ്നസാക്ഷാത്കാരമാണല്ലോ ആടുജീവിതം സിനിമ. എന്തുകൊണ്ടാണ് പ്രവാസജീവിതത്തെ ആസ്പദമാക്കി ഒരു സിനിമ ഒരുക്കണമെന്ന് തോന്നിയത്?**

പ്രവാസജീവിതത്തെ ബന്ധപ്പെടുത്തി മാത്രമല്ല, ലോകസിനിമയിലും മലയാളസിനിമയിലും ഇന്ത്യയുടെ ചരിത്രം, സ്വാതന്ത്ര്യസമരം അതിന്റെ ചുറ്റുപാടുകൾ, സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുള്ള ഇന്ത്യ, കേരളത്തിന്റെ രാഷ്ട്രീയപശ്ചാത്തലം, ഭൂപരിഷ്കരണം ഇങ്ങനെ ഒരുപാട് മാറ്റങ്ങളിലൂടെ കടന്നുപോയ ഒരു ജനതയെ അടയാളപ്പെടുത്തുന്ന രീതിയിലുള്ള ആവിഷ്കാരങ്ങൾ അധികമൊന്നും സാഹിത്യത്തിലും സിനിമയിലും ഉണ്ടായിട്ടില്ല. അതുപോലെ അപൂർവം ചില സിനിമകൾ ഒഴിച്ചു നിർത്തിയാൽ ഇത്രയധികം പ്രവാസികളുള്ള നമ്മുടെ ഭൂമികയിൽ നിന്നും പ്രവാസികളുടെ ജീവിതം പ്രമേയമാക്കിയുള്ള രചനകളും സിനിമകളും സംഭവിക്കുന്നില്ല എന്ന് പറയേണ്ടി വരും. അങ്ങനെയൊരു ചിന്തയിൽ നിന്നുമാണ് നോവലിന്റെ ദൃശ്യസാധ്യതയ്ക്കൊപ്പം ലോകമെമ്പാടുമുള്ള മലയാളികൾ വളരെയധികം വായിച്ച പുസ്തകമായ ബെന്യാമിന്റെ ആടുജീവിത്തെ സിനിമയാക്കാം എന്ന തോന്നലുണ്ടായത്.

**? നോവലിനെ സിനിമയാക്കിയപ്പോൾ നേരിട്ട ബുദ്ധിമുട്ടുകൾ?**

ഇത്രയധികം വായിക്കപ്പെട്ട നോവൽ എന്ന് പറയുമ്പോൾ വായനക്കാരന്റെ മനസ്സിൽ ഒരുപാട് ബിംബങ്ങൾ സൃഷ്ടിച്ചിട്ടുണ്ടാകും. പുസ്തകം അതേ രൂപത്തിൽ സിനിമയാക്കുന്നതല്ല, യഥാർഥത്തിലുള്ള ഫിലിം മേക്കിങ്ങ് എന്ന വ്യക്തമായ ധാരണയോടുകൂടിയാണ് ആടുജീവിതത്തെ സമീപിച്ചത്. എങ്കിലും വായനക്കാരന്റെ മനസ്സിലുള്ള ബിംബങ്ങൾക്കൊപ്പമോ അതിൽ ഉപരിയായിട്ടുള്ളതോ ആയ ദൃശ്യാനുഭവം നൽകിയാൽ മാത്രമേ സിനിമ സ്വീകരിക്കപ്പെടുകയുള്ളൂ. അതിനായുള്ള ശ്രമമാണ് ആടുജീവിതത്തിന്റെ ദൃശ്യാവിഷ്കാരത്തിലൂടെ നടത്തിയത്.

**? മരുഭൂമിയിലെ കഷ്ടപ്പാടുകളും അതിജീവനവും നോവലിൽ വിശദമായി പറയുന്നുണ്ട്. അതിനെ പരിമിതമായ സമയത്തിനുള്ളിൽ പ്രേക്ഷകരിലേക്ക് എത്തിക്കാൻ ശ്രമിച്ചത് എത്രമാത്രം ബുദ്ധിമുട്ടുള്ളതായിരുന്നു ?**

പുസ്തകത്തിലെ അതേ കാര്യങ്ങൾ പറയാൻ ശ്രമിച്ചാൽ ഒരു പക്ഷേ നാലോ അഞ്ചോ സിനിമകൾ ചെയ്യേണ്ടതായി വരും. സാഹിത്യത്തെ സംബന്ധിച്ച് വാക്കുകളുടെ മനോഹാരിതയിലൂടെയും ഭാവനയിലൂടെയുമാണ് വായനക്കാരനുമായി സംവദിക്കുന്നത്. വായിക്കുമ്പോൾ നമ്മുടെ മനസ്സിൽ തന്നെയാണ് എഡിറ്റിങ്ങ് നടക്കുന്നത്. പക്ഷേ സിനിമ കാഴ്ചയിലൂടെയാണ് പ്രേക്ഷകരുടെ ഉള്ളിലേക്ക് പതിയുന്നത്. യാഥാർഥ്യവുമായി ചേർന്നുനിൽക്കുന്ന രീതിയിലാണ് സിനിമ ആളുകൾക്ക് അനുഭവവേദ്യമാകുന്നത്. വായനക്കാരന്റെ ഇഷ്ടത്തിന് അനുസരിച്ച് ഒരു പുസ്തകം വായിച്ചു തീർക്കാം. പക്ഷേ സിനിമയ്ക്കിടയിൽ ഒരു ഇടവേള മാത്രമാണ് ഉള്ളത്. ഓരോ സീനും കൃത്യമായി ലിങ്ക് ചെയ്യാൻ സാധിച്ചില്ലെങ്കിൽ കാഴ്ചയ്ക്ക് തുടർച്ച ലഭിക്കാതെ വരും. മരുഭൂമിയിലെ രംഗങ്ങൾ നോവൽ പറഞ്ഞുവെച്ചതിനേക്കാൾ കൂടുതൽ സിനിമയിൽ ചെയ്തിട്ടുണ്ട്. വൈകാരികമായ തുടർച്ചയിലൂടെ കഥ പറയുകയെന്നത് സിനിമയുടെ മാജിക്കാണ്. അതിലേക്ക് പ്രേക്ഷകരെ എത്തിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

## ജോർദാനിലെ വെല്ലുവിളികൾ

**? ഒരുപാട് വെല്ലുവിളികളെ അതിജീവിച്ചാണ് കോവിഡ് സമയത്തും ആടുജീവിതം പൂർത്തിയാക്കിയത്. ജോർദാനിലെ ചിത്രീകരണ അനുഭവം എങ്ങനെയായിരുന്നു?**

ലോകമെമ്പാടുമുള്ള ജനത മഹാമാരിയെ ആശങ്കയോടെ നേരിടുന്ന സമയത്താണ് 2020 മാർച്ചിൽ ജോർദാനിൽ അകപ്പെടുന്നത്. താമസിക്കുന്ന സ്ഥലത്ത് ആദ്യം അഞ്ച് പേർ മാത്രമാണ് ഉണ്ടായിരുന്നത്. പിന്നീടാണ് ഇന്ത്യയിൽ നിന്നും മറ്റു ഭാഗത്തുനിന്നുമെല്ലാം ആളുകൾ എത്തുന്നത്. സിനിമയുടെ ടീം താമസിച്ചിരുന്നത് ഒരുപാട് വിദേശികൾ ഉണ്ടായിരുന്ന റിസോർട്ടിലാണ്. കൊറോണയുടെ വാർത്തകൾ വന്നതോടുകൂടി ചുറ്റുമുള്ള ആളുകൾ ഒഴിഞ്ഞുപോയതോടെ ഞങ്ങൾ മാത്രമായി. ബന്ദും ഹർത്താലുമൊക്കെ അനുഭവിക്കുന്ന മലയാളികൾക്ക് ഒന്നോ രണ്ടോ ദിവസം ഒറ്റപ്പെട്ടു പോകുന്നത് അത്ര പ്രശ്നമുള്ളതല്ലല്ലോ എന്ന ചിന്തയാണ് ആദ്യം വന്നത്. പക്ഷേ

# ആടുജീവിതം







എത്രകാലം എന്ന് പറഞ്ഞറിയിക്കാൻ പറ്റാത്ത രീതിയിലേക്ക് അനിശ്ചിതമായി നീണ്ടപ്പോഴാണ് കാര്യങ്ങളുടെ ഗൗരവം മനസിലായത്. മരുഭൂമിയിൽ ഒറ്റപ്പെടുമ്പോഴുള്ള ബുദ്ധിമുട്ടുകളും എന്താണെന്നുള്ളത് മനസ്സിലായി തുടങ്ങി. ആദ്യപ്രശ്നം വെള്ളത്തിന്റെ ലഭ്യത ആയിരുന്നു. ഇത്രയും ആളുകൾക്ക് ഏത് രീതിയിൽ വെള്ളം സ്റ്റോക്ക് ചെയ്യാം എന്നതൊക്കെ ആ സമയത്ത് വെല്ലുവിളി തന്നെയായിരുന്നു. രണ്ടാമത്തെ പ്രശ്നം ഭക്ഷണമാണ്. ജോർദാനിലെ വാദി റം പ്രധാനപ്പെട്ട ടൂറിസ്റ്റ് സ്പോട്ടുകളിലൊന്നാണ്. ധാരാളം റിസോർട്ടുകൾ ഉള്ള സ്ഥലം കൂടിയാണിത്. അവിടെ നിന്നും ആളുകൾ ഒഴിഞ്ഞപ്പോൾ ശേഖരിച്ചുവെച്ചിരുന്ന ഭക്ഷണം എടുക്കുവാൻ സാധിച്ചു എന്നത് സഹായകരമായി. ഭക്ഷണത്തിനും വെള്ളത്തിനും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ജോർദാനിലെ മാനേജ്മെന്റ് ശ്രദ്ധിച്ചു എന്നത് നന്ദിയോടെ ഓർക്കുന്നു. വാർത്തകൾ അറിയാൻ മൊബൈൽ മാത്രമായിരുന്നു മാർഗം. അറിയുന്ന വാർത്തകളെല്ലാം ആളുകൾ നാട്ടിൽ ചുറ്റും നടക്കുന്ന മരണത്തെക്കുറിച്ചുള്ള ആശങ്ക പങ്കുവയ്ക്കുന്നതായിരുന്നു. തികച്ചും യുദ്ധസമാനമായ അന്തരീക്ഷത്തെയാണ് മുഖാമുഖം കണ്ടത്. ഈ അവസ്ഥയെ എങ്ങനെ മറികടക്കാം എന്നതായിരുന്നു അടുത്ത ചിന്ത. ജോർദാനിൽ കോവിഡ് റിപ്പോർട്ട് ചെയ്തിരുന്നില്ല എന്നത് ഞങ്ങൾക്കും കുടുംബത്തിനും ആശ്വാസകരമായിരുന്നു. ഒരു ഗ്രൂപ്പിനെ നയിക്കുന്ന ആളെന്ന രീതിയിൽ ഓരോരുത്തരെയും എങ്ങനെ ആശ്വസിപ്പിക്കാം എന്നാണ് പിന്നീട് ചിന്തിച്ചത്. ഒരുമിച്ച് ചേർന്നുള്ള കളികളും ഡാൻസും പാട്ടുമൊക്കെ ഒരു പരിധിവരെ ആ അവസ്ഥയെ മറികടക്കാൻ സഹായിച്ചു.

**? ജോർദാനിൽ അകപ്പെട്ട സമയത്ത് പ്രവാസി മലയാളികളുടെ സഹകരണം എങ്ങനെയായിരുന്നു ?**

ആ സമയത്ത് നാട്ടിൽ നിന്ന് മുഖ്യമന്ത്രി ഉൾപ്പെടെ നിരവധി ആളുകൾ ബന്ധപ്പെടുകയും ഞങ്ങളുടെ സംരക്ഷണത്തിനുവേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. പ്രവാസജീവിതത്തിന്റെ ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകുമ്പോൾ സ്വന്തം നിലനിൽപ്പിനെ കുറിച്ച് കൃത്യമായി ബോധ്യവും മറ്റൊരാളെ സഹായിക്കാനുള്ള മനസ്സും ഉണ്ടാകും. ആഴ്ചയിലൊരിക്കൽ തിരുവനന്തപുരം സ്വദേശിയായ ജോർദാനിലുള്ള പ്രവാസിവ്യവസായി ഞങ്ങൾക്കായി കൊണ്ടുവരുന്ന കേരളത്തിന്റെ തനതുരീതിയിൽ തയ്യാറാക്കിയ ഭക്ഷണത്തിനായി ഞങ്ങൾ കാത്തിരിക്കുമായിരുന്നു. 80 പേരോളം വരുന്ന സംഘത്തിന് യാതൊരു മടിയും കൂടാതെ അദ്ദേഹം ഭക്ഷണം എത്തിക്കുമായിരുന്നു. ജോർദാനിലെ പിടിച്ചുനിൽപ്പിന് ഇതൊക്കെ സഹായകമായി.

**? വിദേശ താരങ്ങൾ സിനിമയിൽ മർമ്മപ്രധാനമായ കഥാപാത്രങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഭാഷയുടെയും പ്രദേശത്തിന്റെയും അതിർവരമ്പുകൾ കഥാപാത്രത്തെ ഉൾക്കൊള്ളുന്നതിൽ പ്രയാസം സൃഷ്ടിച്ചോ?**

നോവലിൽ ഇബ്രാഹിം ഖാദിരിയും അറബാബുമെല്ലാം നജീബുമായി സംവദിക്കുന്നത് മലയാളത്തിൽ എഴുതിയിരിക്കുന്നതുകൊണ്ട് വായനക്കാരനെ സംബന്ധിച്ച് ഇതൊരു പ്രശ്നമല്ല. പക്ഷേ സിനിമയിൽ വരുമ്പോൾ കഥാപാത്രങ്ങളെല്ലാം അവരുടേതായ ഭാഷയിലേക്ക് മാറുകയാണ്. ഈ ആശയവിനിമയം പ്രേക്ഷകരിലേക്ക് എത്തിക്കുന്നതാണ് തിരക്കഥ ചെയ്തപ്പോൾ ബുദ്ധിമുട്ടായി തോന്നിയത്. സിനിമയിൽ സബ്ടൈറ്റിൽസ് അധികം ഉപയോഗിച്ചിട്ടില്ല. സിനിമയുടെ തുടക്കത്തിൽ അറബി സംസാരിക്കുന്ന ഭാഗങ്ങളിൽ ബോധപൂർവ്വം തന്നെ സബ്ടൈറ്റിൽസ് ഒഴിവാക്കി. മുഖ്യകഥാപാത്രം (നജീബ് ) വളരെ സാധാരണക്കാരനാണ്. സിനിമയുടെ ആദ്യഭാഗങ്ങളിൽ ഇവർ പറയുന്ന ഭാഷ നജീബിന് മനസ്സിലാകാത്തതു പോലെ തന്നെ പ്രേക്ഷകനും മനസ്സിലാക്കാൻ ബുദ്ധിമുട്ടണം. അങ്ങനെയൊരു സൈക്കോളജി സിനിമയിൽ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. സിനിമയിൽ അഭിനയിച്ചിരിക്കുന്ന വിദേശതാരങ്ങളെല്ലാം അറബും ഇംഗ്ലീഷും അറിയാവുന്നവരും അറിയപ്പെടുന്ന കലാകാരൻമാരും ആയതിനാൽതന്നെ അവർക്ക് സിനിമയ്ക്ക് ആവശ്യമുള്ളത് നൽകുവാൻ പ്രയാസം ഉണ്ടായിരുന്നില്ല.

**ലോകമെമ്പാടുമുള്ള മലയാളികളെ ഒരു കുടക്കീഴിൽ എത്തിക്കാനുള്ള ശ്രമമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി സർക്കാരിന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്**

**? സിനിമ ചെയ്യുന്നതിന് മുൻപ് നജീബുമായി സംസാരിച്ചുണ്ടാകു-മല്ലോ? നോവലിനപ്പുറം പ്രവാസജീവിതത്തെക്കുറിച്ചുള്ള അനുഭവങ്ങൾ അദ്ദേഹത്തിന് പങ്കുവയ്ക്കാൻ സാധിച്ചിരുന്നോ?**

സിനിമ ചെയ്യുന്നതിന് മുൻപ് ഒരു പ്രാവശ്യം മാത്രമാണ് നജീബുമായി സംസാരിച്ചത്. ആ സമയത്ത് നജീബ് അധികം സംസാരിക്കുന്ന പ്രകൃതമായിരുന്നില്ല. ഞാൻ അവിടെ ചെന്നപ്പോൾ മുതൽ കരയുകയായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരുപാട് കാര്യങ്ങളിൽ നോവലിലെ നജീബിൽ നിന്നും വ്യത്യാസമുണ്ട്. നജീബും സൈനുവുമായുള്ള ബന്ധം, കൂട്ടുകാരും നാട്ടുമായിട്ടുള്ള ബന്ധം ഇതൊന്നും നോവലിൽ അത്ര ആഴത്തിൽ പറയുന്നില്ല.

## കാഴ്ചയും ആടുജീവിതവും

**? താങ്കളുടെ ആദ്യസിനിമയായ കാഴ്ചയും ഒരർഥത്തിൽ പ്രവാസ-ത്തിന്റെ കഥ തന്നെയല്ലേ പറയുന്നത്? ഈ രണ്ടു സിനിമകളേയും ബന്ധപ്പെടുത്താനാകുമോ?**


പ്രവാസിയാകാൻ വിദേശത്ത് താമസിക്കണമെന്നില്ല. നമ്മുടെ സ്വന്തം അസ്തിത്വത്തിൽനിന്നും സ്വന്തം മണ്ണിൽനിന്നും മാറി മറ്റൊരു സ്ഥലത്ത് നിലനിൽപ്പിനുവേണ്ടി നടത്തുന്ന ശ്രമമുണ്ട്. അതാണ് പലപ്പോഴും പ്രവാസികളെ സംബന്ധിച്ച് ജീവിതവിജയമായി മാറുന്നത്. സ്വന്തം ഇടവും കുടുംബവും നഷ്ടപ്പെട്ട് ഒരു കൊച്ചുകുട്ടി മറ്റൊരു നാട്ടിൽ എത്തുമ്പോൾ എങ്ങനെയാണ് ഒരു സാധാരണ നാട്ടിൻപുറത്തുകാരനും സമൂഹവും അവനെ സ്വീകരിക്കുന്നത് എന്നാണ് കാഴ്ച സിനിമയുടെ പശ്ചാത്തലം. സ്നേഹബന്ധങ്ങളെ അതിരുകൾക്കപ്പുറം കാണാനും ജീവിതം കൂടുതൽ അർഥമുള്ളതാക്കാനും ഒരുപാട് വിദ്യാഭ്യാസവും പണവും വേണ്ട, വിശാലമായ മനസ്സുണ്ടായാൽ മതി എന്ന് പ്രേക്ഷകരെ ചിന്തിപ്പിക്കുന്ന സിനിമയാണ് കാഴ്ച.

**? നോവലുകൾ സിനിമ ആക്കുമ്പോൾ വായനയുടെ സുഖം ലഭിക്കാറില്ല എന്നൊരു അഭിപ്രായം ഉണ്ട്. അതിനോട് യോജിക്കുന്നുണ്ടോ?**

കാഴ്ചയേയും വായനയേയും രണ്ടു തലത്തിലാണ് കാണേണ്ടത്. ലോകക്ലാസിക്കുകളായ സൃഷ്ടികൾ പോലും അതേപടി പകർത്തുമ്പോൾ അത് പരാജയമാകാറുണ്ട്. മലയാളികളുടെ മനസിൽ ഇടംപിടിച്ച പത്മരാജന്റെ തൂവാനത്തുമ്പികൾ എന്ന സിനിമ ഉദകപ്പോള എന്ന പുസ്തകത്തിലെ ഒരു ചെറിയ ഭാഗമാണ്. അങ്ങനെ എത്ര നല്ല സിനിമകൾ മലയാളത്തിൽ വേറെയും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പുസ്തകം അതേ രീതിയിൽ പകർത്തുന്നതിലൂടെ കാഴ്ചക്കാർക്ക് പുതിയ ഒരു അനുഭവം ലഭിക്കുന്നില്ല. ചലച്ചിത്രകാരന് ഒരു വലിയ സ്വാതന്ത്ര്യമുണ്ട്, അതിന്റെ വിശാലതയിൽ നിന്ന് സിനിമ ചെയ്തില്ലെങ്കിൽ പിന്നെ ഒരു ഫിലിം മേക്കറിന്റെ ആവശ്യമില്ലല്ലോ. ഓരോരുത്തരും വ്യത്യസ്തരീതിയിലാണ് വായനയെ സമീപിക്കുന്നത്. വായിക്കാൻ എടുക്കുന്ന സ്ഥലവും സാഹചര്യവുമെല്ലാം വ്യത്യാസപ്പെടും. പക്ഷേ സിനിമ എല്ലാവരും ഒരേ ഇടത്തിലിരുന്നാണ് ആസ്വദിക്കുന്നത്. നമ്മൾ കേൾക്കുന്ന ശബ്ദവും സംഗീതവും എല്ലാം ഒന്നാണ്. ആ ഒരിടത്തിലേക്ക് പല വിഭാഗത്തിലുള്ള പ്രേക്ഷകരെ ഒന്നിച്ചെത്തിക്കുക എന്നതാണ് സിനിമയുടെ മാന്ത്രികത.

**? ചലച്ചിത്രസാങ്കേതികവിദ്യയിൽ ഉണ്ടാവുന്ന മാറ്റങ്ങൾ സിനിമയിൽ എന്തു സ്വാധീനമാണ് ഉണ്ടാക്കുന്നത്?**

സാങ്കേതികവിദ്യയിൽ നിരന്തരം സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റം ലോകസിനിമയെ പുതിയ തലമുറയോട് കൂടുതൽ അടുപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. നല്ല ശബ്ദവും കാഴ്ചാനുഭവവും ഒരുക്കാൻ ടെക്നോളജിക്ക് സാധിക്കുന്നുണ്ട്. പക്ഷേ ഇതൊക്കെ എങ്ങനെ ഉപയോഗിക്കാം എന്നിടത്താണ് കാര്യം. ഡിജിറ്റൽ വിപ്ലവം വരുത്തിയ മാറ്റം സിനിമയിൽ മാത്രമല്ല, ബന്ധങ്ങളിലും, രാഷ്ട്രീയത്തിലും, കാഴ്ചപ്പാടിലും തുടങ്ങി സമൂഹത്തിന്റെ സമസ്തമേഖലകളിലും പ്രതിഫലിക്കുന്നുണ്ട്. ഈ മാറ്റത്തെ പ്രായോഗികതലത്തിൽ എങ്ങനെ ഉപയോഗിക്കാം എന്നിടത്താണ് ടെക്നോളജിയുടെ വിജയവും പരാജയവും.



**? പ്രവാസികൾക്കുവേണ്ടി കേരള സർക്കാർ സംഘടിപ്പിക്കുന്ന ലോക കേരളസഭയെക്കുറിച്ചുള്ള അഭിപ്രായം കൂടി പങ്കിടാമോ?**

കേരളത്തിന്റെ വ്യത്യസ്ത മേഖലകളിൽ പുരോഗതി കൈവരിക്കുവാൻ പ്രവാസികളുടെ അധ്വാനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ലോകമെമ്പാടുമുള്ള മലയാളികളെ ഒരു കുടക്കീഴിൽ എത്തിക്കാനുള്ള ശ്രമമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി സർക്കാരിന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. പ്രവാസികളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും പഠിക്കുന്നതിനുമുള്ള ഒരു വേദി ഇപ്പോഴാണ് ഉണ്ടായത് എന്നതും ഒരു യാഥാർഥ്യമാണ്. പോരായ്മകൾ പരിഹരിച്ച് പുതിയ കാഴ്ചപ്പാടുകളിലേക്കും മാറ്റങ്ങളിലേക്കും ലക്ഷ്യങ്ങളിലേക്കുമെല്ലാം എത്തുവാനുള്ള ഒരു ശ്രമത്തിന്റെ ഭാഗമായതു കൂടിയാണ് രണ്ടു വർഷം കൂടുമ്പോൾ നടക്കുന്ന ലോക കേരളസഭയെ നോക്കി കാണേണ്ടത്. പ്രവാസത്തിൽ അനുഭവിക്കുന്നത് വേദനകളും ദുഃഖങ്ങളും പ്രയാസങ്ങളും മാത്രമല്ല മറിച്ച് വിവിധ രംഗങ്ങളിൽ മികവിനു വേണ്ടിയുള്ള പ്രതീക്ഷയും പോരാട്ടവും കൂടിയാണ്. സ്വന്തം നാടിന്റെ സ്വത്വം സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലോക കേരള സഭ വഴി നടത്തുന്നത് എന്നാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞ കുറച്ച് നാളുകളായി വിദേശരാജ്യങ്ങളിൽ ജോലി ചെയ്യേണ്ടി വന്ന ഒരാളെന്ന നിലയിൽ ലോക കേരള സഭയ്ക്ക് ആശംസകൾ നേരുന്നു. പ്രവാസികളെ സംബന്ധിക്കുന്ന എല്ലാ വിഷയങ്ങളും ചർച്ച ചെയ്യാൻ സാധിക്കുന്ന വേദിയാകട്ടെ നാലാം ലോകകേരള സഭ എന്ന് പ്രത്യാശിക്കുന്നു.■

പ്രവാസം >> **മോഹൻ കാക്കനാടൻ**
ഗെയ്റ്റ്വെ ലിറ്റ് ഫെസ്റ്റിന്റെ ഡയറക്ടർ, മുംബൈ മുതിർന്ന മാധ്യമപ്രവർത്തകൻ



> ജീവിതത്തിന്റെ തിരക്കിൽ മലയാളിയും ഒഴുകിനീങ്ങി. മുൻതലമുറ ആരംഭിച്ച മലയാളി സമാജങ്ങളാണ് മലയാളികളെ കൂട്ടിയിണക്കുന്ന പ്രധാന കേന്ദ്രങ്ങൾ

പ്രവാസത്തിന്റെ നാൾവഴികളിൽ മദിരാശിയോ കൽക്കത്തയോ ഡൽഹിയോ പോലെ തന്നെ മലയാളിക്ക് ഏറ്റവും പഴക്കമേറിയ നഗരങ്ങളിലൊന്നാണ് മുംബൈ. രാജ്യത്തിന്റെ വ്യാവസായിക സിരാകേന്ദ്രമായതുകൊണ്ട് എല്ലാത്തരത്തിലുമുള്ള ജനങ്ങൾക്ക് മുംബൈ താവളമായി; ചെറുകിട ബിസിനസ്സുകളും ടൈപ്പ് റൈറ്റിങ്ങും മറ്റനവധി ജോലികളുമായി തുടങ്ങിയ ആ കുടിയേറ്റം എഴുപതുകളായപ്പോഴേക്കും കേരളത്തിന്റെ ഓരോ പഞ്ചായത്തിലെയും ഒരാളെങ്കിലും മുംബൈക്കാരനാവുന്ന തരത്തിലേക്ക് മാറി. വി. കെ. കൃഷ്ണമേനോൻ 1952-ൽ വടക്കൻ മുംബൈയിൽ കോൺഗ്രസ് സ്ഥാനാർഥിയായതോടെ കേരളത്തിനുപുറത്ത് ആദ്യമായി ഒരു മലയാളി തെരഞ്ഞെടുപ്പിൽ മത്സരിച്ചുജയിച്ച പ്രദേശം എന്ന പെരുമകൂടി നഗരത്തിന് കൈവന്നു. പക്ഷെ, പ്രാദേശികവാദത്തിന്റെ തിക്താനുഭവങ്ങളും മുംബൈയിലെ ആദ്യകാല മലയാളികൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

# മുംബൈ മലയാളി യാന്ത്രികതയിൽ തുടരുന്ന ജീവിതം



രാജ്യത്തെ സമ്പദ്ഘടനയുടെ സിരാകേന്ദ്രം എന്ന വിശേഷണത്തിൽ നഗരം തുടരുമ്പോഴും മലയാളിയുടെ ജോലിതേടിയുള്ള മുംബൈയിലേക്കുള്ള വരവ് അടുത്തകാലങ്ങളിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നഗരം വികസിച്ചതോടെ വൻകിട കെട്ടിടനിർമ്മാതാക്കൾ നഗരത്തിലെ തുണിമില്ലുകൾ ഏറ്റെടുത്ത് 90-100 നിലകളുള്ള ഫ്ളാറ്റ് സമുച്ചയങ്ങൾ പണിതീർത്തപ്പോൾ ദക്ഷിണ മുംബൈ മൊത്തത്തിൽ കോടീശ്വരന്മാരുടെ മാത്രമായി. നേരത്തെ നഗരത്തിൽ സ്ഥിരതാമസമാക്കിയിരുന്ന മലയാളികൾ മാത്രമല്ല, സാധാരണക്കാരായ മറ്റു ഭാഷക്കാർ കൂടി മുംബൈയുടെ പ്രാന്തപ്രദേശങ്ങളിലേക്ക് മാറിത്താമസം തുടങ്ങി. പത്തൻപതു വർഷം മുൻപ് മാട്ടുംഗയും കിംങ്സ് സർക്കിളുമൊക്കെയായിരുന്നു മലയാളികളുടെ താമസകേന്ദ്രങ്ങളായിരുന്നതെങ്കിൽ ഇന്നിപ്പോൾ ഡോംബിവ്ലിയും കല്യാണും നവി മുംബൈയും മീരാറോഡും വസായിയുമൊക്കെയാണ് അവർ തിങ്ങിപ്പാർക്കുന്ന കേന്ദ്രങ്ങൾ.

## മലയാളിസമാജങ്ങൾ

ജീവിതത്തിന്റെ തിരക്കിൽ മലയാളിയും ഒഴുകിനീങ്ങി. മുൻതലമുറ ആരംഭിച്ച മലയാളി സമാജങ്ങളാണ് മലയാളികളെ കൂട്ടിയിണക്കുന്ന പ്രധാനകേന്ദ്രങ്ങൾ. പൂർവികർ വീടുവീടാന്തരം കയറിയിറങ്ങി പിരിച്ചെടുത്ത കാശുകൊണ്ടാണ് പല സമാജങ്ങളും കെട്ടിടങ്ങൾ പണിതുയർത്തിയത്. എന്നാൽ, ഒരുകാലത്ത് ശബ്ദമുഖരിതമായിരുന്ന മിക്ക സമാജം ഹാളുകളും ഇപ്പോൾ നിർജീവങ്ങളാണ്. ആസ്തി വർധിച്ചതോടെ സമാജങ്ങളുടെ സാംസ്കാരികപ്രവർത്തനങ്ങൾ കുറഞ്ഞു; ജോലിത്തിരക്കും സമയക്കുറവും മൂലം നാടകങ്ങളും ഡാൻസ് ക്ളാസുകളും ഇല്ലാതായി. അംഗങ്ങൾ പോലും വരാതായതോടെ പ്രമുഖമായ പല സമാജം കെട്ടിടങ്ങളും ഇപ്പോൾ അടച്ചുപൂട്ടലിന്റെ ഭീഷണി നേരിടുന്നു. മറ്റു ചിലതാവട്ടെ, മറിച്ചു വിൽക്കപ്പെട്ടേക്കാമെന്ന ആശങ്കയിലാണ്. നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലുള്ള ചുരുക്കം ചില കൂട്ടായ്മകൾ മാത്രം അക്ഷരസന്ധ്യയും കാവ്യസദസ്സുകളുമായി പിടിച്ചുനിൽക്കാൻ ശ്രമിക്കുന്നു.

മലയാളിയുടെ പുതിയ തലമുറ സമാജം പ്രവർത്തനങ്ങളിൽ നിന്നും അകന്ന് നിൽക്കുകയാണ്. മലയാളം പഠിക്കാനുള്ള മടി തന്നെയാണ് പ്രധാനകാരണം. നഗരജീവിതത്തിൽ മലയാളം ആവശ്യമില്ലെന്ന യാഥാർഥ്യം അവർ പൂർണ്ണമായും മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ, കേരളത്തിന്റെ സംസ്കാരവും ഈ തലമുറക്ക് വേണ്ടെന്നായിക്കഴിഞ്ഞു. പക്ഷെ മുംബൈ മലയാളിക്ക് മലയാള ഭാഷ അന്യമായി-ക്കൊണ്ടിരിക്കയാണ്. മലയാളം പറയുന്നതും വായിക്കുന്നതും അന്തസ്സിന് ചേർന്നതല്ലെന്ന ധാരണ വെച്ചുപുലർത്തുന്ന മുംബൈ മലയാളികൾ ധാരാളമുണ്ട്. കേരളസർക്കാർ നേരിട്ട് നടത്തുന്ന മലയാളം മിഷനും മലയാളം ഭാഷാപ്രചാരണസംഘവും നഗരത്തിലെമ്പാടും ഭാഷാക്ളാസുകൾ നടത്താറുണ്ടെങ്കിലും ഒരു ചെറിയ വിഭാഗം മാത്രമേ അതിൽ ചേർന്ന് പഠിക്കാൻ ഉത്സാഹം കാണിക്കാറുള്ളൂ എന്നതാണ് വാസ്തവം.

മലയാളി ഇന്ന് മുംബൈക്കാരനായി മാറിക്കഴിഞ്ഞു. അവധിക്കാലത്ത് പോയിവരാൻ മാത്രം പറ്റിയ ഒരു സ്ഥലമാണ് പലർക്കും കേരളം. അതുകൊണ്ടുതന്നെ മലയാളിയുടെ നഗരജീവിതം യാന്ത്രികമായി തുടരുന്നു.■



**മലയാളിയുടെ പുതിയ തലമുറ സമാജം പ്രവർത്തനങ്ങളിൽ നിന്നും അകന്ന് നിൽക്കുകയാണ്. മലയാളം പഠിക്കാനുള്ള മടി തന്നെയാണ് പ്രധാനകാരണം**

പ്രവാസം >> 


ആർ പ്രസന്നൻ
റസിഡന്റ് എഡിറ്റർ, മലയാള മനോരമ, ന്യൂഡൽഹി




ഡൽഹി വെറുമൊരു നഗരമോ രാജധാനിയോ അല്ല. ഒരനുഭവമാണ്. ഒരു ചരിത്ര-സാംസ്കാരിക അനുഭവം.

# മരവും പ്രവാസി മനുഷ്യനും പ്രവാസി



സാമ്രാജ്യങ്ങളുടെ ശവപ്പറമ്പാണ് ഡൽഹിയെന്ന് പറയാറുണ്ട്. മരിച്ചവരുടെ ആത്മാക്കളും ശവപ്പറമ്പിലുണ്ടാവണമല്ലോ. ഉണ്ടെന്ന് ഡൽഹി എന്നെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തെ അനുഭവം മാത്രം ഇവിടെ വിവരിക്കാം. ചരിത്രത്തിൽ അൽപം കൗതുകമുണ്ടായിരുന്ന ഞാൻ സ്ഥലംമാറ്റം ചോദിച്ചുവാങ്ങിയാണ് 1990-ൽ ഡൽഹിയിലെത്തിയത്. വായിച്ചിട്ടുള്ള ചരിത്രസംഭവങ്ങൾ നടന്ന സ്ഥലങ്ങൾ പോയിക്കാണുന്നത് ആദ്യം ലഭിച്ച അവധി ദിവസങ്ങളിൽതന്നെ തുടങ്ങി. അങ്ങനെയൊരു ഞായറാഴ്ച മോട്ടോർബൈക്കുമായി പുറപ്പെട്ട എനിക്ക് നോർത്ത് ഡൽഹിയിലെവിടെയോ വഴിതെറ്റി. ഗൂഗിൾ മാപ്പ് ഇല്ലാത്ത കാലം. കൈയിൽ കടലാസ് മാപ്പ് പോലുമില്ല. എങ്ങോട്ടെന്നുവച്ചാണ് വഴി ചോദിക്കുക? എനിക്കാണെങ്കിൽ വഴിചോദിക്കാൻ പോലുമുള്ള ഹിന്ദി വശവുമില്ല. ഒരു ചായക്കാരന്റെ മുന്നിൽ ബൈക്ക്



**ചരിത്രാനുഭവം മാത്രമല്ല ഡൽഹി; സാംസ്കാരികാനുഭവവും ബൗദ്ധികാനുഭവവുമാണ്. ഭരതനാട്യവും മണിപ്പൂരിനൃത്തവും കൊറിയൻ ഡാൻസും ഓസ്ട്രിയൻ ബാലെയും ഇവിടെ കാണാം**

നിർത്തി. ചായവാങ്ങിക്കുടിച്ച് സിഗരറ്റും കത്തിച്ച് ആലോചനതുടങ്ങി. അപ്പോഴതാ കുറച്ചകലെ ഒരു ബോർഡ് - നിക്കൾസൺ റോഡ്. പേര് കേട്ടിട്ടുണ്ടല്ലോ. ഇംഗ്ലിഷിൽ പറഞ്ഞാൽ, It rang a b-ell.

ചായയുടെയും സിഗരറ്റിന്റെയും ചൂടിൽ ചരിത്രം ഓർമ്മയിൽ തെളിഞ്ഞു. ശിപായിലഹളയെന്ന് ബ്രിട്ടിഷുകാർ വിളിക്കുന്ന 1857-ലെ സ്വാതന്ത്ര്യസമരകാലത്ത് വിപ്ലവകാരികളിൽ നിന്ന് നഗരം തിരിച്ചുപിടിക്കാൻ പഞ്ചാബിൽ നിന്നെത്തിയ ഈസ്റ്റ് ഇന്ത്യാ കമ്പനി സൈന്യത്തിന്റെ കമാൻഡർ ഒരു ബ്രിഗേഡിയർ ജോൺ നിക്കൾസൺ ആയിരുന്നു. നഗരത്തിന്റെ വടക്കേകവാടമായ കശ്മീരി ഗേറ്റ് തകർത്ത് നഗരത്തിലേക്ക് സൈന്യവുമായി പ്രവേശിക്കാൻ ശ്രമിക്കുമ്പോൾ കവാടത്തിനു മുകളിൽ നിന്നിരുന്ന ഒരു ശത്രുസൈനികൻ അദ്ദേഹത്തെ വെടിവെച്ചുവീഴ്ത്തി. വൈദ്യസഹായം നിരസിച്ച്, വീണിടത്തുതന്നെ ചോരയൊലിപ്പിച്ച് കിടന്നുകൊണ്ട് സൈനികർക്ക് വേണ്ട നിർദേശം നൽകിയ നിക്കൾസൺ ഒടുവിൽ അവിടെത്തന്നെ അന്ത്യശ്വാസം വലിച്ചു.

റോഡിൽ കുറച്ചു മുന്നിലേക്കു നീങ്ങിയപ്പോൾ, നിക്കൾസണിന്റെ കല്ലറകൂടി കണ്ടു. കശ്മീരി ഗേറ്റിന് വടക്കെവിടെയോ ആണ് ഞാൻ നിൽക്കുന്നതെന്ന് അപ്പോൾ ഉറപ്പായി. കശ്മീരി ഗേറ്റിനുമുകളിൽ നിന്നുള്ള വെടിയേറ്റാണല്ലോ നിക്കൾസൺ വീണത്. അപ്പോൾ തെക്കോട്ട് പോയാൽ കശ്മീരി ഗേറ്റ് എത്തണമല്ലോ. നേരെ തെക്കോട്ട് വിട്ടു, കശ്മീരി ഗേറ്റ് എത്തി. ഇനിയും തെക്കോട്ടുപോയാൽ റെഡ് ഫോർട്ട് - ഞാൻ ഊഹിച്ചു. അവിടെ നിന്ന് ദരിയാഗഞ്ച് വഴി തെക്കോട്ടുപോയാൽ പഴയ മഥുരാ റോഡെത്തുമെന്ന് 1857-ലെ മറ്റു സംഭവങ്ങൾ ഓർത്തെടുത്ത് ഊഹിച്ചു.


ദരിയാഗഞ്ചിന് തെക്ക് എവിടെയോ ആണല്ലോ, ഒടുവിലത്തെ മുഗൾ രാജാവ് ബഹദൂർഷാ സഫറിന്റെ മക്കളെ വില്യം ഹോഡ്സൺ വെടിവെച്ചുവീഴ്ത്തിയ ഖൂനി ദർവാസ. അവിടെനിന്നുള്ള റോഡ് ഇന്നത്തെ ബഹദൂർഷാ സഫർ മാർഗ്. എന്തിനധികം പറയണം? 133 കൊല്ലം മുമ്പ് മൺമറഞ്ഞുപോയവർ അന്ന് എന്നെ വഴിതെറ്റാതെ വീട്ടിലെത്തിച്ചു. ഇങ്ങനെ എത്രയോ അനുഭവങ്ങൾ!

## സായാഹ്നങ്ങളിലെ ബൗദ്ധികസദസ്സുകൾ

ചരിത്രാനുഭവം മാത്രമല്ല ഡൽഹി; സാംസ്കാരികാനുഭവവും ബൗദ്ധികാനുഭവവുമാണ്. ഭരതനാട്യവും മണിപ്പൂരിനൃത്തവും കൊറിയൻ ഡാൻസും ഓസ്ട്രിയൻ ബാലെയും ഇവിടെ കാണാം. മിക്കയിടങ്ങളിലും പ്രവേശനം സൗജന്യം. ഒന്നും ചെയ്യാനില്ലാത്ത ഒരു സായാഹ്നത്തിൽ ഒന്നന്വേഷിച്ചാൽ എവിടെയെങ്കിലും നിങ്ങൾക്ക് താൽപര്യമുള്ള ഒരു വിഷയത്തിൽ ഒരു ചർച്ചയോ സെമിനാറോ കാണും - അമർത്യ സെന്നിന്റെ സാമ്പത്തികശാസ്ത്രം മുതൽ യുക്രെയിനിലെ യുദ്ധവും വിവാൻ സുന്ദരത്തിന്റെ കലയും വരെ ഇവിടെ എവിടെയെങ്കിലും എപ്പോഴും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കയാണ്. മുൻ കാബിനറ്റ് സെക്രട്ടറി മുതൽ ഡൽഹി സർവകലാശാലയിൽ ഇക്കൊല്ലം അഡ്മിഷൻ നേടിയ മലയാളിപ്പയ്യൻ വരെയുണ്ടാവും കേട്ടിരിക്കാനും വാദപ്രതിവാദം. ഇത്രമാത്രം ബൗദ്ധികവ്യായാമം നടക്കുന്ന മറ്റേത് നഗരമുണ്ട്? ആർക്കും പോയിരുന്ന് വെറുതെ കേട്ടിട്ടുപോരാം, അല്ലെങ്കിൽ തോന്നിയത് പറഞ്ഞിട്ട് ഇറങ്ങിപ്പോരാം. ലൈബ്രറികൾ ഡസൻകണക്കിന്, മ്യൂസിയങ്ങളോ - നാഷണൽ മ്യൂസിയം മുതൽ ടോയ്‌ലറ്റ് മ്യൂസിയം വരെ. പിന്നെ, മലയാളത്തിലെ എത്രയോ മുൻനിരസാഹിത്യകാരന്മാർക്ക് ഡൽഹി പ്രചോദനവും പോറ്റമ്മയുമായിട്ടുണ്ട്! കൊൽക്കത്തക്കോ, മുംബൈക്കോ, ചെന്നൈക്കോ അത്രയും അവകാശപ്പെടാനാവുമോ?

ലക്ഷക്കണക്കിന് വാഹനങ്ങളും കോടിക്കണക്കിന് ജനങ്ങളുടെ വിശപ്പുമാറ്റുന്ന പഞ്ചാബിലെ ഗോതമ്പുപാടങ്ങളും ഊതിവിടുന്ന പുകമൂടിയ വായുവല്ലേ ഇവിടെയുള്ളത്? അതെ, അതും ഞങ്ങൾ ഡൽഹിക്കാർ വലിച്ചെടുക്കും, കൂടുതൽ കാർബൺ ഡയോക്സൈഡ് ചേർത്ത് പുറത്തേക്ക് ഊതും. പക്ഷേ തിരിച്ചുചോദിക്കട്ടെ, ഹൃദയഭാഗത്ത് വിശാലമായ പച്ചക്കാട് നിലനിർത്തുന്ന നഗരം വേറെയേതുണ്ട്? മുംബൈയിലോ ചെന്നൈയിലോ ബംഗളൂരുവിലോ തിരുവനന്തപുരത്തോ ഉണ്ടോ അങ്ങനെയൊന്ന്? വടക്ക്

**മുൻ കാബിനറ്റ് സെക്രട്ടറി മുതൽ ഡൽഹി സർവകലാശാലയിൽ ഇക്കൊല്ലം അഡ്മിഷൻ നേടിയ മലയാളിപ്പയ്യൻ വരെയുണ്ടാവും കേട്ടിരിക്കാനും വാദപ്രതിവാദത്തിനും**



സിവിൽ ലൈൻസ് മുതൽ തെക്ക് കുത്തബ് പ്രദേശം വരെ നീണ്ടുകിടക്കുന്ന ഡൽഹിയുടെ ശ്വാസകോശമെന്നു വിളിക്കുന്ന റിഡ്ജിനെക്കുറിച്ചാണ് പറയുന്നത്. ഇതെല്ലാം ഉള്ളിടത്തോളം കാലം ഡൽഹിയും ഡൽഹിയുടെ ആത്മസുഹൃത്തുക്കളായ, ഞങ്ങൾ പലരും, നേരത്തെ പറഞ്ഞ പരേതാത്മാക്കളും ഇവിടെയുണ്ടാവും - ഡൽഹിയിലെ പതിനായിരങ്ങളെ കൊന്നൊടുക്കിയ തിമൂറോ നാദിർഷായോ വന്നാലും, ലക്ഷക്കണക്കിന് ടൺ കാർബൺ മോണോക്സൈഡ് വന്നു നിറഞ്ഞാലും.

ഡൽഹിയിൽ ഏറ്റവും സുന്ദരമായതെന്തെന്ന് ചോദിച്ചാൽ ഇതൊന്നുമല്ല ഞാൻ കാട്ടിത്തരിക. പകരം, വിഷുവിന് രണ്ടാഴ്ച കഴിഞ്ഞ് ഇവിടെ പൂക്കുന്ന കൊന്നമരങ്ങളെയാണ്. നഗരത്തെ മുഴുവൻ സ്വർണ്ണംകൊണ്ടു മൂടിനിൽക്കുന്ന ഡൽഹിയുടെ സ്വന്തം കൊന്നകൾ. കൂട്ടത്തിൽ പറയട്ടെ, അവയും നമ്മേപ്പോലെ പ്രവാസി തന്നെ. കൊന്നയെന്നല്ല ഡൽഹിയിൽ ഇന്ന് കാണുന്ന മിക്ക വൻവൃക്ഷങ്ങളും നമ്മെപ്പോലെ പ്രവാസികളായി എത്തിയവരാണ്. കുറ്റിച്ചെടികൾ മാത്രം വളർന്നിരുന്ന ഡൽഹിയിൽ വെറും രണ്ട് നൂറ്റാണ്ടുമുമ്പാണ് റിഡ്ജിലെ കാടുകൾ നട്ടുപിടിപ്പിച്ചുതുടങ്ങിയത്. ഒരു നൂറ്റാണ്ട് മുമ്പ് രാജധാനിയായ ന്യൂഡൽഹിയിലെ വീതിയേറിയ നഗരവീഥികളുടെ വശങ്ങളിലും മരത്തൈകൾ വളർത്തി; അവയിൽ മിക്കതും ഇപ്പോൾ വൻമരങ്ങളാണ്.

ചുരുക്കം ഇത്രമാത്രം: ഡൽഹിയിൽ പ്രവാസികളെയുള്ളൂ - ഇവിടുത്തെ മരങ്ങളും ആത്മാക്കളും ഞാനുമുൾപ്പെടെ.■

പ്രവാസം >> വി മുസഫർ അഹമ്മദ്
എഴുത്തുകാരൻ, മാധ്യമപ്രവർത്തകൻ



റെമിറ്റൻസിന്റെ കണക്കുകൾ മാത്രമല്ല പ്രവാസം. അതിലെ മനുഷ്യാനുഭവങ്ങളുടെ ഒരു ശതമാനം പോലും ഇന്നും രേഖപ്പെടുത്തപ്പെട്ടിട്ടില്ല

# അടയാളപ്പെടുത്താത്ത ചരിത്രങ്ങൾ



മീരാമുഖർജിയുടെ 'പാസ്പോർട്ട് ഓഫീസിനു മുന്നിൽ വരി നിൽക്കുന്നവർ' എന്ന ശില്പം
ഫോട്ടോ: വി. മുസഫർ അഹമ്മദ്

ബംഗളൂരുവിലെ മ്യൂസിയം ഓഫ് ആർട്ട് ആൻഡ് ഫോട്ടോഗ്രഫിയിലെ (മാപ്) പ്രദർശനത്തിലാണ് മീരാമുഖർജിയുടെ 'പാസ്പോർട്ട് ഓഫീസിനു മുന്നിൽ വരി നിൽക്കുന്നവർ' എന്ന 1980ൽ ചെയ്ത വെങ്കലശില്പം കണ്ടത്. അടഞ്ഞുകിടക്കുന്ന ഒരു വാതിലിനു മുന്നിൽ പല വളവുകളും തിരിവുകളുമുള്ള അസംഖ്യം മനുഷ്യരുള്ള (ആണും പെണ്ണും) ഒരു വരിയാണ് ആ ശില്പം രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ ശില്പികളിൽ ഒരാൾ ആദ്യമായിട്ടായിരിക്കാം ഇത്തരത്തിലുള്ള, പാസ്പോർട്ട് ഓഫീസിനു മുന്നിൽ വരിനിൽക്കുന്നവരെ ചിത്രീകരിച്ചത്. 1980 കൾ ഇന്ത്യക്കാരുടെ ഗൾഫ് തൊഴിൽപ്രവാസത്തിന്റെ പ്രധാനപ്പെട്ട കാലമാണ്. കേരളത്തിൽ നിന്നും ബംഗാളിൽ നിന്നും പതിനായിരങ്ങൾ ഗൾഫിലേക്ക് കുടിയേറിക്കൊണ്ടിരുന്ന കാലം. അക്കാലത്ത് സംസ്ഥാനങ്ങളിൽ ഒരു പാസ്പോർട്ട് ഓഫീസാണുണ്ടായിരുന്നത്. ഇത്തരം ഓഫീസുകൾക്ക് മുൻപിൽ പാസ്പോർട്ട് അപേക്ഷ സമർപ്പിക്കാനുള്ള അവിശ്വസനീയമായ ജനക്കൂട്ടമാണ് എത്തിക്കൊണ്ടിരുന്നത്. പ്രവാസിയായാലും ഇല്ലെങ്കിലും പാസ്പോർട്ട് എടുത്തുവെക്കുക എന്നത് അക്കാലത്ത് ചെറുപ്പക്കാർക്കിടയിലെ

ശീലമായിരുന്നു. എറണാകുളത്തെ പാസ്പോർട്ട് ഓഫീസിൽ മൂന്നുദിവസം തുടർച്ചയായി വരിനിന്ന് പാസ്പോർട്ട് അപേക്ഷ നൽകിയ അനുഭവം പറയാറുള്ള ഒരു ബന്ധു എനിക്കുണ്ടായിരുന്നു. പാസ്പോർട്ട് സേവാകേന്ദ്രങ്ങൾ വഴി ഒരാഴ്ചകൊണ്ട് പാസ്പോർട്ട് കിട്ടുന്ന ഇക്കാലത്ത് മൂന്നുദിവസം വരിനിന്ന കഥയൊന്നും ഇപ്പോൾ ആരും വിശ്വസിക്കില്ലെന്നും അദ്ദേഹം പറയുമായിരുന്നു. ഭക്ഷണം കഴിക്കാതെയും ഉറങ്ങാതെയും മൂന്നു ദിവസം വരിയിൽ നിൽക്കുക!, പാസ്പോർട്ടിനു വേണ്ടി. അടയാളപ്പെടുത്താത്ത പ്രവാസകഥകളിലൊന്നാണിത്.

മീരാമുഖർജിയുടെ ശില്പം നോക്കി നിൽക്കുമ്പോൾ ഞാനിതോർത്തു. പ്രവാസത്തിന്റെ ആദ്യകടമ്പയായ പാസ്പോർട്ട് നേടൽതന്നെ അക്കാലത്ത്

1938ൽ വിഖ്യാത ശില്പി രാം കിങ്കർ ശാന്തിനികേതനിൽ സാക്ഷാത്ക്കരിച്ച 'സന്താൾ കുടുംബം' ആഭ്യന്തരപ്രവാസത്തിന്റെ സൂചനകൾ നൽകുന്നതാണ്. കുട്ടികളുൾപ്പെടെയുള്ളൊരു സന്താൾ കുടുംബം ( വളർത്തുപട്ടിയും കൂടെയുണ്ട് ) നടത്തുന്ന യാത്രയാണ് ഈ ശില്പത്തിന്റെ പ്രമേയം. ചിത്രകാരൻ എ. രാമചന്ദ്രൻ ഈ ശില്പത്തെക്കുറിച്ച് ഇങ്ങിനെ എഴുതി: തങ്ങളുടെ സാധനസാമഗ്രികളും, കുട്ടികളും വളർത്തുപട്ടിയുമായി ഒരു ഗ്രാമത്തിൽ നിന്നും മറ്റൊരു ഗ്രാമത്തിലേക്ക് ദേശാടനം നടത്തുന്ന ഒരു സന്താൾ കുടുംബത്തെ ആവിഷ്ക്കരിച്ച ഈ ശില്പം കാഴ്ചക്കാരനെ കൊണാർക്കിലും മഹാബലിപുരത്തുമുള്ള ഇവരുടെ മുൻഗാമികളെ ഓർമ്മിപ്പിക്കുകയും അതേ സമയം അതിന്റെ സമകാലികത ബോധ്യപ്പെടുത്തുകയും ചെയ്തു: നമ്മുടെ എല്ലാകാലത്തേയും



ഗൾഫിലേക്കു പോകുന്ന ഭർത്താവ് ഭാര്യയോട് വിടപറയുന്നു- ശാഹിദുൽ ആലം ധാക്ക എയർപോർട്ടിൽ നിന്നും പകർത്തിയ ചിത്രം. കടപ്പാട്: കൊച്ചി മുസിരിസ് ബിനാലെ ഫൗണ്ടേഷൻ

വലിയ വെല്ലുവിളിയായിരുന്നു. മീരാമുഖർജിയുടെ ശിൽപ്പത്തിലുള്ള നിരവധി മനുഷ്യരുടെ മുഖങ്ങളും ശരീരഭാഷയും അടുത്തുകാണാൻ ഞാൻ ഏറെ നേരം ചെലവിട്ടു. ശില്പത്തിലെ അടഞ്ഞുകിടക്കുന്ന വാതിൽ വളരെ വലുതാണ്. വരിയിൽ നിൽക്കുന്ന മനുഷ്യർ ചെറുതാണ്. പക്ഷെ ശില്പി മനുഷ്യരെ സൂക്ഷ്മമായി പകർത്തിയിട്ടുണ്ട്. സങ്കീർണ്ണതയിൽ മുങ്ങിനിൽക്കുമ്പോഴും ഓരോ മുഖത്തും പ്രതീക്ഷ മിന്നുന്നുണ്ട്. ഒപ്പം നെടുവീർപ്പുകൾ, ദീർഘനിശ്വാസങ്ങൾ, കാത്തിരിപ്പിന്റെ മുഷിപ്പും വിയർപ്പും- എല്ലാം ശില്പം സൂക്ഷ്മമായി നോക്കിക്കൊണ്ടുനിന്നപ്പോൾ അനുഭവിക്കാൻ കഴിഞ്ഞു. അടഞ്ഞുകിടക്കുന്ന ഓഫീസിന്റെ വാതിലിന് പാസ്പോർട്ടുമായി സാമ്യവുമുണ്ട്.

സമകാലികതയിൽ പ്രവാസം ഉണ്ടായിരുന്നു എന്ന നിലയിൽ തന്നെ ഈ അഭിപ്രായത്തെ കാണാവുന്നതാണ്. പ്രവാസം ആഭ്യന്തരമാകാം, വിദേശത്തേക്കാകാം- ആ പ്രവർത്തനം മനുഷ്യർക്കിടയിലാരംഭിച്ചതിന് നല്ല പഴക്കമുണ്ട്. ആ പഴക്കത്തെ നാം സമകാലികതയിലേക്ക് നിരന്തരം വിവർത്തനം ചെയ്യുന്നു. ഇന്നും അത് തുടരുന്നു.

ആ സമകാലികത സങ്കല്പമാണ് മീരാമുഖർജിയുടെ ശിൽപ്പത്തിനുള്ളത്. 1980ൽ പശ്ചിമബംഗാൾ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലുള്ളവർക്ക് കൊൽക്കത്തയിലായിരുന്നു പാസ്പോർട്ട് ഓഫീസ്. ശില്പത്തിലെ മനുഷ്യമുഖങ്ങൾ

സൂക്ഷ്മമായി നോക്കിയാൽ വടക്കുകിഴക്കൻ ഛായകളേയും നമുക്ക് ആ വരിയിൽ കണ്ടെത്താൻ കഴിയും. ഓഫീസിന്റെ വാതിൽ എപ്പോൾ തുറക്കും? തുറന്നാൽ എന്തായിരിക്കും സ്ഥിതി? ഉദ്യോഗസ്ഥർ കഠിനഹൃദയരായിരിക്കുമോ?- ഇങ്ങിനെയുള്ള ചോദ്യങ്ങളും ചിന്തകളും കൊത്തിവെച്ച വായുവാണ് ശില്പത്തിലെ മനുഷ്യർ ശ്വസിക്കുന്നത്. ഇന്ന് പാസ്പോർട്ടിനുള്ള വരി നിൽക്കലില്ല. പക്ഷെ, പ്രവാസത്തിൽ പല തരത്തിലുള്ള വരിനിൽപ്പ് ഇന്നുമുണ്ട്. ആശങ്ക നിറഞ്ഞ പ്രതീക്ഷയോടെയുള്ള ആ നിൽപ്പ് പ്രവാസത്തിന്റെ അടിസ്ഥാനസ്വഭാവമാണ്.

## വിളറിയ ആ ചിരി

പ്രശസ്ത ബംഗ്ലാദേശ് ഫോട്ടോഗ്രഫറാണ് ശാഹിദുൽ ആലം. പ്രവാസവുമായി ബന്ധപ്പെട്ട നിരവധി വൈകാരികമുഹൂർത്തങ്ങൾ അദ്ദേഹം പകർത്തിയിട്ടുണ്ട്. (ബംഗ്ലാദേശിലെ നിരവധി പ്രക്ഷോഭമുഹൂർത്തങ്ങൾ പകർത്തിയതിന് ഒരിക്കൽ അദ്ദേഹത്തെ അവിടുത്തെ സർക്കാർ തുറുങ്കിലടച്ചിരുന്നു). കഴിഞ്ഞ കൊച്ചി ബിനാലെയിൽ ശാഹിദിന്റെ ഫോട്ടോഗ്രാഫുകളുടെ പ്രദർശനമുണ്ടായിരുന്നു. അക്കൂട്ടത്തിൽ ഷൂസിൽ രത്നം പതിച്ച ഒരാളുടെ ചിത്രമുണ്ടായിരുന്നു. ധാക്കയിലെ ഏറ്റവും വലിയ മാൻപവർ റിക്രൂട്ട്മെന്റ് ഏജന്റായിരുന്നു അത്. വീസക്കച്ചവടത്തിലെ പണം എന്തു ചെയ്യണമെന്നറിയാതെ അയാൾ ഷൂസിൽ രത്നങ്ങൾ പതിച്ചു നടന്നു. മറ്റൊരു ചിത്രം മകനേയോ ബന്ധുവിനേയോ യാത്രയ അയയ്ക്കാനെത്തിയവർ ധാക്ക വിമാനത്താവളത്തിന്റെ പുറംവരാന്തയിൽ പ്രാർഥിക്കുന്നതിന്റേതാണ്. പ്രവാസത്തിൽ പ്രതീക്ഷകൾക്കൊപ്പം എല്ലായ്പ്പോഴും പ്രാർഥനകളും നിറയുന്നുണ്ട്.

പക്ഷെ അക്കൂട്ടത്തിൽ ഹൃദയത്തെ നുറുക്കിയ പടം ഒരു ഭാര്യയുടേയും ഗൾഫിലേക്കു പോകുന്ന ഭർത്താവിന്റേയുമാണ്. 1980 കളിൽ ധാക്ക വിമാനത്താവളത്തിൽ നിന്നാണ് ശാഹിദുൽ ആലം ഈ ചിത്രം പകർത്തിയത്. ഭർത്താവ് വിമാനത്താവളത്തിനകത്ത്. ഭാര്യ പുറത്ത്. രണ്ടു പേർക്കുമിടയിൽ ചില്ലുമതിൽ. സംസാരിച്ചാൽ കേൾക്കില്ല. ചിരിച്ചുകൊണ്ട് വിടപറയാനാണ് ഇരുവരും ശ്രമിക്കുന്നത്. പക്ഷെ, അങ്ങേയറ്റം വിളറിയ ചിരിയാണത്. ഭാര്യ പുറത്ത് ചില്ലുചുമരിനോട് ഒട്ടിനിന്ന് ഭർത്താവിന്റെ മുഖത്തേക്ക് തന്നെ നോക്കുന്നു. ഭർത്താവ് പക്ഷെ ദൃഷ്ടി താഴ്ത്തി നിൽക്കുകയാണ്.

ആ നിമിഷമാണ് ശാഹിദുൽ ആലം ക്ലിക്ക് ചെയ്തത്. പ്രവാസത്തിന്റെ ഏറ്റവും വേദനാജനകമായ നിമിഷം ഇത്തരത്തിൽ ക്യാമറയിൽ പകർത്തിയത് വേറെയെവിടെയും



‘ഈസ’യിലെ കത്തെഴുത്ത്-വായന രംഗം - ഫോട്ടോ: എ.ജെ.ജോജി

എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ഞാൻ പോയി വൈകാതെ തിരിച്ചുവരും എന്നായിരിക്കാം ഭർത്താവ് ഭാര്യയോട് പറയാൻ ശ്രമിക്കുന്നത്. പക്ഷെ, അവർ അനുഭവിക്കാൻ പോകുന്നത് വിരഹത്തിന്റെ പെരുങ്കടലാണെന്ന് വൈകാതെ ഇരുവരും തിരിച്ചറിഞ്ഞിട്ടുണ്ടാകും. ചിത്രത്തിൽ കാണുന്ന ചില്ലുമതിൽ പതുക്കെ പതുക്കെ ഒരു കടലായി രൂപാന്തരപ്പെടുന്നത് ആ ഫോട്ടോഗ്രാഫിനു മുന്നിൽ ഏറെ നേരം നിന്നപ്പോൾ ഞാനനുഭവിച്ചു. ഇന്ന് ഇതൊരു പഴങ്കഥയായി മാറിയിരിക്കുന്നു എന്നത് സത്യമാണ്. പക്ഷെ ഇത്തരത്തിലുള്ള നിരവധി പഴങ്കഥകളിൽ നിന്നേ പ്രവാസത്തിന്റെ ചരിത്രത്തെ ഒരാൾക്ക് യഥാർഥത്തിൽ കണ്ടെടുക്കാൻ കഴിയൂ. ലക്ഷക്കണക്കിന് പ്രവാസികളുണ്ടായിട്ടും ശാഹിദുൽ ആലമിനെപ്പോലെ പ്രവാസികളെ പകർത്തിയ ഒരു ഫോട്ടോഗ്രാഫർ കേരളത്തിൽ ഉണ്ടാകാതെ പോയത് എന്തു കൊണ്ടായിരിക്കും?

## പ്രവഹിക്കുന്ന കത്തുകൾ


ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ ചെറുകഥ 'ഈസ' കോവിഡ് കാലത്ത് ഗൾഫിൽ മരിച്ച ഒരാളുടെ ജീവിതത്തെ കേന്ദ്രീകരിച്ചുള്ളതാണ്. ഈസ നാട്ടിൽ പുനർജനിക്കുന്നതാണ് കഥയിലെ ഫാന്റസി. ഈ കഥ രാജു നരിപ്പറ്റ നാടകമാക്കി. മനു ജോസിന്റെ നേതൃത്വത്തിലുള്ള മുളന്തുരുത്തിയിലുള്ള 'ആല'യാണ് നാടകം രംഗത്തവതരിപ്പിച്ചത്. ഫോട്ടോഗ്രാഫർ എ.ജെ.ജോജി എടുത്ത നാടകത്തിന്റെ ചിത്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായി എനിക്കു തോന്നിയത് ഗൾഫിലേക്കും അവിടെ നിന്നും നാട്ടിലേക്കും ഒഴുകിയ കത്തുകളുടെ പ്രവാഹം ക്യാമറക്കണ്ണ് പിടിച്ചെടുത്തതാണ്. (നാടകത്തിലും ഏറ്റവും പ്രധാന രംഗമായി എനിക്കു തോന്നിയതും ഇതു തന്നെ). ഈസയുടെ ഗൾഫിലെ വാടകമുറിയിലേക്ക് ഭാര്യയുടെ, മക്കളുടെ, മാതാപിതാക്കളുടെ, സഹോദരങ്ങളുടെ കത്തുകൾ പ്രവഹിക്കുന്നു. അതൊരു കുടുംബത്തിന്റെ കത്തല്ല, കേരളത്തിലെ പതിനായിരക്കണക്കിന് കുടുംബങ്ങളിൽ നിന്നുമൊഴുകിയ കത്തുകളാണ്.

**ഇത്തരത്തിലുള്ള നിരവധി പഴങ്കഥകളിൽ നിന്നേ പ്രവാസത്തിന്റെ ചരിത്രത്തെ ഒരാൾക്ക് യഥാർഥത്തിൽ കണ്ടെടുക്കാൻ കഴിയൂ**

ഈസയുടെ മറുപടിക്കത്തും അയാളുടെ മാത്രമല്ല, ഒരിക്കൽ ഗൾഫിൽ നിന്നും കേരളത്തിലേക്കൊഴുകിയ ലക്ഷക്കണക്കിന് കത്തുകളെ പ്രതിനിധീകരിക്കുന്നതാണ്. നാടകത്തിൽ ഒരേ സമയം പലരും കത്തുകൾ വായിക്കുന്നതാണ് രംഗത്തവതരിപ്പിക്കുന്നത്. ജോജിയുടെ നിശ്ചലചിത്രങ്ങൾ ഇപ്പോൾ ഒരു ഫ്ളെയറിലെന്നപോലെ കാണുകയാണെങ്കിൽ ആ കത്തുകൾ പ്രവാസചരിത്രത്തിന്റെ നിരവധി തുടിക്കുന്ന നിമിഷങ്ങൾ പങ്കുവയ്ക്കുന്നു. ഇതും ഇന്ന് നോക്കുമ്പോൾ ഒരു പഴങ്കഥയാണ്. ഇന്നാരും അങ്ങോട്ടുമിങ്ങോട്ടും കത്തുകളയക്കുന്നില്ല. പക്ഷെ, ആ പഴങ്കഥ പിരിച്ചെഴുതിയാൽ മാത്രമേ നമ്മുടെ പ്രവാസചരിത്രം കണ്ടെത്താനാകൂ.

പാസ്പോർട്ടും വിടവാങ്ങലും കത്തുകളും അടങ്ങുന്ന പ്രവാസചരിത്രത്തിലേക്ക് ആഴത്തിലേക്ക് നോക്കാൻ ഇത്തരം സൃഷ്ടികൾ നമ്മെ തീർച്ചയായും സഹായിക്കുന്നു. റെമിറ്റൻസിന്റെ കണക്കുകൾ മാത്രമല്ല പ്രവാസം. അതിലെ മനുഷ്യാനുഭവങ്ങളുടെ ഒരു ശതമാനം പോലും ഇന്നും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. കേരളത്തിൽ പ്രവാസം പ്രമേയമാകുന്ന ഒരു മ്യൂസിയം വരുമ്പോൾ ഇത്തരം എക്സിബിറ്റുകൾ അവിടെ സ്ഥാനം പിടിക്കണമെന്ന് ആശിക്കുന്നു. ഇത്തരത്തിലുള്ള അടയാളപ്പെടുത്തലുകൾക്കാണ് പ്രവാസത്തിന്റെ യഥാർഥ അർഥം പങ്കുവയ്ക്കാൻ കഴിയുക.■

ഡോണ മയൂര
എഴുത്തുകാരി



അമേരിക്കൻ പ്രവാസത്തിൽ കൂട്ടായ എഴുത്തനുഭവങ്ങൾ

# പ്രവാസത്തിലെ അക്ഷരച്ചിറകുകൾ



സീസൺസ്- ദൃശ്യകവിത

പ്രവാസമെന്ന സങ്കടഭാരത്തിലേക്ക് വഴുതിവീഴാതിരിക്കാൻ, നെഞ്ചിൻകൂടിനുള്ളിൽ മലയാള അക്ഷരമാലയിലെ ഓരോ അക്ഷരത്തെയും തേനീച്ചച്ചിറകുകൾ മുളപ്പിച്ച്, ഹൃദയത്തിനുള്ളിൽ മൂളിപ്പറത്തിക്കൊണ്ടിരുന്നു. അതിന്റെ തുടർച്ചകളാണ് എന്നെ കവിതയുടെയും ദൃശ്യകവിതയുടെയും കൂടെ ഇരിക്കാനും തുടരാനും പ്രേരിപ്പിച്ചത്. തിരുവനന്തപുരം ജില്ലയിലെ ആറാംന്താനം എന്ന കുഞ്ഞ് ഗ്രാമത്തിൽ നിന്നും, ഇരുപത്തിയൊന്നാം വയസ്സിൽ, 1999ലെ ഒരു വൈകുന്നേരം ചിക്കാഗോയിലെ ഒഹേർ എയർപോർട്ടിൽ ലാൻഡ് ചെയ്ത കുവൈത്ത് എയർവേസിൽ കമ്പ്യൂട്ടർ സയൻസ് ബിരുദവുമായി വന്നിറങ്ങുമ്പോൾ ആശാനും ഉള്ളൂരും വള്ളത്തോളും സച്ചിദാനന്ദനും അയ്യപ്പപ്പണിക്കരും മേതിലും ചുള്ളിക്കാടും കവിതകളിൽ തീർത്ത മലയാളവും കൂടെയുണ്ടായിരുന്നു.  അവിടെ നിന്നും  ഈസ്റ്റ്മോലീൻ എന്ന ചെറുനഗരത്തിലേക്ക് യാത്ര. പിന്നെ താമസവും ജോലിയും. അവിടെ മലയാളപത്രമോ വാരികകളോ കിട്ടുമായിരുന്നില്ല. വളരെ കുറച്ച് മലയാളികൾ മാത്രം ഉള്ള ഒരിടം.

മാതൃഭാഷയിലുള്ള വായനമാത്രമല്ല വാമൊഴിയും നഷ്ടമായ നാളുകളായിരുന്നു പിന്നീട്.  ക്ഷ, ഞ്ച, ഴ, ൾ, ർ തുടങ്ങിയ അക്ഷരങ്ങൾ ഉള്ള വാക്കുകൾ മാത്രം വഴങ്ങിയിരുന്ന നാവിനെ അമേരിക്കൻ ആക്സന്റിൽ ഇംഗ്ലീഷ് സംസാരിക്കാൻ വഴക്കിയെടുത്തു. കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങ് ലാംഗ്വേജുകൾ മൂളിക്കൊണ്ടിരുന്ന തലയിൽ ഇടയ്ക്കിടെ മലയാളം കവിതകൾ മഴന്നൂലുകളായി ഊർന്നിറങ്ങി. സ്വന്തം ഭാഷയുടെ വാമൊഴി നഷ്ടമാവാതിരിക്കാൻ വരമൊഴിയെ കൂടുതൽ ആവേശത്തോടെ ചേർത്തുപിടിച്ചു. വാരാന്ത്യങ്ങളിൽ ലൈബ്രറിയിൽ പോയി. കവിതാസമാഹാരങ്ങളുടെ സെക്ഷനുകളിൽനിന്നും എടുത്ത് വായിച്ച ഓരോ കാവ്യസമാഹാരത്തിലും പുത്തൻരൂപത്തിലും ഭാവത്തിലുമുള്ള കവിതകൾ വായിച്ച് അന്തം


വിട്ടിരുന്നു പോയിട്ടുണ്ട്. ആദ്യമായി മായാ ആഞ്ചലോയുടെയും സിൽവിയ പ്ലാത്തിന്റെയും ഷെല്ലിയുടെയും ഡി എച്ച് ലോറൻസിന്റെയും വിസ്വല സിംബോർസ്കയുടെയും കവിതകൾ വായിച്ച വാരാന്ത്യങ്ങൾ. ഹോമറിനെയും ഹെർമൻ മേൽവില്ലിനെയും സാകൂതം വായിച്ച ദിവസങ്ങൾ. ഇവയെല്ലാം എഴുത്തുനോടും വായനയോടുമുള്ള എന്റെ കാഴ്ചപ്പാടുകളെ മാറ്റിമറിച്ചു.

റിൽക്കെയുടെ ലെറ്റേഴ്സ് ടു എ യങ്ങ് പൊയറ്റും, കഥാകൃത്തുക്കളും നോവലിസ്റ്റുകളുമടക്കം ഉള്ള ചില എഴുത്തുകാരുടെ ആത്മകഥകളും എഴുത്തനുഭവങ്ങളും, ലൈബ്രറികളിലും മറ്റ് ലോക്കൽ ഫെസ്റ്റിവലുകളിലും നടന്നിരുന്ന കവിതാവായനയും ചർച്ചകളും എല്ലാം എഴുത്ത് എന്ന കല എന്താണെന്ന് കൂടുതൽ മനസ്സിലാക്കാൻ സഹായിച്ചു. എഴുതുകയെന്നത് വെറുതെ എഴുതുകയെന്നതല്ലായെന്നും അത് ഉത്തരവാദിത്വത്തോടെ ചെയ്യേണ്ടുന്ന ചുമതലയാണെന്നും മനസ്സിലാക്കി. എഴുത്തിൽ മുന്നോട്ടുപോകണമെങ്കിൽ പുതിയ വഴികളിൽ കൂടി സഞ്ചരിക്കണമെന്ന് ബോധ്യപ്പെട്ടു. അതുവരെ തുടർന്നിരുന്ന എഴുത്തുശൈലികൾ മാറ്റാനുള്ള പരിശ്രമം ഞാൻ തുടങ്ങി. ഗദ്യകവിതയിൽ തന്നെ വിവിധശൈലികളും തരങ്ങളും ഉണ്ടെന്ന് വായനകൾ വഴി ഞാൻ മനസ്സിലാക്കിയിരുന്നു. ഞാൻ എഴുതുന്ന ഓരോ കവിതയുടെയും കാവ്യശില്പത്തിലും തിരഞ്ഞെടുക്കുന്ന വിഷയത്തിലും കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങിയപ്പോൾ ഒരേ വിഷയം തന്നെ വിവിധ കാവ്യാഖ്യാനത്തിൽ ആവിഷ്ക്കരിക്കാമെന്ന് തിരിച്ചറിഞ്ഞു. വൃത്തവും ഗദ്യവും മാത്രമല്ല കവിതയുടെ ശാഖകളെന്നും ദൃശ്യകവിതയെന്ന മറ്റൊരു മഹാസാഗരം കൂടിയുണ്ടെന്നും ശ്രദ്ധയിൽ പെട്ടു.

## ലിപികൾ കൊണ്ടുള്ള ദൃശ്യകവിതകൾ

ഐ.ടി മേഖലയിലെ ജോലിയുപേക്ഷിച്ച് കവിതകളെ പറ്റി കൂടുതൽ അറിയാനും വായിക്കാനും പഠിക്കാനുമുള്ള പരിശ്രമവും സഞ്ചാരവും തുടങ്ങി. അമേരിക്കയിലെ വിവിധ ലൈബ്രറികളിൽ നിന്നുള്ള സ്രോതസ്സുകളും മ്യൂസിയങ്ങളും ആർട്ട് ഗ്യാലറികളും എന്റെ അന്വേഷണങ്ങൾക്കും ചോദ്യങ്ങൾക്കും പലവിധമുള്ള ഉത്തരങ്ങൾ തന്നുകൊണ്ടിരുന്നു. അവയെല്ലാം എന്നെ മുന്നോട്ട് പോകാൻ സഹായിച്ചു.

മലയാള കവിതാശാഖ ഒട്ടും തന്നെ ശ്രദ്ധിക്കാത്ത ഇടമാണ് ദൃശ്യകവിതയുടേത്. എന്റെ ഭാഷയിലെ ദൃശ്യകവിതയും ലോകത്തിന്റെ വിവിധയിടങ്ങളിൽ എത്തണമെന്ന് ഞാനാഗ്രഹിച്ചു. മലയാളം, മലയാളസാഹിത്യം ഇംഗ്ലീഷ് ഭാഷയിലേക്ക്



അവർഗ്ലാസ്

**മാതൃഭാഷയിലുള്ള വായന മാത്രമല്ല വാമൊഴിയും നഷ്ടമായ നാളുകളായിരുന്നു പിന്നീട്. ക്ഷ, ഞ്ഛ, ഴ, ൾ, ർ തുടങ്ങിയ അക്ഷരങ്ങൾ ഉള്ള വാക്കുകൾ മാത്രം വഴങ്ങിയിരുന്ന നാവിനെ അമേരിക്കൻ ആക്സന്റിൽ ഇംഗ്ലീഷ് സംസാരിക്കാൻ വഴക്കിയെടുത്തു**

മൊഴിമാറ്റിയാണ് മറ്റ് ഇടങ്ങളിലേക്ക് സഞ്ചരിക്കുന്നത്. മൊഴിമാറ്റുമ്പോൾ നമ്മുടെ ലിപി അവിടെ നഷ്ടമാവുന്നു. എന്നാൽ ദൃശ്യകവിതയിൽ നമ്മുടെ മലയാളത്തിലെ ലിപികൾ കൊണ്ടുതന്നെ കവിതകൾ ആവിഷ്കരിച്ച്, കവിതയും കലയും ഒത്ത് ചേരുന്ന ഒരു ശാഖയായി അവതരിപ്പിക്കാനാവും. 2016 മുതൽ ഞാൻ ആവിഷ്ക്കരിച്ച മലയാളം ദൃശ്യകവിതകൾ ഇറ്റലി, സ്പെയിൻ, പോളണ്ട്, കാനഡ, യു.എസ്സ്.എ, ബ്രസീൽ, സ്വിസ്സർലാൻഡ്, പോർച്ചുഗൽ, സ്വീഡൻ എന്നീ രാജ്യങ്ങളിൽ നിരവധി തവണ പ്രസിദ്ധീകരിക്കപ്പെടുകയും പ്രദർശനങ്ങളുടെ ഭാഗമാവുകയും ചെയ്തിട്ടുണ്ട്.

യാത്രകളുടെ വിജയം ലക്ഷ്യസ്ഥാനത്ത് എത്തുകയെന്നതല്ല, യാത്ര ചെയ്യുന്ന വഴികളുമല്ല, യാത്ര മുടങ്ങാതെ തുടർന്നുകൊണ്ടിരിക്കലാണ്. എഴുത്തിലുമതെ. എന്തൊക്കെ എഴുതി എന്നതല്ല, എങ്ങനെയൊക്കെ എഴുതി എന്നതുമല്ല, എന്തൊക്കെ എഴുത്തിലൂടെ നേടിയെന്നതുമല്ല, എഴുത്തിൽ തുടരുകയെന്നതാണ് ഒരു എഴുത്താളിന്റെ വിജയം.■

യുദ്ധമുഖത്ത് തൊഴിലെടുക്കുന്നവർ, പഠനത്തിന്റെ ഭാഗമായി കുടിയേറിയവർ, ഭാഷ അറിയാത്ത നാട്ടിൽ പോയി സംരംഭകരായി വിജയം കൈവരിച്ചവർ, കുടുംബിനികൾ. ആ ജീവിതങ്ങളെല്ലാം തങ്ങളുടെ പ്രവാസ ജീവിതാനുഭവങ്ങൾ പങ്കിടുന്നു.

# പെൺപ്രവാസം പറയുന്നത

ജനിച്ചുവളർന്ന വീടും നാടും പ്രിയപ്പെട്ടവരെയും വിട്ട് ഓരോരുത്തരും അന്യനാട്ടിലേക്ക് ചേക്കേറുന്നത് ഒരുപിടി സ്വപ്നങ്ങളുമായിട്ടാകും. തൊഴിൽ തേടിയായാലും വിദ്യാഭ്യാസത്തിനായാലും. പൊതുവായ ചില സമാനതകൾ എല്ലാ പ്രവാസത്തിനുമുള്ളപ്പോഴും, ഓരോ വിഭാഗവും വ്യത്യസ്തമായ രീതിയിലാകാം പ്രവാസത്തിലെ സന്തോഷങ്ങളും പ്രതീക്ഷകളും ആകുലതകളും പങ്കുവയ്ക്കുന്നത്. സ്ത്രീകുടിയേറ്റം ഒരു ഉദാഹരണമാണ്. ലോകത്തിന്റെ പല കോണുകളിൽനിന്നുള്ള വ്യത്യസ്തതുറകളിലുള്ള, ഏതാനും മലയാളിസ്ത്രീകൾ തങ്ങളുടെ പ്രവാസാനുഭവങ്ങൾ പറയുകയാണ്. അതിൽ യുദ്ധമുഖത്ത് തൊഴിലെടുക്കുന്നവരുണ്ട്, പഠനത്തിന്റെ ഭാഗമായി കുടിയേറിയവരുണ്ട്, ഭാഷ അറിയാത്ത നാട്ടിൽ പോയി സംരംഭകരായി വിജയം കൈവരിച്ചവരുണ്ട്, കുടുംബിനികളുണ്ട്. ആ ജീവിതങ്ങളെല്ലാം ഒരേസ്വരത്തിൽ പറയുന്നത് ഒറ്റക്കാര്യം: പ്രവാസം ഞങ്ങളെ കൂടുതൽ കരുത്തരാക്കി.


സംവൃത സുനിൽ

## സ്ത്രീപുരുഷ തുല്യതയിൽ മുന്നിൽ

സംവൃത സുനിൽ
ചലച്ചിത്ര താരം, യു.എസ്.എ

കല്യാണം കഴിഞ്ഞ് അമേരിക്കയിലേക്ക് പോന്നതാണ്. ഇപ്പോൾ 12 വർഷമായി. ആദ്യം കാലിഫോർണിയയിലായിരുന്നു താമസം. ഇപ്പോൾ നോർത്ത് കാരലൈനിൽ ഷാലറ്റ് എന്ന സ്ഥലത്താണ്. വിദേശത്ത് താമസിക്കണമെന്നത് യഥാർഥത്തിൽ ഞാൻ കല്യാണത്തിന് മുൻപുതന്നെ തീരുമാനിച്ചിരുന്ന കാര്യമാണ്. നാട്ടിൽ സിനിമാനടി ഇമേജ് ഉള്ളതുകൊണ്ട് പലപ്പോഴും പ്രൈവസി പ്രശ്നം ഉണ്ടാകാറുണ്ട്. ഇവിടെ അതില്ല. അതാണ് വലിയൊരു നേട്ടം.

ഞാനിപ്പോൾ യു എസ് പൗരയാണ്. പൗരത്വത്തിന് അപേക്ഷിക്കുമ്പോൾ ആദ്യം കിട്ടുന്നത് ഗ്രീൻ കാർഡാണ്. മലയാളിനടിയായതുകൊണ്ടാണ് അത് എളുപ്പമായത്. സെലിബ്രിറ്റിയാണെന്ന് തെളിയിച്ചാൽ പെട്ടെന്ന് പൗരത്വത്തിന് അപേക്ഷിക്കാൻ പറ്റും. അതിനുവേണ്ട പേപ്പറുകളെല്ലാം നാട്ടിൽനിന്ന് സിനിമയിലെ സുഹൃത്തുക്കൾ വഴിയാണ് ശരിയാക്കിയെടുത്തത്. അഭിമാനത്തോടെ പറയട്ടെ, മലയാളിനടിയായതുകൊണ്ടാണ് ആ പ്രോസസ് വേഗത്തിൽ ചെയ്യാൻ പറ്റിയത്.

അമേരിക്കയിലെ ജീവിതാനുഭവത്തിൽ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് നോക്കിയാൽ

സ്ത്രീപുരുഷ തുല്യതയിൽ ഒരുപാട് മുന്നിലാണ്. പുറത്തിറങ്ങി നടക്കുമ്പോഴോ തനിയെ യാത്ര ചെയ്യുമ്പോഴോ എനിക്ക് ഇതുവരെ ഒരു പ്രശ്നവുമുണ്ടായിട്ടില്ല. ദൂരസ്ഥലങ്ങളിലേക്ക് തനിച്ച് യാത്ര ചെയ്യാൻ പഠിച്ചത് ഇവിടെ വന്നിട്ടാണ്. അതിനുള്ള ധൈര്യം നൽകിയത് ഈ നാടാണ്.

ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത് അധികവും പ്രവാസികൾ തന്നെയാണ്. ലോകത്തിന്റെ പല ഭാഗത്തു നിന്നുള്ള ആളുകളുണ്ട്. വീടിന് തൊട്ടടുത്തുള്ള കുടുംബം തമിഴ് കുടുംബമാണ്. ഇവിടെ ഞങ്ങൾ രണ്ടു കുടുംബമാണ് ഇന്ത്യയിൽ നിന്നുള്ളത്. ചുറ്റിലും മറ്റു രാജ്യക്കാരാണ്. എന്നാലും, വളരെ സന്തോഷത്തിലും സമാധാനത്തിലുമാണ് കഴിയുന്നത്.

**അമേരിക്കയിലാണെങ്കിലും ഒരാഘോഷവും മിസ് ചെയ്യാറില്ല. ഓണം, ക്രിസ്മസ്, ഈദ്, വിഷു, ഈസ്റ്റർ അങ്ങനെ എന്തു പരിപാടിയാണെങ്കിലും ആഘോഷിക്കാറുണ്ട്**

ഇവിടുത്തെ രീതികൾക്കൊക്കെ നല്ല വ്യത്യാസമുണ്ട്. നാട്ടിലാണെങ്കിൽ നമുക്ക് അച്ഛനമ്മമാരെയും ബന്ധുക്കളെയുമൊക്കെ എപ്പോൾ വേണമെങ്കിലും പോയികാണാമല്ലോ. ഇവിടെ പക്ഷേ അങ്ങനെയല്ല. നമ്മൾ വരുന്ന തീയതി നേരത്തേ വിളിച്ചറിയിച്ച് അവരുടെ സൗകര്യം കൂടി കണക്കാക്കണം. വളരെ ഫോർമലാണ്. അത് സുഹൃത്തായാലും കസിൻസായാലും വെറുതേ ചെന്ന് കയറാറില്ല.

കുട്ടികൾക്ക് അവധിയാകുമ്പോൾ അമേരിക്കക്കാർ യാത്രകൾക്ക് വലിയ പ്രാധാന്യം കൊടുക്കാറുണ്ട്. വിദേശരാജ്യങ്ങൾ കറങ്ങിക്കാണുകയാണ് ലക്ഷ്യം. പക്ഷേ, ഇന്ത്യക്കാർ കൂടുതലും ആ സമയത്ത് നാട്ടിലേക്ക് വരാനാണ് നോക്കുന്നത്. നമുക്ക് ബന്ധുക്കളെ കാണാൻ അപ്പോഴല്ലേ പറ്റൂ. ഇവിടെ ക്രിസമസോ താങ്ക്സ് ഗിവിംഗോ പോലുള്ള ആഘോഷങ്ങൾക്കാണ് കുടുംബ കൂടിച്ചേരലുകൾ കൂടുതലും. അല്ലെങ്കിൽ കൂടുതലും സൗഹൃദക്കൂട്ടായ്മകളായിരിക്കും നടക്കുന്നത്. അമേരിക്കയിലാണെങ്കിലും ഒരാഘോഷവും മിസ് ചെയ്യാറില്ല. ഓണം, ക്രിസ്മസ്, ഈദ്, വിഷു, ഈസ്റ്റർ അങ്ങനെ എന്തു പരിപാടിയാണെങ്കിലും ആഘോഷിക്കാറുണ്ട്. എല്ലാ ആഘോഷങ്ങൾക്കും ആരുടെയെങ്കിലും വീട്ടിൽ ഗെറ്റ് ടുഗദർ ഉണ്ടായിരിക്കും. തീമിനു അനുസരിച്ചുള്ള ഡ്രസ് ഒക്കെ ചെയ്ത്. ഭക്ഷണമൊക്കെ കഴിച്ചായിരിക്കും മടങ്ങുക.

നാട് മാറുമ്പോൾ പൊതുവേ എല്ലാവർക്കും ബുദ്ധിമുട്ടുണ്ടാവുക ഭക്ഷണകാര്യത്തിലാണ്. പാചകം എനിക്ക് ഇഷ്ടമുള്ള സംഗതിയാണ്. ചക്ക മുതൽ നമ്മുടെ നാട്ടിൽ കിട്ടുന്ന എല്ലാ ഐറ്റംസും കിട്ടുന്ന ഇന്ത്യൻ സ്റ്റോർസ് ഇവിടെ ധാരാളമുണ്ട്. ചിരകിയ തേങ്ങ, കറിവേപ്പില ഒക്കെ കിട്ടും. കഴിക്കാൻ എന്തു തോന്നിയാലും അത് ഞാൻ വീട്ടിലുണ്ടാക്കും. എല്ലാ നാട്ടിലെ ഭക്ഷണങ്ങളും ഉണ്ടാക്കാൻ ഇഷ്ടമാണ്. കല്യാണം കഴിഞ്ഞുവന്ന നാൾ മുതൽ ഇന്നുവരെ കഴിക്കണമെന്ന് തോന്നിയിട്ടുള്ള എല്ലാ സാധനങ്ങളും ഞാൻ സ്വയം ഉണ്ടാക്കി കഴിച്ചിട്ടുണ്ട്. ഇടയ്ക്കെല്ലാം അമ്മയുടെയും അമ്മൂമ്മയുടെയും രുചികൾ മിസ് ചെയ്യാറുണ്ടെന്നല്ലാതെ ആഹാരകാര്യത്തിൽ മറ്റു പ്രശ്നങ്ങളൊന്നുമില്ല. ഇവിടുത്തെ സുഹൃത്തുക്കളൊക്കെ നാട്ടിലെ രുചികൾ മിസ് ചെയ്യാറുണ്ടെന്ന് പറയുമ്പോൾ, സമയവും ക്ഷമയും ഉണ്ടെങ്കിൽ അവരോട് ഉണ്ടാക്കി കഴിക്കണമെന്നാണ് പറയാറുള്ളത്. പിന്നെ, കരിക്ക് മാത്രമാണ് ഇവിടെ കിട്ടാത്തതായിട്ട് തോന്നിയിട്ടുള്ളത്. കരിക്ക് വെള്ളം കുപ്പിയിൽ കിട്ടാറുണ്ടെങ്കിലും നാട്ടിലെ രുചി അതിനില്ല. ഓരോ നാട്ടിലെയും ഭക്ഷണം അവിടത്തെ സംസ്കാരവുമായി ബന്ധപ്പെട്ടാണല്ലോ ഉള്ളത്. ഇവിടുത്തെ ഭക്ഷണത്തിന് പ്രത്യേകിച്ച് ചരിത്രമൊന്നും അവകാശപ്പെടാനില്ല. പ്രോട്ടീനാണ് ഇവിടെ സ്റ്റാർ. എന്തുഭക്ഷണം നോക്കിയാലും അതിലെ പ്രധാന ഘടകം പ്രോട്ടീനാണ്. ചീസും അതുപോലെയാണ്. ഞാനും ഭർത്താവും മക്കളുമടങ്ങുന്ന ഒരു ചെറിയ കുടുംബമാണ് എന്റേത്. ഭർത്താവ് അഖിലിന് ബിസിനസാണ്. രണ്ട് ആൺകുട്ടികൾ. മൂന്നാം ക്ലാസുകാരൻ അഗസ്ത്യയും പ്ലേ സ്കൂളുകാരൻ രുദ്രയും.

## നാവിൽ നാടിന്റെ രുചി

**വീണാജാൻ, ദുബായ്**
**കണ്ടന്റ് ക്രിയേറ്റർ**

ദുബായ് നഗരമാണ് എനിക്ക് സ്വന്തമായൊരു വരുമാനം ഉണ്ടാക്കി തരുന്നത്. ഇവിടെയെത്തിയ ശേഷമാണ് എന്റെ യുട്യൂബ് ചാനൽ തുടങ്ങുന്നത്. വെറുതെ വീട്ടിലിരിക്കുന്നതിന്റെ ബോറടി മാറ്റാൻ വേണ്ടിയാണ് ആദ്യം ബ്ലോഗ് എഴുതിത്തുടങ്ങിയത്. പാചകക്കുറിപ്പുകളായിരുന്നു എല്ലാം. അത് കണ്ടിട്ടാണ് വീഡിയോ ആയി



വീണാജാൻ

ചെയ്തുടെയെന്ന് സുഹൃത്തുക്കൾ ചോദിക്കുന്നതും 2018ൽ യു ട്യൂബ് ചാനൽ തുടങ്ങുന്നതും.

ദുബായിലെത്തിയിട്ട് 18 വർഷമായി. കല്യാണം കഴിഞ്ഞശേഷം ഭർത്താവിനൊപ്പം പോന്നതാണ്. ദുബായിലെത്തി പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാത്ത സാഹചര്യമുണ്ടായിരുന്നു. പാചകം ചെയ്യാൻ പണ്ടുമുതലേ ഇഷ്ടമാണ്. എങ്കിൽ പിന്നെ പാചകത്തിലേക്ക് ഇറങ്ങാമെന്ന് തീരുമാനിച്ചു. അന്നൊന്നും യുട്യൂബ് ചാനലിന് ഇത്ര പ്രചാരം ഉണ്ടായിരുന്നില്ല. ചാനൽ തുടങ്ങി ഒന്നരവർഷത്തിന് ശേഷമാണ് ഞാൻ വരുമാനത്തിന് പോലും അപേക്ഷിച്ചത്. വെറുതേ സമയം പോകാൻ മാത്രം തുടങ്ങിയതായിരുന്നു.

ഞാനുണ്ടാക്കുന്നത് കൂടുതലും നാടൻവിഭവങ്ങളാണ്. അതിനുള്ള സാധനങ്ങളെല്ലാം എനിക്ക് ഇവിടെ കിട്ടാറുണ്ട്. അമ്പഴങ്ങ, പനംനൊങ്ക്, ചക്ക, മാങ്ങ ഒക്കെ. എല്ലാം നല്ല ക്വാളിറ്റിയുള്ള സാധനങ്ങളാണ്.

അറബിക് ഫുഡ് ഞാനത്ര കഴിക്കാറില്ല. മാമ്പഴപ്പുളിശേരിയൊക്കെ കൂട്ടി നാടൻ ആഹാരം കഴിക്കാനിഷ്ടം. അതുകൊണ്ട്

വീട്ടിലെപ്പോഴും നാടിന്റെ ഓർമകൾ നിറഞ്ഞുനിൽക്കും. എന്റെ മക്കളൊക്കെ ഇവിടെ ജനിച്ചുവളർന്നവരാണ്. അവർ നാട്ടിൽ പോകുമ്പോഴാണ് ദുബായ് മിസ് ചെയ്യുന്നുവെന്ന പറയുന്നത്. കാരണം അവരുടെ നാട് ഇതാണ്.

മലയാളികൾ ധാരാളമുള്ളതുകൊണ്ട് ഇതൊരിക്കലും എന്റെ നാടല്ല എന്ന് തോന്നിയിട്ടില്ല. കൊച്ചുകേരളമാണ് ഇത്. അന്യരാജ്യത്ത് ജീവിക്കുന്നുവെന്ന തോന്നൽ ഇപ്പോഴില്ല. എവിടെ

**കൊച്ചുകേരളമാണ് ഇത്. അന്യരാജ്യത്ത് ജീവിക്കുന്നുവെന്ന തോന്നൽ ഇപ്പോഴില്ല**

നോക്കിയാലും മലയാളികളെ കാണാം. നാട്ടിലെക്കാൾ സുഹൃത്തുക്കൾ കൂടുതൽ എനിക്കിവിടെയാണ്. കുറഞ്ഞത് ഒരു നാല് മലയാളി കുടുംബത്തെയെങ്കിലും കാണാതെ വീട്ടിലേക്ക് കയറാറില്ല. അതൊരു വലിയ ഭാഗ്യം തന്നെയാണ്.

തിരക്കുപിടിച്ച ജീവിതമാണ് ഇവിടെയെല്ലാവർക്കും. രാത്രിയൊക്കെ ഷോപ്പിങ്ങിന് പോയാലും പേടി കൂടാതെ തിരിച്ചുവീട്ടിൽ വരാം. സത്യത്തിൽ പ്രവാസികളാണ് എന്നൊരു ചിന്തയൊന്നും ഞങ്ങൾക്ക് തോന്നാറില്ല. മലയാളികൾ നിറയെയുള്ളതിനാൽ ഇവിടെ ആഘോഷങ്ങളൊന്നും മുടങ്ങാറില്ല. നാട്ടിലേക്കാൾ ഗംഭീരമായിട്ടാണ് ഓരോ ആഘോഷവും. എനിക്ക് തോന്നുന്നത്, പ്രവാസി കുടുംബങ്ങളായിരിക്കും ഇതൊക്കെ ഒരുപടിക്ക് കൂടുതൽ ആഘോഷിക്കുന്നത്. നാട്ടിൽ തൃശൂരാണ് സ്ഥലം. ഭർത്താവ് ജാൻ ജോഷിയും രണ്ട് മക്കളുമടങ്ങുന്നതാണ് കുടുംബം. അദ്ദേഹം എമിറേറ്റ്സിൽ ബിസിനസ് അനാലിസിസ് മാനേജരാണ്. മൂത്തമകൻ അവനീത്, ബിബിഎ മൂന്നാം വർഷ വിദ്യാർഥിയും ചെറിയ മകൻ ആയുഷ് ഒൻപതാം ക്ലാസ് വിദ്യാർഥിയുമാണ്.

പ്രവാസം ഓരോരുത്തർക്കും ഓരോ അനുഭവങ്ങളാണ്. ദുരിതമനുഭവിക്കുന്നവരും ഉണ്ട്. അതും ഒരു യാഥാർഥ്യമാണ്. ഞാനീപ്പറഞ്ഞതൊക്കെ എന്റെ അനുഭവങ്ങളാണ്. മലയാളികൾ കഴിഞ്ഞാൽ എന്റെ ചാനൽ ഏറ്റവും കൂടുതൽ കാണുന്നത് ഇവിടുത്തെ ആളുകളാണ്. വടക്കേ ഇന്ത്യക്കാർ, തമിഴർ, ശ്രീലങ്ക, ഫിലിപ്പൈൻസ് ഒക്കെ നമ്മുടെ വിഭവങ്ങൾ ഉണ്ടാക്കി പരീക്ഷിച്ചിട്ട് എനിക്ക് മെസേജ് അയക്കാറുണ്ട്. നമ്മുടെ നാടൻവിഭവങ്ങളൊക്കെ അവരും പരീക്ഷിക്കുന്നുവെന്നത് സന്തോഷം നൽകുന്ന കാര്യമല്ലേ..

## പ്രവാസം നൽകിയ കരുത്ത്

### നിമ്ന വിജയ്<br>എഴുത്തുകാരി, മുംബൈ

എന്നെ വളർത്തിയെടുത്ത നഗരം മുംബൈയാണ്. നാട്ടിൽ നിൽക്കുമ്പോൾ നമ്മൾ ഒരുപാട് പേരെ ആശ്രയിച്ചായിരിക്കും ജീവിക്കുക. നമ്മളെ സംരക്ഷിക്കാനും ആളുകളുണ്ടാകും. നാട്ടിൽ നിന്നും മാറി നിൽക്കുമ്പോൾ എല്ലാ കാര്യവും നമ്മൾ ഒറ്റയ്ക്ക് ചെയ്യേണ്ടതായിട്ട് വരും. വീട് കണ്ടെത്തുന്ന പരിപാടി മുതൽ ആഹാരം ഉണ്ടാക്കി കഴിക്കുന്നതുവരെയുള്ള വലിയ പ്രോസസ് ഒറ്റയ്ക്ക് ചെയ്യേണ്ടതായി വരും. അത് നമ്മൾക്ക് കുറച്ചുകൂടെ സ്വാശ്രയത്വം ഉണ്ടാക്കും. കാര്യങ്ങൾ ഒറ്റയ്ക്ക് കൈകാര്യം ചെയ്യാൻ പഠിക്കും. അതുകൊണ്ട് പ്രവാസം എനിക്ക് ഇഷ്ടമുള്ള കാര്യമാണ്.

ആറ് വർഷമായിട്ട് കേരളത്തിന് പുറത്താണ് താമസിക്കുന്നത്. വ്യക്തികൾക്ക് വളരെയധികം സ്വാതന്ത്യം കിട്ടുന്നയിടമാണ് മുംബൈ. വസ്ത്രധാരണത്തിലായാലും നൈറ്റ് ലൈഫിന്റെ കാര്യത്തിലായാലും വളരെ തുറന്ന മനസ്സാണ്. ഭക്ഷണം വ്യത്യസ്തമാണെങ്കിലും എനിക്ക് ഇഷ്ടമാണ്. കേരളത്തിലെ ഭക്ഷണം ഇപ്പോൾ കിട്ടാത്ത ഇടമില്ലല്ലോ. അതുകൊണ്ട് ആ കാര്യത്തിൽ പ്രശ്നമില്ല. ഒരുപാട് യാത്ര ചെയ്യാനും പൊതുവേ വ്യത്യസ്തരുചികൾ പരീക്ഷിക്കാനും ഇഷ്ടമുള്ള ആളാണ് ഞാൻ.

പെൺകുട്ടിയായതുകൊണ്ട് കുറച്ച് സ്വാതന്ത്ര്യം കിട്ടിയത് പ്രവാസിയായപ്പോഴാണ്. ഞാൻ പോയിട്ടുള്ള സ്ഥലത്തെല്ലാം എനിക്ക് നല്ല അനുഭവങ്ങളാണുണ്ടായിട്ടുള്ളത്. ബാച്ചിലർ ആയിട്ടുള്ള സാഹചര്യത്തിൽ

**ആഘോഷങ്ങളൊക്കെ എത്ര മനോഹരമാണെന്ന് തിരിച്ചറിയണമെങ്കിൽ പ്രവാസത്തിലേക്ക് തിരിയണമെന്ന് ഞാൻ സുഹൃത്തുക്കളോട് പറയാറുണ്ട്**

അവർ നമ്മളെ നന്നായിട്ടാണ് ട്രീറ്റ് ചെയ്യുന്നത്. ജേണലിസമാണ് പഠിച്ചത്. കണ്ടന്റ് ഇൻഫ്ളുവൻസിംഗ് മാർക്കറ്റിംഗിലായിരുന്നു ജോലി ചെയ്തുകൊണ്ടിരുന്നത്. അതിന് കൂടുതൽ സാധ്യത മുംബൈയിൽ ഉണ്ടെന്ന് തോന്നിയപ്പോഴാണ് അങ്ങോട്ടേക്ക് മാറിയത്. സ്വന്തം കാലിൽ നിൽക്കുക, ഒറ്റയ്ക്ക് ജീവിക്കാൻ പ്രാപ്തി നേടുക എന്നതൊക്കെ കൊണ്ടു തന്നെയാണ് മുംബൈ തിരഞ്ഞെടുത്തത്.

ഏറ്റവും പ്രിയപ്പെട്ട എന്നോട് പുസ്തകം വായിച്ചവർക്കറിയാം അതിന്റെ പ്രധാന ലൊക്കേഷൻ ബാംഗ്ലൂരാണ്. നമുക്ക് നമ്മളെ പുതുക്കണമെന്ന് സ്വയം തോന്നിയാൽ പ്രവാസം തിരഞ്ഞെടുക്കാവുന്നതാണ്. ആദ്യമൊക്കെ ഭാഷ കുറച്ച് പ്രയാസമായിരുന്നു.



നിമ്ന വിജയ്

ഇംഗ്ലീഷ് പൊതുവേ നോർത്തിന്ത്യക്കാർ പ്രോത്സാഹിപ്പിക്കാത്തതുപോലെ തോന്നിയിട്ടുണ്ട്. ഹിന്ദിയിൽ തന്നെയാണ് അവർ സംസാരിക്കുക. മാംഗ്ലൂർ ആയിരുന്നപ്പോഴും ഭാഷയുടെ പ്രശ്നം അനുഭവിച്ചിട്ടുണ്ട്. കന്നഡ പഠിക്കൂ എന്നാണ് അവർ പറയുന്നത്.

മുംബൈയിൽ രാത്രിയാണ് കൂടുതലും ലൈഫുള്ളതെന്ന് തോന്നിയിട്ടുള്ളത്. ആഘോഷങ്ങളൊക്കെ എത്ര മനോഹരമാണെന്ന് തിരിച്ചറിയണമെങ്കിൽ പ്രവാസത്തിലേക്ക് തിരിയണമെന്ന് ഞാൻ സുഹൃത്തുക്കളോട് പറയാറുണ്ട്. ഇവിടെ നമ്മൾ എത്ര ആഘോഷിച്ചാലും നാട്ടിലെ വൈബ് തീർച്ചയായും മിസ് ചെയ്യും. ഓണത്തിനൊക്കെ ആഘോഷം നടത്തും. അതൊന്നും ഒഴിവാക്കില്ല. കോഴിക്കോടാണ് നാട്. അച്ഛൻ, അമ്മ, ചേട്ടൻ അടങ്ങുന്നതാണ് കുടുംബം.

## ബംഗാൾ സമ്മാനിച്ച പുതുജീവിതം

### ആര്യശ്രീ കൊൽക്കത്ത, സംരംഭക, കണ്ടന്റ് ക്രിയേറ്റർ

ബംഗാളികളെല്ലാം നമ്മുടെ നാട്ടിലേക്ക് വന്നപ്പോഴാണ് ഞാൻ അവിടെനിന്നും ബംഗാളിലേക്ക് വണ്ടി കയറുന്നത്. വിശ്വഭാരതി യൂണിവേഴ്സിറ്റിയിൽ ഗ്രാഫിക് പ്രിന്റ് മേക്കിങ്ങിൽ പോസ്റ്റ് ഗ്രാജ്വേഷൻ ചെയ്യുന്നതിനായിട്ടാണ് ഇവിടെ എത്തിയത്. ഇപ്പോൾ നാലു വർഷമായി. ജീവിതം മുഴുവൻ ഇവിടെയാണ്. കോഴ്സെല്ലാം കഴിഞ്ഞശേഷം യൂണിവേഴ്സിറ്റിയുടെ അടുത്തായിട്ട് കുടുംബസമേതം താമസവും തുടങ്ങി.

തൃശ്ശൂർ ഫൈൻ ആർട്സ് കോളേജിലായിരുന്നു ബി എഫ് എ ചെയ്തത്. കേരളത്തിൽ ഗ്രാഫിക് പ്രിന്റ് മേക്കിംഗിന്റെ സ്പെഷ്യലൈസേഷൻ ഇല്ല. വിശ്വഭാരതിയിലാണ് അടുത്ത സാധ്യത. അങ്ങനെയാണ് ഇവിടെക്കെത്തിയത്. ഇവിടെ പാർട്ട് ടൈം ആയി ജോലി ഒക്കെ ചെയ്തിട്ടുണ്ട്. ബംഗാളിലെത്തിയപ്പോഴാണ് മനസ്സിലായത് ഇവിടെ നല്ല സ്നേഹമുള്ള ആളുകളുണ്ടെന്ന്. വിശ്വഭാരതിയിലെ വിദ്യാർഥിയാണെന്ന് പറയുമ്പോൾ ഇങ്ങോട്ടുവന്ന് വിശേഷം ചോദിക്കുന്നവരുണ്ട്. കേരളത്തിൽ നിന്ന് വന്നവരാണെന്ന് അറിയുമ്പോൾ അവർക്കും അഭിമാനമാണ്. സാധാരണയായി അവിടെയുള്ളവരെല്ലാം കൂടുതലും ഇങ്ങോട്ടേക്കാണല്ലോ വരുന്നത്. അതിന്റെ സന്തോഷവും സ്നേഹവും അവർ കാണിക്കാറുണ്ട്.

ബിസിനസിന്റെ ഭാഗമായി ബംഗാളിന്റെ പല കോണുകളിലും യാത്ര പോകുമ്പോഴൊക്കെ കേരളത്തിലെ കുട്ടിയാണെന്ന ബഹുമാനം കിട്ടാറുണ്ട്. സ്ത്രീകൾക്കൊന്നും രാത്രി പുറത്തിറങ്ങാൻ



ആര്യശ്രീ

**വിശ്വഭാരതിയിലെ വിദ്യാർഥിയാണെന്ന് പറയുമ്പോൾ ഇങ്ങോട്ടു വന്ന് വിശേഷം ചോദിക്കുന്നവരുണ്ട്. കേരളത്തിൽ നിന്ന് വന്നവരാണെന്ന് അറിയുമ്പോൾ അവർക്കും അഭിമാനമാണ്**

പറ്റാറില്ലെന്ന് പൊതുവേ പറയാറുണ്ട്. വർക്ക്ഷോപ്പുകളൊക്കെ ഉള്ളപ്പോൾ ടീച്ചേഴ്സിന്റെ വീട്ടിൽ നിന്നും രാത്രിയാകും ഇറങ്ങുക. സൈക്കിൾ ചവിട്ടിയാണ് പോകുന്നത്. ഇതുവരെ അങ്ങനെ മോശം അനുഭവം ഉണ്ടായിട്ടില്ല.

ബംഗാളിൽ വന്ന ശേഷമാണ് ഞാൻ ബംഗാളി മല്ലുവാല ആയത്. ബംഗാളിലെ വിശേഷങ്ങൾ, സംസ്കാരം, പാരമ്പര്യം ഒക്കെ കാണിക്കാറുണ്ട്. അങ്ങനെ കാണിക്കുന്ന കൂട്ടത്തിലാണ് ബംഗാൾ സാരികളും ഉൾപ്പെടുത്തിയത്. അത് കണ്ട് ഇഷ്ടപ്പെട്ട് ആളുകൾക്ക് വേണമെന്ന് ആവശ്യപ്പെടുമായിരുന്നു. ചെറിയ തോതിൽ തുടങ്ങിയ സംരംഭമാണ്. ഒരു വർഷം പോലും ആയിട്ടില്ല. ഇപ്പോൾ വളരെ നന്നായിട്ട് ബിസിനസ് പോകുന്നുണ്ട്. സോഷ്യൽ മീഡിയ ഉപയോഗപ്പെടുത്തിയാണ് വില്പന.. ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും ആവശ്യക്കാരുണ്ട്.

ശാന്തിനികേതൻ എനിക്കൊരു വീടാണ്. പല രാജ്യങ്ങളിൽ നിന്നുള്ള ആളുകൾ ഇവിടേക്ക് വരുന്നുണ്ട്. പഠിക്കാൻ വരുന്നവരുണ്ട്, യൂണിവേഴ്സിറ്റി സന്ദർശിക്കാൻ എത്തുന്നവരുണ്ട്. ഗ്രാമത്തിലേക്ക് പോകുമ്പോഴാണ് ഇത് നമ്മുടെ നാടല്ല എന്ന് തോന്നുന്നത്. യൂണിവേഴ്സിറ്റിയുടെ അടുത്തായതുകൊണ്ട് കൂടുതലും വിദ്യാസമ്പന്നരായ ആളുകളാണ്.

ഇവിടെ എനിക്ക് ബുദ്ധിമുട്ടായി തോന്നിയ ഒരു കാര്യം കടൽമീൻ കിട്ടില്ല എന്നതാണ്. കായൽമീനാണ് കൂടുതലും. ആഘോഷമൊക്കെ ഇവിടെ കളറാണ്. നാട്ടിലേക്കാൾ കൂടുതലായി ഉത്സവങ്ങളെല്ലാം ആഘോഷിക്കുന്നത് ഇവിടെയാണ്. മലയാളി സുഹൃത്തുക്കളെല്ലാം ഒന്നിച്ച് ഗെയിംസ്,ഭക്ഷണം, ഫോട്ടോഷൂട്ട് ഒക്കെയായിട്ട് ഓരോ ആഘോഷവും പൊളിക്കാറുണ്ട്. ഇവിടെ കിട്ടുന്ന സ്പൈസസ് കുറച്ച് ബുദ്ധിമുട്ടാണ്. നാട്ടിലേക്ക് ആരെങ്കിലും പോകുമ്പോഴോ അവിടെ നിന്നും ആരെങ്കിലും ഇങ്ങോട്ട് വരികയോ ചെയ്യുമ്പോൾ നമ്മുടെ സ്പൈസസ് കൊണ്ടുവരാൻ പറയും. പിന്നെയുള്ളത് നാട്ടിലെ പപ്പടമാണ്. അത് വല്ലാതെ മിസ് ചെയ്യാറുണ്ട്. ഇവിടെ കിട്ടുന്നത് വേറൊരുതരം പപ്പടമാണ്. ഉരുളക്കിഴങ്ങാണ് ഇവിടെ മെയിൻ. എല്ലാ കറികളിലും അതുണ്ടാകും.

ദീപക് പൗലോസാണ് ഭർത്താവ്. അദ്ദേഹത്തിന്റെ പിന്തുണ കൂടിയുള്ളതുകൊണ്ടാണ് ബിസിനസ് നന്നായിട്ട് കൊണ്ടുപോകാൻ പറ്റുന്നത്. ഇപ്പോഴെനിക്ക് അഞ്ചു ജീവനക്കാരുണ്ട്. ബംഗാളിസ്ത്രീകളാണ് എല്ലാവരും. നാട് മിസ് ചെയ്യുന്ന പ്രശ്നമൊന്നുമില്ല. സമയം കിട്ടുന്നതിനനുസരിച്ച് എപ്പോൾ വേണമെങ്കിലും പോയിവരാമല്ലോ.

## യുദ്ധത്തിന് നടുവിലെ പ്രവാസം

### ആതിര അഖിൽ
### ഇസ്രയേൽ
### (കെയർ ഗീവ് മേഖലയിൽ ജോലി)

യുദ്ധത്തിന് നടുവിലെ പ്രവാസജീവിതത്തെക്കുറിച്ചാണ് പറയാനുള്ളത്. ഇസ്രയേലിലാണ് ഇപ്പോൾ ജോലിചെയ്യുന്നത്. ഇവിടെയെത്തിയിട്ട് ഇപ്പോൾ രണ്ട് വർഷമാകുന്നു. അന്ന് കാര്യമായ പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. കുറച്ചുമാസങ്ങൾ പിന്നിട്ടപ്പോഴാണ് യുദ്ധം തുടങ്ങുന്നത്. ആദ്യത്തെ അനുഭവമല്ലേ. നല്ലതുപോലെ പേടിച്ചു. ഞാൻ ആ സമയത്ത് താമസിക്കുന്ന വീട്ടിൽ സേഫ് റൂം ഇല്ലായിരുന്നു. യുദ്ധം ശക്തമായതോടെ പെട്ടെന്നുതന്നെ സേഫ് റൂമുള്ള മറ്റൊരു വീട്ടിലേക്ക് താമസം മാറുകയായിരുന്നു. സോഷ്യൽമീഡിയ വഴി വാർത്തകളിങ്ങനെ ഫോണിൽ വന്നുകൊണ്ടിരിക്കുകയാണ്. രണ്ട് മൂന്ന് ആഴ്ച നല്ലതുപോലെ പേടിച്ചു. പിന്നെ പതിയെ പേടി കുറഞ്ഞു.



ആതിര അഖിൽ

ഇവിടെ ഇപ്പോഴും ഹിസ്ബുള്ളയുടെ ആക്രമണം ഉണ്ടാകാറുണ്ട്. ആ സമയത്ത് അലാം കിട്ടും. അലാം അടിക്കുമ്പോൾ സേഫ് റൂമിൽ കയറിയിരിക്കുകയാണ് ചെയ്യുന്നത്. ഓരോ ഏരിയയിലും മിസൈൽ വരുന്നതിനനുസരിച്ചുള്ള അലാം അറിയിപ്പ് ഉണ്ടായിരിക്കും. 15 സെക്കന്റിനുള്ളിൽ സേഫ് റൂമിൽ കയറണം. 10 മിനിട്ട് കഴിഞ്ഞ് പുറത്തിറങ്ങാം എന്നാണ് നിർദേശം. നെഹ്റിയ ഏരിയയിൽ വന്നതിൽ ഒന്നോ രണ്ടോ മിസൈലുകൾ മാത്രമാണ് താഴേക്ക് പതിച്ച് നാശനഷ്ടങ്ങൾ വന്നിട്ടുള്ളത്. ഇപ്പോൾ വലിയ പേടിയില്ല. ആ സമയത്ത് ഭക്ഷണത്തിന് ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ട്.

ഒറ്റയ്ക്കാണ് ഞാൻ ഇസ്രയേലിലേക്ക് വന്നത്. ഇന്ത്യക്കാർ ഒത്തിരിപേരുണ്ട്.

**ഓരോ ഏരിയയിലും മിസൈൽ വരുന്നതിനനുസരിച്ചുള്ള അലാം അറിയിപ്പ് ഉണ്ടായിരിക്കും. 15 സെക്കന്റിനുള്ളിൽ സേഫ് റൂമിൽ കയറണം**

കാണാനൊക്കെ നല്ല ഭംഗിയുള്ള സ്ഥലമാണെങ്കിലും പ്രശ്നബാധിത ഏരിയയാണ്. ലെബനൺ അതിർത്തിക്ക് അടുത്തായിട്ടാണ് താമസം. യുദ്ധമുണ്ടായ സാഹചര്യത്തിൽ സ്വദേശികൾക്ക് കിട്ടുന്ന സ്നേഹവും പരിഗണനയും ഞങ്ങൾക്കും കിട്ടിയിട്ടുണ്ട്. ഇന്ത്യൻ ഫുഡെല്ലാം ഇവിടെ കിട്ടും. ഇവിടെയുള്ളവർ സ്പൈസസ് അത്ര ഉപയോഗിക്കാറില്ല. എരിവൊന്നും അത്രയില്ല. ഇവിടത്തെ ഭക്ഷണവുമായി ഒത്തുപോകാൻ കുറച്ചു ബുദ്ധിമുട്ടായിരുന്നു. ഇപ്പോൾ ശീലമായി. സ്വന്തമായിട്ട് ഒരു കിച്ചനൊക്കെ ഇപ്പോഴുണ്ട്. അതുകൊണ്ട് ഇഷ്ടമുള്ളതൊക്കെ പാചകം ചെയ്ത് കഴിക്കാം. ഇവിടെ കുറച്ച് മലയാളി സുഹൃത്തുക്കളുണ്ട്. വൈകുന്നേരം ഞങ്ങളെല്ലാം ഒന്നിച്ച് നടക്കാൻ പോകാറുണ്ട്. ഇടയ്ക്കെല്ലാം ഒന്നിച്ചിരിക്കാനും സമയം കണ്ടെത്താറുണ്ട്. 94 വയസുള്ള അമ്മച്ചിയുടെ വീട്ടിലാണ് താമസം. അവർക്ക് വേണ്ട കാര്യങ്ങളെല്ലാം ചെയ്തുകൊടുത്ത് സന്തോഷത്തോടെ പോകുന്നു.

വിശേഷ ദിവസങ്ങൾ ഞങ്ങളും ഇവിടെ ആഘോഷിക്കാറുണ്ട്. കുടുംബത്തിനൊപ്പം ചെലവഴിക്കുന്നതായിരിക്കുമല്ലോ പ്രിയപ്പെട്ടത്. അത്തരത്തിൽ നോക്കിയാൽ ആഘോഷങ്ങളെല്ലാം മിസ് ചെയ്യും. രണ്ടു രാജ്യങ്ങളിലാണ് താമസമെങ്കിലും ഓരോ വിശേഷങ്ങളും അപ്പപ്പോൾ അറിയാറുണ്ട്. ഒരേസമയം രണ്ട് നാട്ടിലാണ് ജീവിക്കുന്നതെന്ന് തോന്നും. ഭർത്താവ് അഖിൽ, മകൻ വൈഭവ് അഞ്ചു വയസുകാരൻ. തൊടുപുഴയാണ് വീട്.

## മലയാളി എന്ന അഭിമാനം

### ശ്രീലക്ഷ്മി ശ്രീജിത്ത്
### വിദ്യാർഥിനി, യു കെ

ഉപരിപഠനത്തിന്റെ ഭാഗമായിട്ടാണ് തിരുവനന്തപുരത്ത് നിന്നും യു കെയിലേക്ക് കുടിയേറിയത്. വന്നിട്ട് രണ്ട് കൊല്ലം കഴിഞ്ഞു. കുടുംബസമേതമാണ് ഞങ്ങളിവിടേക്ക് വന്നത്. നാടും വീടും പ്രിയപ്പെട്ടവരെയും വിട്ട് ഒറ്റയ്ക്ക് ജീവിക്കുന്ന നിരവധി പ്രവാസി സുഹൃത്തുക്കൾ ഇവിടെയുണ്ട്. മെച്ചപ്പെട്ട ജീവിതം ലക്ഷ്യം വച്ച് പ്രവാസം സ്വീകരിച്ചവർ മുതൽ ആഡംബരജീവിതം സ്വപ്നം കണ്ട് എത്തിയവർ വരെ അക്കൂട്ടത്തിലുണ്ട്. ഇവിടുത്തെ ജീവിതം ഒരു പാഠപുസ്തകമാണെന്ന് തോന്നാറുണ്ട്. സ്വന്തം നാട്ടിൽ വൈറ്റ് കോളർ ജോലി മാത്രം ആഗ്രഹിച്ചിരുന്നവർ ഇവിടെയെത്തിയാൽ എന്തു ജോലിയും ചെയ്യാൻ തയ്യാറാണ്. അങ്ങനെയുള്ള നിരവധി മലയാളികൾ ഇവിടെയുണ്ട്. കൗമാരപ്രായത്തിൽ തന്നെ പഠനത്തോടൊപ്പം പാർട്ട് ടൈം ജോലിയും ചെയ്യുന്നവരാണ് ഇവിടെ ഏറെയും. നമ്മുടെ നാട്ടിൽനിന്നും വന്ന് ഇതുപോലെ കഠിനാധ്വാനം ചെയ്ത് ചുരുങ്ങിയ കാലയളവിൽ ജീവിതസാഹചര്യം മെച്ചപ്പെടുത്തിയ മലയാളി സുഹൃത്തുക്കളെ അടുത്തറിയാം.

ഇവിടുത്തെ ജീവിതരീതി തികച്ചും വ്യത്യസ്തമാണ്. ഏതു രാത്രിയിലും ഒറ്റയ്ക്ക് നടക്കാനുള്ള സുരക്ഷിതത്വമുണ്ട്. പൊതുവെ പ്രവാസികളെ വേർതിരിച്ചു കാണുന്നൊരു കാഴ്ചപ്പാട് ഇവിടെ അധികം ആളുകളിലും കണ്ടിട്ടില്ല. പൂർണ്ണമായി എല്ലാവരും അങ്ങനെയല്ല. എങ്കിലും, ഇവിടുത്തെ നിയമസംവിധാനം ഇത്തരം സാഹചര്യങ്ങളെ കർശനമായിതന്നെ എതിർക്കുന്നുണ്ട്. ഓരോ പ്രവാസിക്കും നിയമസംരക്ഷണം ഉറപ്പാക്കുന്നു.

ബന്ധങ്ങൾക്ക് വളരെയേറെ പ്രാധാന്യം നൽകുന്നൊരു കാഴ്ചപ്പാടാണല്ലോ നമ്മുടെ നാട്ടിലേത്. ഇവിടെ ആർക്കും



ശ്രീലക്ഷ്മി ശ്രീജിത്ത്

**നാട് കേരളമാണെന്നു പറയുമ്പോൾ അവരുടെ ആദ്യചോദ്യങ്ങളിലൊന്ന് നാട്ടിലെ രുചിവൈവിധ്യത്തെ കുറിച്ചാണ്**

ആരെയും ശ്രദ്ധിക്കാനുള്ള സമയം പോലുമില്ല. ഏകദേശം 16 വയസ്സിൽതന്നെ ഇവിടെയുള്ളവർ പഠനത്തോടൊപ്പം ചെറുതൊഴിലുകൾ ചെയ്യാൻ തുടങ്ങും. സ്വന്തമായി അധ്വാനിച്ച്, ആസ്വദിച്ച് ജീവിക്കുക എന്നതാണ് ഇവിടുത്തെ രീതി.

നൈറ്റ് ലൈഫ്, വൈബ്രന്റ് മ്യൂസിക്കൽ ബാൻഡ് എന്നിവയിൽ കമ്പമുള്ളവരാണ് ഇവിടുത്തെ ജനത. എന്നും ആഘോഷമാണെങ്കിലും ക്രിസ്മസും ന്യൂ ഇയറുമാണ് വലിയ ആഘോഷങ്ങൾ. ഓണവും വിഷുവുമൊക്കെ വരുമ്പോൾ മലയാളി കുടുംബങ്ങളിൽ ആഘോഷമുണ്ടാകും. ഞങ്ങൾ മാഞ്ചെസ്റ്റർ സിറ്റിയിലേക്ക് ആദ്യം ചെല്ലുന്ന സമയത്ത് അവിടെ മലയാളി കടകളൊന്നും ഇല്ലായിരുന്നു. ഇപ്പോൾ കുറച്ചുമാറി പുതിയൊരു മലയാളി റെസ്റ്റോറന്റ് തുടങ്ങിയിട്ടുണ്ട്. അത് വലിയൊരു ആശ്വാസമായി. ഇവിടെ എങ്ങനെയൊക്കെ ഭക്ഷണം പാകം ചെയ്താലും നാട്ടിലെ രുചി മിസ് ചെയ്യും. തട്ടുകടയിലെ ചായ മുതൽ സമുദ്രസദ്യവരെയുള്ള എല്ലാ രുചിക്കൂട്ടുകളും ഓർക്കുമ്പോൾ നാവിൽ കപ്പലോടും.

ഫിഷ് ആൻഡ് ചിപ്സും, റോസ്റ്റ് ഡിന്നറും മാഷ്ഡ് പൈയുമാണ് ഇവിടുത്തുകാരുടെ പ്രധാന ഭക്ഷണം. നാട്ടിലെ പോലെ എരിവും പുളിയും നിറഞ്ഞ രുചിക്കൂട്ടുകൾ ഇവിടെ കിട്ടില്ല. എന്നാൽ ഇംഗ്ലീഷുകാരുമായുള്ള സൗഹൃദസംഭാഷണങ്ങളിൽ നാട് കേരളമാണെന്നു പറയുമ്പോൾ അവരുടെ ആദ്യചോദ്യങ്ങളിലൊന്ന് നാട്ടിലെ രുചിവൈവിധ്യത്തെ കുറിച്ചാണ്. ഞങ്ങളുടെ താമസസ്ഥലത്തിനടുത്ത് തുടങ്ങിയ മലയാളി റെസ്റ്റോറന്റിൽ കുടുംബസമേതം പോയി ചട്ടിച്ചോർ കഴിച്ച ഇംഗ്ലീഷ് സുഹൃത്ത്, ഓരോ വിഭവത്തെയും കുറിച്ച് മനോഹരമായി വിവരിച്ചു. അവർ പറഞ്ഞത് കേട്ടപ്പോൾ മലയാളി എന്ന നിലയിൽ അഭിമാനം തോന്നി. ഒടുവിൽ മീൻകറിയിൽ ഇഷ്ടപ്പെടാത്തത് എല്ലുള്ള മീനുകളാണെന്ന് അദ്ദേഹം പറഞ്ഞപ്പോൾ മനസ്സിലേക്ക് ഓടിയെത്തിയത് തലക്കറിയുൾപ്പെടെയുള്ള നമ്മുടെ മീൻ വിഭവങ്ങളാണ്. അവർക്കറിയില്ലല്ലോ മലയാളിക്ക് മീൻ ഇല്ലാതെ ചോറ് ഇറങ്ങില്ലെന്ന കാര്യം. ആദ്യമൊക്കെ ബുദ്ധിമുട്ടിയെങ്കിലും ഇപ്പോൾ ഇവിടുത്തെ ഭക്ഷണവുമായി പൊരുത്തപ്പെട്ടു. ഭർത്താവ് ശ്രീജിത്ത് ഇവിടെ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. മകൾ ശ്രേയ പ്രൈമറി സ്കൂളിൽ ഇയർ വൺ ആയി.

## ആപ്പിൾതോട്ടങ്ങൾക്ക് നടുവിലെ ജീവിതം

**സംഗീത നിഷാദ്**
**ടൂറിസ്റ്റ് ഹോം, മണാലി, ഹിമാചൽ**

മണാലിയിൽ ആണെന്ന് കരുതുമ്പോൾ എല്ലാവരും കരുതും നല്ല അടിപൊളി ലൈഫാണെന്ന്. നമുക്കൊരു ട്രിപ്പ് ഒക്കെ ആയിട്ട് വന്നാൽ മാത്രമേ ആ രസം തോന്നൂ. ടൂറിസം രംഗത്തായതുകൊണ്ട് മലയാളികളെ ധാരാളം കാണാനും സംസാരിക്കാനും പറ്റുന്നുണ്ട്.

ഈ ഫീൽഡായതുകൊണ്ട് മലയാളികളെ കാണാനും വർത്തമാനം പറയാനും നാട്ടിലെ വിശേഷങ്ങൾ അറിയാനുമൊക്കെ സാധിക്കും. നാടുവിട്ട് നിൽക്കുന്നുവെന്ന് തോന്നലില്ല. കാലാവസ്ഥ പ്രശ്നമാണ്. മണാലിയിൽ ആപ്പിൾതോട്ടങ്ങൾക്ക് നടുവിലാണ് ജീവിക്കുന്നത്. മഞ്ഞുകാലം തുടങ്ങിയാൽ മൂന്ന് മാസത്തോളം യാത്രയെല്ലാം മുടങ്ങും. തുക്പ, തെന്തുക്, സിദ്ദു, നംകീൻ ചായ ഒക്കെയാണ് ഇവിടത്തെ പ്രധാന ഭക്ഷണം. നോൺവെജാണ് കൂടുതലും. നെയ്യ്, ബട്ടർ, മുട്ട ഒക്കെയാണ് മഞ്ഞുകാലത്ത് ഉപയോഗിക്കുന്നത്. തണുപ്പുകാലത്ത് ചെമ്മരിയാട് ഇറച്ചിയാണ് പ്രധാനം.

പച്ചക്കറികൾ ഇവിടെതന്നെ കൃഷി ചെയ്യുകയാണ്. എല്ലാ വീട്ടിലും പശു ഉള്ളതുകൊണ്ട് പാലിനൊന്നും ബുദ്ധിമുട്ടില്ല. ഇവിടെ കിട്ടാത്ത പഴങ്ങളും ഇല്ല. എല്ലാം ഈ നാട്ടിൽ കൃഷിചെയ്ത് വിളവെടുത്ത് കഴിക്കാറുണ്ട്. കിലോയ്ക്ക് മുപ്പത്തിയയ്യായിരം രൂപയ്ക്ക് മുകളിൽ വിലയുള്ള ഗുച്ചി കൂൺ മഴക്കാലത്ത് ധാരാളമായി കിട്ടും. ആപ്പിൾ പൂക്കുന്ന സമയത്തുള്ള തേനും ഭയങ്കര രുചിയാണ്.

മഞ്ഞിനെ അതിജീവിക്കാൻ ഇവിടുത്തുകാർ പറയുന്നത് എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുകയെന്നതാണ്.




സംഗീത നിഷാദ്

ചുമ്മാതെയിരുന്നാലാണ് തണുപ്പ് കൂടുതലായി ബുദ്ധിമുട്ടിക്കുന്നത്. അതുകൊണ്ട് ആ സമയത്ത് നന്നായിട്ട് നടക്കാൻ ശ്രമിക്കും. വിറക് ശേഖരിക്കാൻ പോകും. ബുങ്കർ കത്തിച്ച് തീ കായും. മഞ്ഞുകാലത്തിന് മുന്നോടിയായിട്ട് ഒരു വണ്ടി വിറകൊക്കെ ഇറക്കിയിടും. ആപ്പിൾതോട്ടങ്ങളിൽ വെട്ടുന്ന കമ്പുകളും നദിയിൽ ഒഴുകിവരുന്ന വിറകുമൊക്കെ ശേഖരിച്ചുവയ്ക്കും. ഇതൊക്കെ പിന്നീട് തീ കായാനായി ഉപയോഗിക്കും.

തണുപ്പിനേക്കാൾ പ്രശ്നം മഴയാണ്. മഴ ഉണ്ടെങ്കിൽ പുറത്തിറങ്ങില്ല. എപ്പോഴാണ്

**ഈ ഫീൽഡായതുകൊണ്ട് മലയാളികളെ കാണാനും വർത്തമാനം പറയാനും നാട്ടിലെ വിശേഷങ്ങൾ അറിയാനുമൊക്കെ സാധിക്കും**

മിന്നലും ഉരുൾപൊട്ടലുമൊക്കെ ഉണ്ടാകുന്നതെന്ന് പറയാൻ പറ്റില്ല. കാലാവസ്ഥ നോക്കിയിട്ടാണ് വീട്ടിൽ സാധനങ്ങൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്നത്. ജനസംഖ്യ വളരെ കുറവുള്ള സ്ഥലമാണ് ഇത്. ഈ നാട്ടുകാർ വലിയ സപ്പോർട്ടാണ്. അവരുടെ കുടുംബത്തിലെ വിശേഷങ്ങൾക്കെല്ലാം നമ്മളെ ക്ഷണിക്കും. അവരുടെ പ്രധാന വരുമാനസ്രോതസ്സ് തന്നെ ടൂറിസമാണ്. അതിന്റെ സ്നേഹം അവർക്കുണ്ട്. ഇപ്പോൾ നിൽക്കുന്ന സ്ഥലത്ത് മലയാളികൾ കുറവാണ്. അതുകൊണ്ട് നോർത്തിന്ത്യൻ ആഘോഷങ്ങളാണ് ഇവിടെ കൂടുതലും. ഓണത്തിന് സദ്യ ഒരുക്കുക എന്നതിൽ കവിഞ്ഞ് നാട്ടിലെ ആഘോഷങ്ങളൊന്നും ഇവിടെയില്ല.

ഈ നാടിപ്പോൾ ഞങ്ങളുടേതും കൂടിയാണ്. ഇവിടെയുള്ളവർ ഞങ്ങളെ അങ്ങനെയാണ് സ്വീകരിക്കുന്നത്. പുതിയ സ്ഥലത്തെത്തി അവരുമായി ബന്ധമുണ്ടാക്കി, അവരിലൊരാളായി നമ്മളെ അവർ അംഗീകരിച്ചു തുടങ്ങുന്ന കാലത്തേ പ്രവാസം മനോഹരമാകൂ. ആ സന്തോഷം തീർച്ചയായും ഇപ്പോഴുണ്ട്.

## അനുഭവങ്ങൾ പാഠങ്ങൾ

### ഡോ. ചൈതന്യ ഉണ്ണി
ഒ ചന്തുമേനോന്റെ കൊച്ചുമകളുടെ മകൾ, ആസ്ട്രേലിയയിൽ ഡോക്ടറും സംരംഭകയുമാണ്

പ്രവാസ ജീവിതം എപ്പോഴും മനോഹരമായിരിക്കുമെന്ന് പറയാൻ കഴിയില്ല. ചിലപ്പോഴൊക്കെ കയ്പുള്ള ഒരുപാട് അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടി വരും. പ്രത്യേകിച്ചും തുടക്കക്കാലത്ത്. പക്ഷേ, ഓരോ അനുഭവങ്ങളെയും നമ്മൾ എങ്ങനെ ഉൾക്കൊള്ളുന്നുവെന്നതിനെ അനുസരിച്ചായിരിക്കും പ്രവാസ ജീവിതം സുന്ദരമാകുന്നത്. എനിക്കുണ്ടായ അനുഭവങ്ങളെയെല്ലാം വളരെ പോസിറ്റീവായിട്ടാണ് കാണാൻ ശ്രമിക്കുന്നത്. ഓരോന്നും ഓരോ പാഠങ്ങളാണ്. അതിനെ ജീവിതത്തിലും വീട്ടിലും കുടുംബത്തിലുമൊക്കെ


ഡോ. ചൈതന്യ ഉണ്ണി

**സ്ത്രീ എന്ന നിലയിൽ സുരക്ഷയും ബഹുമാനവും ഈ രണ്ടു രാജ്യങ്ങളിൽ നിന്നും കിട്ടിയിട്ടുണ്ട്**

പ്രായോഗികമായി നടപ്പാക്കുമ്പോഴാണ് പ്രവാസത്തിന് ശരിയായ അർഥം ഉണ്ടാകുന്നതെന്ന് തോന്നിയിട്ടുണ്ട്.

20 വർഷമായി പ്രവാസ ജീവിതം തുടങ്ങിയിട്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും മെഡിസിൻ പഠനത്തിന് ശേഷം ബ്രിട്ടണിലേക്കാണ് പോയത്. അവിടെ നിന്നും ആസ്ട്രേലിയയിലേക്ക് മാറുകയായിരുന്നു. ഇവിടെ ഗോൾഡ് കോസ്റ്റിലാണ് താമസം. ഭർത്താവും രണ്ട മക്കളുമടങ്ങുന്നതാണ് കുടുംബം. എന്തിനും ഏതിനും കൂടെയുള്ള വീട്ടുകാരും കൂട്ടുകാരും, നമുക്ക് അറിയാവുന്നതും നമ്മൾ ജനിച്ച വളർന്നതുമായ സാഹചര്യങ്ങൾ, ഓടിപ്പോയി സംസാരിക്കാൻ കഴിയുന്ന അയൽക്കാർ ഇതെല്ലാം ഉപേക്ഷിച്ചിട്ടാണ് ഓരോ പ്രവാസിയും മറ്റൊരു നാട്ടിലേക്ക് കുടിയേറുന്നത്. പ്രവാസം തിരഞ്ഞെടുക്കുന്നതിന് ഓരോരുത്തർക്കും ഓരോ കാരണങ്ങളുണ്ടാകും. എന്റേതും തികച്ചും വ്യക്തിപരമായ കാരണമാണ്. പക്ഷേ, പ്രവാസം എനിക്ക് നൽകിയ കരുത്ത് വളരെ വലുതാണ്.

വിദേശത്ത് രണ്ട് രാജ്യങ്ങളിൽ പോയി പഠിക്കാനും ജോലി ചെയ്യാനും കഴിയുക എന്നത് ഒരു നേട്ടമായിട്ട് തന്നെ കാണുന്നു. സ്ത്രീ എന്ന നിലയിൽ സുരക്ഷയും ബഹുമാനവും ഈ രണ്ടു രാജ്യങ്ങളിൽ നിന്നും കിട്ടിയിട്ടുണ്ട്. ആസ്ട്രേലിയയിൽ ഏഴ് ക്ലിനിക്കുകൾ സ്വന്തമായി നടത്തുന്നുണ്ട്. നിരവധി ആസ്ട്രേലിയക്കാർ സ്റ്റാഫുകളായിട്ടുണ്ട്. കൂടാതെ, സ്വന്തം സംരംഭത്തിന് കീഴിൽ നിരവധി കോസ്മെറ്റിക് ഉല്പന്നങ്ങളും പുറത്തിറക്കുന്നുണ്ട്.

വളരെ സ്നേഹത്തോടെയാണ് പ്രവാസികളെ ആസ്ട്രേലിയക്കാർ സ്വാഗതം ചെയ്യുന്നത്. റേസിസം ഇവിടെ കുറച്ചുകൂടുതലാണ്. എല്ലാ നാട്ടിലും പ്രശ്നങ്ങളുണ്ടാകും. നമ്മുടെ നാട്ടിലെ പോലെ ഇവിടെയുള്ളവരും സീ ഫുഡ് നന്നായി ആസ്വദിക്കുന്നവരാണ്. ഫ്രഷ് മീൻ ധാരാളമായി ഇവിടെ കിട്ടും.

പ്രവാസജീവിതത്തിൽ ഏറ്റവും നഷ്ടബോധം തോന്നുന്നത് ആഘോഷങ്ങളുടെ കാര്യത്തിലാണ്. എത്രയൊക്കെ നന്നായിട്ട് ഓണം ഇവിടെ ആഘോഷിച്ചാലും നമ്മുടെ കേരളമണ്ണിലേതു പോലെയാകില്ല. കുറച്ച് മലയാളി സുഹൃത്തുക്കളൊക്കെയുള്ളതുകൊണ്ട് നാട്ടിലെ ഒരാഘോഷവും ഇവിടെ ഒഴിവാക്കാറില്ല. ഓണത്തിന് നാടൻ സദ്യ ഞങ്ങളൊന്നിച്ച് പല വീടുകളിലായിട്ട് ഉണ്ടാക്കുകയാണ് ചെയ്യുന്നത്. ഭക്ഷണകാര്യത്തിലൊന്നും പ്രശ്നങ്ങൾ തോന്നിയിട്ടില്ല. സാധനങ്ങൾ കിട്ടിയാൽ നാട്ടിലെ എന്തുവിഭവം വേണമെങ്കിലും നമുക്ക് ഉണ്ടാക്കാവുന്നതല്ലേയുള്ളൂ. ■

പ്രവാസം >> ലിഷാർ ടി പി
സിയാറ്റിൽ, അമേരിക്ക



> മലയാളിയുടെ ഗൾഫ് കുടിയേറ്റത്തിൽ നിന്നും വിഭിന്നമാണ് അമേരിക്കൻ - യൂറോപ്യൻ കുടിയേറ്റങ്ങളുടെ ചിത്രം.

# അമേരിക്കയെന്ന മലയാളി സ്വപ്നഭൂമിയിൽ

മലയാളിയുടെ അമേരിക്കൻ കുടിയേറ്റത്തിനു പല ഘട്ടങ്ങൾ ഉണ്ട്. അതതുകാലഘട്ടങ്ങളിൽ അമേരിക്കൻ സമൂഹം ആവശ്യപ്പെടുന്ന ജോലി വൈദഗ്ധ്യം ഉള്ളവർ ആയിരുന്നു വിവിധ ഘട്ടങ്ങളിൽ കേരളത്തിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയവരിൽ അധികവും. 70 കളിലും, 80 കളിലും, 90 കളിലും മെഡിക്കൽ മേഖലയിൽ നഴ്സുമാർ ഉൾപ്പെടുന്നവരായിരുന്നു മുഖ്യമായും അമേരിക്കയിൽ എത്തിച്ചേർന്ന മലയാളികൾ. പിന്നീട് അവരുടെ ബന്ധുക്കളും മറ്റുമായി അങ്ങോട്ട് കുടിയേറി. അമേരിക്കയിലെ  മലയാളിസമൂഹം വളർന്നുതുടങ്ങിയത് ഈ കാലഘട്ടത്തിൽ ആണ്. ഒരുപക്ഷെ ഇന്ത്യയിൽനിന്ന് കുടിയേറി, അമേരിക്കയിലെ മെഡിക്കൽ മേഖലയിൽ വലിയ സാന്നിധ്യം അറിയിച്ച ഇന്ത്യൻസമൂഹം മലയാളിയല്ലാതെ വേറെയില്ല.

## 90 കളിലെ ഐടി കുടിയേറ്റം

90 കളിൽ ഈ കുടിയേറ്റ ചിത്രം ഏറെക്കുറെ മാറിത്തുടങ്ങി എന്ന് പറയാം. ഈ കാലഘട്ടങ്ങളിൽ അമേരിക്കയിലേക്ക് കുടിയേറുന്ന മലയാളികളിൽ വിവരസാങ്കേതികമേഖലയിൽ നിന്നുള്ളവരുടെ പ്രാതിനിധ്യം കൂടിക്കൊണ്ടിരുന്നു. ഇൻഫോസിസ്,







അമേരിക്കൻ ഓണാഘോഷം

ടിസിഎസ് , വിപ്രോ എന്നീ ഇന്ത്യൻ കമ്പനികളുടെ വളർച്ചയുടെ ആദ്യകാലങ്ങൾ ആയിരുന്നു 90 കൾ. ഇവരുടെ മുഖ്യ ഉപഭോക്താക്കൾ അമേരിക്കയിലെ പ്രമുഖ കമ്പനികൾ ആയിരുന്നു. കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങിൽ പരിജ്ഞാനമുള്ള ഇന്ത്യക്കാർ അമേരിക്കയിലേക്ക് ഒഴുകിത്തുടങ്ങിയ കാലഘട്ടം ആയിരുന്നു അത്. ലോകത്തെമ്പാടുമുള്ള കംപ്യൂട്ടറുകളിൽ 2000 ആണ്ട് എത്തുംമുൻപ് വരുത്തേണ്ട ചില പ്രോഗ്രാമിങ് മാറ്റങ്ങളെ Y2K എന്ന പേരിൽ അറിയപ്പെട്ടു. ഇതിനായി നിരവധി ഇന്ത്യക്കാർ അമേരിക്കയിലേക്ക് പറന്നു. ഇതിൽ ധാരാളം മലയാളികൾ ഉൾപ്പെട്ടിരുന്നു. ഈ കാലഘട്ടത്തിൽ മലയാളികളേക്കാൾ എത്രയോ ഇരട്ടി തമിഴ് , തെലുഗു വിഭാഗങ്ങളും അമേരിക്കയിൽ എത്തിച്ചേർന്നു. 2000 ന് ശേഷവും ഐടി മേഖലയിൽ നിന്നുള്ള കുടിയേറ്റം തുടർന്നുകൊണ്ടിരുന്നു. നഴ്സിങ്, ഐ.ടി മേഖലകളിലെ കുടിയേറ്റത്തെ കുറിച്ച് പരാമർശിക്കാതെ, അമേരിക്കൻ മലയാളി കുടിയേറ്റചരിത്രം പറയാൻ കഴിയില്ല.

## വിദ്യാർഥി കുടിയേറ്റം

ഇക്കാലങ്ങളിൽ എല്ലാം നടന്ന മറ്റൊരു സമാന്തര കുടിയേറ്റം ഉണ്ട്. 60 - 70 കളിലും മറ്റും തുടങ്ങി, ഇന്ന് മൂർധന്യത്തിൽ എത്തിനിൽക്കുന്ന വിദ്യാർഥി കുടിയേറ്റം. ആദ്യകാലങ്ങളിൽ ഉപരിപഠനത്തിനായി സാമ്പത്തികമായും സാമൂഹികമായും ഉയർന്ന കുടുംബങ്ങളിൽ നിന്നുമുള്ള നാമമാത്രമായവർ ആയിരുന്നു അമേരിക്കയിലേക്ക് വന്നിരുന്ന മലയാളി വിദ്യാർഥികൾ . ഇന്ത്യയിൽ നിന്നും ബിരുദപഠനം പൂർത്തിയാക്കി അമേരിക്കൻ സർവകലാശാലകളിൽ ഉപരിപഠനം നടത്താൻവന്നിരുന്ന ഒരു വരേണ്യവർഗം മലയാളികൾക്കിടയിൽ ഉണ്ടായിരുന്നു. ആ വിഭാഗം വലുതായി തുടങ്ങിയത് 80 കളിൽ ആണെന്ന് പറയാം. അവിടുന്ന് തുടങ്ങി മലയാളി ഉപരി മധ്യവർഗസമൂഹങ്ങളിൽ നിന്നുമുള്ള ധാരാളം പേർ അമേരിക്കൻ സർവകലാശാലകളിൽ ഉപരിപഠനത്തിനു ചേർന്ന് തുടങ്ങി. ഇതിൽ ബഹുഭൂരിപക്ഷവും പഠനശേഷം അവിടെത്തന്നെ ജോലി നേടി സ്ഥിരതാമസമാക്കി.

ഇന്ത്യൻ വിദ്യാർഥികളാണ് ഇന്ന് അമേരിക്കൻ സർവകലാശാലകളിൽ പഠിക്കുന്ന വിദേശവിദ്യാർഥികളിൽ ഏറ്റവും വലിയ വിഭാഗം. സ്വാഭാവികമായും, മലയാളി വിദ്യാർഥികളുടെ എണ്ണവും എക്കാലത്തേക്കാളും കൂടുതലാണിന്ന്. പഠനത്തിനായി അമേരിക്കയിൽ എത്തിച്ചേരുന്നവരുടെ ആഗ്രഹം ഇവിടെ ജോലി നേടുകയും ജീവിതം കെട്ടിപ്പടുക്കുകയുമാണ്. അങ്ങിനെ നോക്കുമ്പോൾ മലയാളി കുടിയേറ്റ ചരിത്രത്തിന്റെ മൂന്നാം നാഴികക്കല്ലാണ് 2020 ന് ശേഷമുള്ള ഈ കാലഘട്ടം എന്ന് പറയാം.

## മലയാളി വേരുകൾ നഷ്ടപ്പെടുമോ?

മലയാളിയുടെ അമേരിക്കൻ കുടിയേറ്റത്തിന്റെ അടുത്ത 100-200



വർഷങ്ങൾ എങ്ങിനെ ആയിരിക്കും? അടുത്ത 1000 വർഷത്തിൽ അമേരിക്കൻ മലയാളിക്ക് എന്ത് സംഭവിക്കും?

മലയാളിയുടെ ഗൾഫ് കുടിയേറ്റത്തിൽ നിന്നും വിഭിന്നമാണ് അമേരിക്കൻ - യൂറോപ്യൻ കുടിയേറ്റങ്ങളുടെ ചിത്രം. അമേരിക്കയിലേക്ക് പോകുന്ന ഒട്ടുമിക്ക മലയാളിയും അവിടെ സ്ഥിരതാമസമാക്കാൻ താൽപര്യപ്പെട്ടാണ് പോകുന്നത്. തിരിച്ചുവരാൻ ഉള്ള ആഗ്രഹത്തോടെ കുടിയേറിയ പലരും, തങ്ങളുടെ കുടുംബങ്ങളുടെ ആവശ്യങ്ങൾ - ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ അവിടെ തന്നെ തുടരുന്നു. എ1 സ്റ്റുഡന്റ് വിസയിലും, H1/L1 ജോലി വിസകളിലും ജീവിതം ആരംഭിച്ചു , ഗ്രീൻ കാർഡ് വഴി അമേരിക്കൻ പൗരത്വം നേടുന്ന യാത്രയിൽകൂടിയാണ് ഒരു ശരാശരി അമേരിക്കൻ മലയാളിയുടെ ജീവിതം പോകുന്നത്. ഈ യാത്ര പൂർത്തീകരിക്കാനാണ് ഒട്ടുമിക്ക കുടിയേറ്റ മലയാളിയും ആഗ്രഹിക്കുന്നത്. ഈ യാത്രയുടെ വിജയകരമായ പര്യവസാനമായ അമേരിക്കൻ പൗരത്വം നേടൽ, യഥാർഥത്തിൽ ഒരു വ്യക്തിയുടെ , ഒരു കുടുംബത്തിന്റെ, കേരളത്തിലെ വേരുകൾ പിഴുത് അമേരിക്കൻ മണ്ണിൽ നടുന്ന പ്രക്രിയയുടെ തുടക്കമാണ്. ആ വ്യക്തിയും, ആ കുടുംബവും, അവരുടെ ഭാവിതലമുറയും അമേരിക്കൻ സമൂഹത്തിൽ വളരുന്ന മലയാളി സമൂഹമാണ്. തലമുറകൾ കഴിയുംതോറും കേരളത്തിലെ അവരുടെ വേരുകളുമായുള്ള ബന്ധം കൂടുതൽ കൂടുതൽ നഷ്ടമായി വരും. കൊച്ചിയിലെ കുടിയേറ്റ സമൂഹത്തിനു നഷ്ടപ്പെട്ട അവരുടെ സാംസ്കാരിക അടയാളങ്ങൾ , അമേരിക്കയിലെ മലയാളി സമൂഹത്തിനും നഷ്ടമായേക്കും. അതുപോലെ തന്നെ കൊച്ചിയുടെയും കേരളീയ സമൂഹത്തിന്റെയും ഭാഗമായി ഇന്ന് കാണുന്ന, കുടിയേറ്റ സമൂഹങ്ങളുടെ സംഭാവനകളായ അടയാളങ്ങൾ പോലെ, അമേരിക്കൻ മലയാളി സമൂഹവും, അമേരിക്കൻ സമൂഹങ്ങളിൽ അവരുടെ അടയാളങ്ങൾ രേഖപ്പെടുത്തിയേക്കാം.



ഇന്ത്യൻ വിദ്യാർഥികളാണ് ഇന്ന് അമേരിക്കൻ സർവകലാശാലകളിൽ പഠിക്കുന്ന വിദേശവിദ്യാർഥികളിൽ ഏറ്റവും വലിയ വിഭാഗം

അമേരിക്കൻ സമൂഹം എന്നാൽ സംസ്കാരങ്ങളുടെ ഒരു മെൽറ്റിംഗ് പോട്ട് ആയാണ്  അറിയപ്പെടുന്നത്. അതിൽ മലയാളി സംസ്കാരമൂല്യങ്ങൾ കൂടി അലിഞ്ഞുചേർന്നേക്കാം.

അതിനുമപ്പുറത്തേക്ക് നോക്കിയാൽ ജനിതകമായ കൂടിച്ചേരലുകൾക്കുകൂടി ചരിത്രം സാക്ഷ്യം വഹിച്ചേക്കും . മലയാളിയുടെ ഭാവിതലമുറകൾ അമേരിക്കയിൽ ജീവിക്കുന്ന വിവിധ വർഗ, വർണ്ണ, ഭാഷാ സമൂഹങ്ങളിൽ നിന്നും പങ്കാളികളെ കണ്ടെത്തി ഒരു 'മിക്സഡ് റേസിന്റെ' ഭാഗമായേക്കാം. അവരിൽ മലയാളിയുടെ ഭാഷയോ ഭക്ഷണമോ എത്രത്തോളം ഉണ്ടാകും എന്ന് പറയാൻ കഴിയില്ല. കൊച്ചിയിലെ കുടിയേറ്റ സമൂഹത്തിലേക്ക് കണ്ണോടിച്ചാൽ ഇതേക്കുറിച്ചു നമുക്കൊരു ഏകദേശ ധാരണ ലഭിച്ചേക്കും. പക്ഷെ ഒരു കാര്യം ഉറപ്പാണ്. ഭാവിയിൽ സമസ്തമേഖലകളിലും ലോകം അറിയപ്പെടുന്ന അമേരിക്കൻ പൗരന്മാരുടെ ജനിതകവേരുകൾ തേടിപ്പോകുമ്പോൾ, തീർച്ചയായും കേരളത്തിന്റെ ഭൂമികയിൽ എത്തിച്ചേരാൻ ഉള്ള സാധ്യതകൾ വളരെ കൂടുതലായിരിക്കും. അവർ മലയാളികളാണോ എന്ന് ചോദിച്ചാൽ ആണ് എന്ന് പറയാൻ കഴിയണമെന്നില്ല. പക്ഷെ മലയാളിയുടെ കുടിയേറ്റത്തിന്റെ സംഭാവനയാണോ അവർ എന്ന് ചോദിച്ചാൽ അതെ എന്ന് പറയാൻ കഴിഞ്ഞേക്കും. സാംസ്കാരികമായ കൊടുക്കൽ വാങ്ങലുകളുടെ ആകെത്തുകയാണല്ലോ എക്കാലത്തെയും കുടിയേറ്റങ്ങൾ.■

ലോക കേരള സഭ ക്ഷണിതാവാണ് ലേഖകൻ.



പ്രവാസി മലയാളികൾ സിനിമ സങ്കൽപത്തിൽ

# ഏഴാം കടലിനക്കരെ

ഞങ്ങൾ ഷിഫോൺ സാരികൾ പോലെയാണ്. യഥാർഥത്തിൽ പഴയതിൽ നിന്നായിരിക്കുമ്പോൾതന്നെ, സങ്കരയിനത്തെപ്പോലെ പുതിയ ലോകത്തിന്റെ വെല്ലുവിളികളുമായി പൊരുത്തപ്പെടാൻ ശ്രമിക്കുന്നവർ.
- ഫെറോസ ജുസ്സാവാല

കാലത്തിനനുസരിച്ച് ചലിക്കുന്നതാണ് മനുഷ്യജീവിതം. നാഗരികതയുടെ തുടക്കം മുതൽ മനുഷ്യർ നിരന്തരം സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. രാഷ്ട്രീയം, സമ്പദ്‌വ്യവസ്ഥ, സമൂഹം, സംസ്കാരം , എന്നിവയിലുണ്ടായ ആഗോളമാറ്റങ്ങൾ പുതിയ ചുറ്റുപാടുകൾ സൃഷ്ടിക്കുകയും, സ്ഥലത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ മാറ്റി, 'രാഷ്ട്രം, വീട്, സ്വത്വം' എന്നീ ആശയങ്ങളെ രൂപാന്തരപ്പെടുത്തുകയും ചെയ്തു. അന്തർദേശീയ കുടിയേറ്റം, അതിർത്തി കടക്കൽ, വൈവിധ്യമാർന്ന ദേശീയതകൾ, ഒന്നിലധികം ഐഡന്റിറ്റികൾ, ഇരട്ടപൗരത്വം, വിവിധ രാജ്യങ്ങളിലെ സംസ്കാരങ്ങളുമായി പൊരുത്തപ്പെടൽ തുടങ്ങിയവയിൽ പുതിയ മാതൃകകൾ സ്വീകരിച്ച ഒരു കാലഘട്ടമാണിത്. സംസ്കാരങ്ങൾ നിരന്തരം മാറികൊണ്ടിരിക്കുന്ന വൈവിധ്യമാർന്ന ഒരു ലോകത്താണ് പ്രവാസി സമൂഹം ജീവിക്കുന്നത്.

പതിറ്റാണ്ടുകളായി, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ആശ്രയമാണ് ഗൾഫിൽ നിന്നുള്ള പണം. ജീവിതം മെച്ചപ്പെടുത്താൻ വിദേശത്തേക്ക് പോകാനും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാനും യുവാക്കൾ തയ്യാറായിരുന്നു. നിരവധി മലയാളിയുവാക്കളുടെ മോഹവും ലക്ഷ്യവും ഗൾഫ് കുടിയേറ്റമായിരുന്നു.

ഇന്ത്യയിലെ സാമ്പത്തികപരിഷ്കാരങ്ങളും പ്രവാസികളിൽ നിന്നുള്ള നിക്ഷേപം വർധിച്ചതും കാരണം 1970-കൾ മുതൽ മലയാളസിനിമ പ്രവാസി സമൂഹത്തെ സ്വീകരിച്ചു തുടങ്ങി. ചെറിയ പ്രവൃത്തികളിൽപോലും സ്നേഹവും അംഗീകാരവും ആഗ്രഹിക്കുന്ന ലക്ഷക്കണക്കിന് പ്രവാസികളുടെ ദുരവസ്ഥയാണ് ചില സിനിമകൾ അവതരിപ്പിക്കുന്നത്. പ്രവാസികൾ, കുടിയേറ്റക്കാർ, അഭയാർഥികൾ എന്നിവരുടെ ആരോഗ്യത്തെ ശാരീരികവും മാനസികവുമായി ബാധിക്കുന്ന വെല്ലുവിളികളെ സിനിമ വെളിപ്പെടുത്തുന്നുണ്ട്. സാംസ്കാരിക അന്യവത്കരണം, പുതിയ സ്ഥലങ്ങളിലേക്കുള്ള മാറ്റം, സ്വത്വപ്രതിസന്ധികൾ, വ്യത്യസ്ത





ജീവിതരീതികളുമായുള്ള പൊരുത്തപ്പെടൽ, തകർന്ന ബന്ധങ്ങൾ, വീട്, ഇരട്ട സ്വത്വം, വ്യത്യസ്തസംസ്കാരങ്ങളുടെ മിശ്രണം തുടങ്ങിയ വിവിധ ബുദ്ധിമുട്ടുകൾ പ്രവാസത്തെക്കുറിച്ചുള്ള സിനിമകൾ ഉയർത്തുന്നുണ്ട്.

പ്രവാസസിനിമകളിൽ ഓർമ്മകൾക്കും വീട് എന്ന ആശയത്തിനും വലിയ പ്രാധാന്യമുണ്ട്. ഒരാൾ സ്ഥലം മാറുമ്പോൾ, അവർ താമസിക്കുന്ന ചുറ്റുപാടുകൾ മാത്രമല്ല മാറുന്നത്, സ്വന്തം നാട്ടിലേക്ക് മടങ്ങാനുള്ള ആഗ്രഹം തീവ്രമാക്കുന്ന തരത്തിൽ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക

തടസ്സങ്ങളെയും അഭിമുഖീകരിക്കേണ്ടി വരുന്നു. ഇത്തരത്തിലുള്ള യഥാർഥ ജീവിതകഥകൾ സ്ക്രീനിലേക്ക് കൊണ്ടുവരുമ്പോൾ, പ്രേക്ഷകർക്ക് മനുഷ്യാനുഭവങ്ങളുടെ സങ്കീർണതകൾ വിശാലമായ തോതിൽ മനസ്സിലാക്കാനും അവയുമായി ബന്ധപ്പെടാനും കഴിയും.







## പ്രതീക്ഷകളും തിരിച്ചുവരവും

ചില ചിത്രങ്ങൾ പ്രവാസിയുടെ നേട്ടവും വേദനയും സ്വപ്നങ്ങളും യാഥാർഥ്യങ്ങളും പ്രതീക്ഷകളും ആവിഷ്കരിച്ചു. മറ്റു ചില ചിത്രങ്ങൾ ഗൾഫ് മലയാളിയുടെ തിരിച്ചുവരവും നാട്ടിൽ സ്ഥിര താമസമാക്കാനായി സമൂഹത്തോട് നടത്തുന്ന പോരാട്ടങ്ങളും ചിത്രീകരിക്കുന്നു. ചില സിനിമകൾ സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ, മറ്റുചിലത് വിസ പോലെ കുടിയേറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്തു. കേരളത്തിൽ നിന്ന് അറേബ്യൻ ഗൾഫ് നാടുകളിലേക്കുള്ള നഴ്സുമാരുടെ കുടിയേറ്റവും മലയാള സിനിമകളിലെ പ്രതിപാദ്യവിഷയമായി മാറിയിരിക്കുന്നു. പ്രവാസി മലയാളിയുടെ ജീവിതം അവതരിപ്പിച്ചിരിക്കുന്നതിൽ എടുത്തു പറയേണ്ട ചിത്രങ്ങളാണ് 'വിൽക്കാനുണ്ട് സ്വപ്നങ്ങൾ ' (1978), ' വിസ ' (1983), ' കല്ലുകൊണ്ടൊരു പെണ്ണ് ' (1988), ' ഗർഷോം' (1999), ' അറബിക്കഥ '(2007),



ഗദ്ദാമ (2011), ഡയമണ്ട് നെക്ലേസ് (2012), കടൽ കടന്നൊരു മാത്തുക്കുട്ടി (2013), ' ഇംഗ്ലീഷ് ആൻ ഓട്ടം (autumn) ഇൻ ലണ്ടൻ (2013), പത്തേമാരി (2015), ' ലൈഫ് ഓഫ് ജോസൂട്ടി '(2015), ' ജേക്കബിന്റെ സ്വർഗരാജ്യം '(2016), ' ടേക്ക് ഓഫ് '(2017), സി യൂ സൂൺ (2020), ' ആടുജീവിതം' (2024) തുടങ്ങിയവ. അവയിൽ നാടുവിട്ട് തൊഴിൽതേടി വിദേശത്തെത്തി, കഷ്ടപ്പെട്ട് കുടുംബത്തിന്റെ ബാധ്യതകളും ആവശ്യങ്ങളും നിറവേറ്റുന്ന നിരവധി മലയാളികളുടെ യഥാർഥജീവിതമുണ്ട്.

ഓരോ സിനിമകൾക്കും പ്രേക്ഷകരോട് പറയാനുള്ളത് വ്യത്യസ്തമായ കഥകളായിരുന്നു. എങ്കിലും ഈ സിനിമകളെല്ലാം പ്രവാസിജീവിതത്തെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ സ്പർശിക്കുന്നവയാണ്.

വിവിധ പ്രവാസിപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഈ സിനിമകൾ കേരളീയ പ്രവാസികളെ സാമൂഹികമായി പുരോഗമനമുള്ളവരും സാംസ്കാരികമായി വൈവിധ്യമുള്ളവരും ആതിഥേയരാജ്യങ്ങളിൽ പൊരുത്തപ്പെടുന്നവരുമാണെന്ന് കാണിക്കുന്നു. ഈ സിനിമകൾ ലൈംഗികത, സമ്പത്ത്, ലിംഗഭേദം, മതം, പ്രാദേശിക രാഷ്ട്രീയം എന്നിവയെക്കുറിച്ചുള്ള പുരോഗമനപരമായ ചർച്ചകൾക്ക് തുടക്കമിടുകയും, കാഴ്ചക്കാരെ സ്വാധീനിക്കുകയും സാമൂഹിക മാറ്റത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്.■

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.06.2024**
KERMAL2014/58028 Price: **12.00**
Reg. No. KL/TV(N)/660/2022-2024



Printed and Published by T V Subhash IAS, Director, Information Public Relations Department on behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS